# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഒക്ടോബർ 20 | ദീപം 55 | നാളം 32 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


## ഇന്ത്യയെക്കാൾ വലുത് ഹിന്ദിയോ?




സെബി മാത്യു




പലവിധ അധിനിവേശങ്ങളാൽ പിടിമുറുക്കാനുള്ള ശ്രമങ്ങളുടെ ആസൂത്രിതഭാഗമെന്ന നിലയിൽ കേന്ദ്രസർക്കാരും ബിജെപിയും ഇപ്പോൾ ഹിന്ദിഭാഷയിൽ കടുംപിടിത്തവുമായി മുന്നോട്ടുവന്നിരിക്കുന്നു. തമിഴ്നാട് ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് ഹിന്ദി അടിച്ചേല്പിക്കാനുള്ള ശ്രമങ്ങൾക്കെതിരേ വ്യാപകപ്രതിഷേധം ഉയർന്നുകഴിഞ്ഞു. അതൊന്നുംതന്നെ കണക്കിലെടുക്കേണ്ടതില്ലെന്ന മട്ടിലാണ് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ അധ്യക്ഷനായ പാർലമെന്ററിസമിതി മുന്നോട്ടുനീങ്ങുന്നത്. വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെ, പ്രത്യേകിച്ച്, കേന്ദ്രസർവകലാശാലകളിലും കേന്ദ്രീയവിദ്യാലയങ്ങളിലും ഹിന്ദി നിർബന്ധിതഭാഷയാക്കി ഇംഗ്ലീഷിനെ പാടേ ഒഴിവാക്കാനാണു നീക്കം.

കേന്ദ്രീയവിദ്യാലയങ്ങൾ, കേന്ദ്രസർവകലാശാലകൾ, ഐഐടികൾ എന്നിവിടങ്ങളിൽ ഹിന്ദി നിർബന്ധഭാഷയാക്കണം. സർക്കാർജോലിക്കുള്ള പരീക്ഷകളിൽ ഇംഗ്ലീഷിനുപകരം ഹിന്ദി നിർബന്ധമാക്കണം. ഐക്യരാഷ്ട്രസഭയിൽ ഹിന്ദിയും ഔദ്യോഗികഭാഷയാക്കണം. ഹിന്ദിയിൽ പ്രാവീണ്യത്തോടെ ജോലിചെയ്യുന്ന കേന്ദ്രസർക്കാർ ജീവനക്കാരുടെ ഇൻസെന്റീവ് വർധിപ്പിക്കണം എന്നതുൾപ്പെടെയുള്ള നിർദേശങ്ങളടങ്ങിയ റിപ്പോർട്ടാണ് പാർലമെന്ററി സമിതി രാഷ്ട്രപതി ദ്രൗപതി മൂർമുവിനു കൈമാറിയത്.

ഐഐടികൾ, ഐഐഎമ്മുകൾ, എയിംസുകൾ കേന്ദ്രീയവിദ്യാലയം, നവോദയ, കേന്ദ്രസർവകലാശാലകൾ എന്നിവിടങ്ങളിൽ പാഠ്യഭാഷതന്നെ ഹിന്ദിയിലാക്കണം. ഈ സ്ഥാപനങ്ങളിൽ ഇംഗ്ലീഷ്ഭാഷ ഓപ്ഷണലാക്കുകയും വേണം. വളരെ അനിവാര്യമായ സ്ഥലങ്ങളിൽമാത്രം ഇംഗ്ലീഷ് തുടർന്നാൽ മതി. കാലക്രമേണ ആ സ്ഥാനത്തും ഹിന്ദിമാത്രമാക്കണമെന്നും റിപ്പോർട്ടിൽ നിർദേശിക്കുന്നു.

സർക്കാർ ഓഫീസുകളിൽ ഹിന്ദിയിൽ നടപടിക്രമങ്ങൾ നടത്താത്ത ഉദ്യോഗസ്ഥരിൽനിന്നു വിശദീകരണം തേടണം. മറുപടി തൃപ്തികരമല്ലെങ്കിൽ ഇക്കാര്യം അവരുടെ വാർഷികപ്രവർത്തനറിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും സമിതിയുടെ 11-ാമതു റിപ്പോർട്ടിൽ നിർദേശിക്കുന്നു. ഹിന്ദിഭാഷാവിദഗ്ധരുടെ തസ്തികകൾ ഏതെങ്കിലും സ്ഥാപനങ്ങളിൽ മൂന്നു വർഷത്തിലേറെയായി ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പുമേധാവിക്കായിരിക്കും അതിന്റെ ഉത്തരവാദിത്വം. അവരുടെ പ്രവർത്തനറിപ്പോർട്ടിൽ ഇക്കാര്യം കൂട്ടിച്ചേർക്കണമെന്നും നിർദേശിക്കുന്നു.

സർക്കാർ സർവീസിലേക്കുള്ള പരീക്ഷകൾക്കു ചോദ്യപ്പേപ്പർ ഹിന്ദിയിലാക്കണം. കേന്ദ്രസർക്കാർ ജീവനക്കാരെ തിരഞ്ഞെടുക്കുമ്പോൾ ഹിന്ദിയിലുള്ള പ്രാവീണ്യം നിർബന്ധമാക്കണം. ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളിലെ ഹൈക്കോടതി നടപടികൾ ഹിന്ദിയിലാക്കണമെന്നും റിപ്പോർട്ടിൽ നിർദേശിക്കുന്നു. ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളിലെ ഹൈക്കോടതികളിൽ നടപടിക്രമങ്ങളുടെ ഇംഗ്ലീഷ് പരിഭാഷ ഭരണഘടനാപരമായി ആവശ്യമായിവന്നാൽ മാത്രം നൽകിയാൽ മതിയെന്നും റിപ്പോർട്ടിൽ നിർദേശിക്കുന്നു.

സർക്കാർ പരസ്യങ്ങളുടെ 50 ശതമാനത്തിലധികവും ഹിന്ദിയിൽത്തന്നെ പ്രസിദ്ധീകരിക്കണം. പരസ്യങ്ങൾ ഹിന്ദിയിലും മറ്റു പ്രാദേശികഭാഷകളിലും മാത്രം പ്രസിദ്ധീകരിച്ചാൽ മതി. പത്രങ്ങളിൽ ഹിന്ദിപരസ്യങ്ങൾ വലുതായി ഒന്നാം പേജിലും ഇഗ്ലീഷ് പരസ്യങ്ങൾ ചെറുതായി അകത്തെ പേജുകളിലും നൽകിയാൽ മതിയെന്നും സമിതി നിർദേശിക്കുന്നു.


▶12


## പഠനയാത്രകൾ അതിർത്തിവിടുമ്പോൾ






രാജേഷ് കെ. പുതുമന


അതിർത്തി എന്ന പദം ഇവിടെ ഉപയോഗിച്ചിരിക്കുന്നത് അതിന്റെ സാങ്കേതികമായ അർത്ഥത്തിൽത്തന്നെയാണ്. പ്രൈമറിതലംമുതൽ ഹയർ സെക്കൻഡറിതലംവരെയുള്ള പഠനവിനോദയാത്രകൾ കേരളത്തിന്റെ അതിർത്തികൾക്കപ്പുറത്തേക്കാണല്ലോ പതിവായി നടന്നുവരുന്നത്. കേരളമെല്ലാം കണ്ടുകഴിഞ്ഞിട്ടാണോ ഈ പുറംയാത്രകൾ എന്നുചോദിച്ചാൽ ഉത്തരം അല്ലേയല്ല എന്നുതന്നെയാണ്. മുഴുവൻപോയിട്ട് അല്പംപോലും കണ്ടിട്ടില്ല എന്നതാണു പരമാർത്ഥം. ഊട്ടി, കൊടൈക്കനാൽ, ബംഗളൂരു, മൈസൂരു തുടങ്ങിയ അന്യസംസ്ഥാന സ്ഥലങ്ങളോടാണ് നമ്മുടെ വിദ്യാലയങ്ങളിലെ ടൂർ കൺവീനർമാർക്കു താത്പര്യം. കുട്ടികളുടെ ആവശ്യവും ഇതുതന്നെയാണ്. ചീറിപ്പായുന്ന ആഡംബരവാഹനത്തിൽ അമിതമായി പണവും നല്കി രാത്രിയാത്രചെയ്ത് മാതാപിതാക്കളുടെ കൈയും നോട്ടവും പെട്ടെന്ന് എത്താത്ത ദൂരസ്ഥലങ്ങളിലേക്കു പോയാലേ പഠനവിനോദയാത്രകൾ ഗംഭീരമാകുകയുള്ളൂ എന്നു നമ്മൾ ധരിച്ചുവശായിയിരിക്കുന്നു. കേരളത്തിനു പുറത്തേക്കുള്ള ഇത്തരം യാത്രകൾ വേണ്ടാത്തതാണെന്നു പറയുന്നില്ല. എന്നാൽ, ഇത്തരം യാത്രകൾ മാത്രമേ പഠനവിനോദയാത്രകളാകുകയുള്ളൂ എന്ന കാഴ്ചപ്പാട് തീർത്തും വിഡ്ഢിത്തമാണ്.

നാടുകളെ അറിയാനും ആ പ്രദേശങ്ങളിലെ വിസ്മയങ്ങളെയും ചരിത്രത്തിന്റെ അടയാളങ്ങളെയും അപൂർവങ്ങളായ വാസ്തവങ്ങളെയും നേരിട്ടു കണ്ടു മനസ്സിലാക്കാനും മനസ്സറിഞ്ഞ് ഉല്ലസിക്കാനുംവേണ്ടിയാണല്ലോ ഇത്തരം യാത്രകൾ നമ്മൾ ഒരുക്കുന്നത്. വിശാലമായ ലോകത്തെ വിവിധങ്ങളായ കാഴ്ചാനുഭവങ്ങൾ നേരിട്ടുള്ള അറിവായി ലഭിക്കുമ്പോൾ ഉണ്ടാകുന്ന നേട്ടവും വളരെ വലുതാണ്. ഇവിടെയാണ് നമ്മൾ ചില യാഥാർത്ഥ്യങ്ങൾ മറന്നുപോകുന്നത്. അന്യസംസ്ഥാനങ്ങളിലേക്കു പോയെങ്കിൽ മാത്രമേ കുട്ടികൾക്കു വല്ലതും കാണാനാവുകയുള്ളൂ എന്നു നമ്മൾ വിചാരിക്കും. എന്നാൽ, ഈ കൊച്ചുകേരളത്തിൽ പതിന്നാലു ജില്ലകളിലായി എന്തെല്ലാമാണ് നമ്മെ കാത്തിരിക്കുന്നത്. പക്ഷേ, അവയെയെല്ലാം പാടേ അവഗണിച്ചുകൊണ്ടാണ് ഈ പുറംയാത്രകൾ നമ്മൾ ചെയ്യുന്നത്. ആഴ്ചകളോളം സഞ്ചരിച്ചു കാണുന്നതിനുള്ള നിരവധിയായ അദ്ഭുതദൃശ്യങ്ങൾ കേരളത്തിലുണ്ട്. ഏറ്റവും കുറഞ്ഞ ചെലവിൽ വളരെ ഭംഗിയായി കുട്ടികളെ അതു കാണിക്കാമെന്നിരിക്കേ, കേരളത്തിൽ അത്തരത്തിൽ കാര്യമായ ശ്രമങ്ങളൊന്നും നടക്കുന്നില്ല എന്നതാണു ദുഃഖകരം.

നൈൽനദിയുടെ ദാനമാണ് ഈജിപ്ത് എന്നു പഠിക്കുകയും പമ്പയുടെ ദാനമാണ് കുട്ടനാട് എന്ന് അറിയാതിരിക്കുകയും ചെയ്യുന്ന അജ്ഞതയുടെ തുടർച്ചയാണ് ഇതും. ഇതു മാറേണ്ടതുണ്ട്. വിദ്യാലയത്തിൽനിന്നു കുട്ടികളെ നിരന്തരം ഇത്തരം യാത്രകൾക്കു കൊണ്ടുപോകുന്ന ഒരു അധ്യാപകനാണ് ഇതെഴുതുന്നത്.


▶6

# ബൈബിളിലെ ഈശോയും സിനിമയിലില്ലാത്ത ഈശോയും




നോട്ട് ഫ്രം ദ ബൈബിൾ. നാദിർഷാ - ജയസൂര്യ കൂട്ടുകെട്ടിൽ ഇറങ്ങിയ ഈശോസിനിമയുടെ ടാഗ് ലൈൻ അതായിരുന്നു. സിനിമ പുറത്തിറങ്ങുംമുമ്പുതന്നെ ചിത്രം വിവാദമായതും ഇതിന്റെ പേരിലായിരുന്നു. ഈശോ എന്ന ടൈറ്റിലിനെക്കാളും ടാഗ്‌ലൈനാണ് പ്രശ്നമായത്. ബൈബിൾ എന്നത് ക്രിസ്തുകേന്ദ്രീകൃതമായ കാര്യമാണെന്ന് അക്രൈസ്തവർക്കുപോലും അറിയാം, അതിന്റെ ആഴവും പരപ്പും മനസ്സിലായില്ലെങ്കിലും. അങ്ങനെയിരിക്കെ ബൈബിളിൽ ഇല്ലാത്ത ഏത് ഈശോയുടെ കഥയാണു സിനിമ പറയാൻ പോകുന്നതെന്നും സിനിമയ്ക്ക് അങ്ങനെയൊരു ടൈറ്റിൽ കൊടുത്തതിന്റെ സാംഗത്യം എന്താണെന്നുമാണ് ക്രൈസ്തവവിശ്വാസത്തിൽ മായം കലർത്താത്തവരെന്നഭിമാനിക്കുന്നവരും ക്രൈസ്തവവിശ്വാസത്തിന്റെ ഒറ്റയാൾപോരാളികളെന്ന് അവകാശപ്പെടുന്നവരുമായ ഒരു സംഘം ചർച്ച ചെയ്തത്. കാള പെറ്റുവെന്നു കേൾക്കുമ്പോഴേ കയറെടുക്കുന്നത് എന്തിനാണെന്നായിരുന്നു മിതവാദികളായ ക്രൈസ്തവരുടെ അന്നത്തെ പ്രതികരണവും.

ഇപ്പോഴിതാ ചർച്ചകൾക്കും വിവാദങ്ങൾക്കും കാരണമായ ഈശോ എന്ന സിനിമ ഒടിടിയിലൂടെ പുറത്തിറങ്ങിയിരിക്കുന്നു, സിനിമയെ എതിർത്തവർക്കും അനുകൂലിച്ചവർക്കും കൃത്യമായ മറുപടി നല്കാൻ കഴിയുന്ന വിധത്തിൽ. അതെന്തായാലും, ഒറ്റനോട്ടത്തിൽ നോക്കുമ്പോൾ ഈശോ ക്രൈസ്തവവിരുദ്ധമല്ല. എന്നാൽ, ആലോചിക്കുമ്പോൾ ഈശോ എന്ന പേരു നല്കിയതിൽ സദുദ്ദേശ്യമില്ലെന്നു മനസ്സിലാവുകയും ചെയ്യും. കാരണം, ഇതിവൃത്തവുമായി യോജിക്കുന്ന ഒരു ശീർഷകമല്ല സിനിമയ്ക്കുള്ളത്. അങ്ങനെവരുമ്പോൾ ഈശോയെന്ന പേരല്ല, ഈശോയെന്ന പേരിലൂടെ അവതരിപ്പിക്കപ്പെടുന്ന ആശയമാണ് ക്രൈസ്തവവിരുദ്ധവും അപലപനീയവുമെന്നു പറയേണ്ടതായിവരും.

തൊണ്ണൂറുകളിലെന്നോ ഇറങ്ങിയ ക്രൈംഫയൽ എന്ന സിനിമയിൽ പോലീസുദ്യോഗസ്ഥനായ സുരേഷ്ഗോപിയുടെ കഥാപാത്രത്തിന്റെ പേര് ഈശോ പണിക്കർ എന്നായിരുന്നു. എന്നാൽ, അന്ന് ആ പേര് ആരും വിമർശനവിധേയമാക്കിയില്ല, മറിച്ച്, കേരളസഭയിലുണ്ടായ പ്രമാദമായ ഒരു മരണത്തെ അവലംബമാക്കി നിർമിച്ച സിനിമയായതുകൊണ്ട് ആ സിനിമ, ആ മരണത്തെ ഏതു രീതിയിൽ കാണുകയും വിലയിരുത്തുകയും ചെയ്യുന്നു എന്ന പേരിലായിരുന്നു അന്ന് ക്രൈംഫയലിനെ ക്രൈസ്തവവിശ്വാസി നോക്കിക്കണ്ടിരുന്നത്. പേരല്ല, പേരു കൈകാര്യം ചെയ്യുന്ന വിഷയമാണു പ്രധാനം എന്നു ചുരുക്കം. ഈശോയെന്ന പേരിട്ട് ഈശോയ്ക്കടുത്ത വ്യക്തിത്വമുള്ള കഥാപാത്രമാണ് ചിത്രത്തിലുണ്ടായിരുന്നതെങ്കിൽ ചിത്രത്തിന്റെ ഗതിതന്നെ മറ്റൊന്നാവുമായിരുന്നു. പക്ഷേ, സംഭവിച്ചത് ഇതിനു വിരുദ്ധമാണ്.

സിനിമയുടെ പേരിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ വിശദീകരിക്കുംമുമ്പ് പ്രമേയപരമായി ഒന്നു സഞ്ചരിക്കേണ്ടത് അത്യാവശ്യമാണെന്നു തോന്നുന്നു. വർത്തമാനകാലത്തു പ്രസക്തമായ വിഷയമാണ് ഈശോ ചർച്ച ചെയ്യുന്നതെന്നു പറയാതിരിക്കാനാവില്ല. വാളയാർ പീഡനക്കേസിനെ ഓർമപ്പെടുത്തുന്ന വിധത്തിലുള്ള, സമാനമായ നിരവധി സംഭവങ്ങളെ ഓർമിപ്പിക്കുന്ന സിനിമയാണിത്.

ഇതെഴുതുന്നതിനും അച്ചടിച്ചു വായനക്കാരുടെ കൈകളിലെത്തുന്നതിനും ഇടയിൽപ്പോലും നമുക്കു ചുറ്റിനും എത്രയോ കുട്ടികൾ മുതിർന്നവരാൽ ആൺ പെൺവ്യത്യാസമില്ലാതെ ലൈംഗികമായി ദുരുപയോഗിക്കപ്പെടുന്നുണ്ടാവുമെന്ന അസ്വസ്ഥവും ഭീതിദവുമായ ചിന്തകൂടിയുണ്ട് പങ്കുവയ്ക്കേണ്ടതായിട്ട്. കുട്ടികൾ സ്വന്തം വീട്ടകങ്ങളിലോ അവർ കൂടുതൽ സമയം ചെലവഴിക്കുന്ന സ്കൂളിലോപോലും സുരക്ഷിതരല്ലെന്നതാണു യാഥാർത്ഥ്യം.

ഇത്തരമൊരു യാഥാർത്ഥ്യത്തെ ആശങ്കയുണർത്തുന്ന വിധത്തിൽ ചിത്രം അവതരിപ്പിക്കുന്നുണ്ട് എന്നതു ശ്രദ്ധേയമാണ്. അതുപോലെ സാക്ഷികളുടെ കൂറുമാറ്റങ്ങളും ഇന്ന് നടുക്കമില്ലാത്തതായി മാറുന്നുണ്ട്. നടി ആക്രമിക്കപ്പെട്ട കേസിലെ സാക്ഷികളുടെ കൂറുമാറ്റങ്ങൾമുതൽ അട്ടപ്പാടി മധുക്കേസിലെ കൂറുമാറ്റങ്ങൾവരെ ഉദാഹരണം.

ചിത്രത്തിലെ നായകനായ ശിവൻ ഇല്ലാതാക്കുന്നത് വേട്ടക്കാരെക്കാൾ കൂടുതൽ കൂറുമാറുന്ന സാക്ഷികളെയാണ്. കോടതികളിൽ പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്നതിനു കാരണം പലപ്പോഴും സാക്ഷികളുടെ കൂറുമാറ്റങ്ങളാണല്ലോ. ഇങ്ങനെ കൂറുമാറ്റം എന്ന വിഷയത്തെ സജീവമായ ശ്രദ്ധയിൽപ്പെടുത്താൻ ചിത്രത്തിനു കഴിയുന്നുണ്ട് എന്നതും ശ്രദ്ധേയമായിത്തോന്നി.

പക്ഷേ, നാദിർഷാ എന്ന സംവിധായകനോടു ചോദിക്കാനുള്ള ചോദ്യം മറ്റൊന്നാണ്: താങ്കളുടെ അമർ അക്ബർ അന്തോണി എന്ന ആദ്യചിത്രത്തിലും കൈകാര്യം ചെയ്തിരുന്നത് ബാലലൈംഗികപീഡനം തന്നെയായിരുന്നില്ലേ? പ്രസ്തുത ചിത്രത്തിലെ 'ഇന്ന് ഞാനെന്റെ മുറ്റത്തൊരു പുന്നാരിച്ചൊരു മുല്ല നട്ടു' എന്ന ഗാനത്തെയും ഈണത്തെയും കഥാപാത്രത്തെയും അനുസ്മരിപ്പിക്കുന്ന വിധത്തിലാണ് പുതിയ സിനിമയും ബാലതാരത്തെ അവതരിപ്പിച്ചിരിക്കുന്നത്. ഇതിനു മാറ്റം വരുത്താമായിരുന്നില്ലേ? വ്യത്യസ്തമായ പ്രമേയം അവതരിപ്പിക്കുന്നതിലൂടെയാണല്ലോ സംവിധായകൻ ശ്രദ്ധേയനാകുന്നത്. ആദ്യ രണ്ടു സിനിമകളിലും കണ്ട വിജയഘടകങ്ങൾ ഒന്നും നാദിർഷായുടെ മറ്റ് മൂന്നു സിനിമകളിൽ - മേരാ നാം ഷാജി, കേശു ഈ വീടിന്റെ നാഥൻ, ഈശോ - ആവർത്തിക്കുന്നില്ലെന്നും പറയേണ്ടിയിരിക്കുന്നു. സംവിധായകൻ എന്ന നിലയിലുള്ള ഗ്രാഫിനു കയറ്റമല്ല ഇറക്കമാണ് ഉണ്ടാകുന്നതെന്ന് അദ്ദേഹം മനസ്സിലാക്കിയാൽ നന്നായിരുന്നു.



മലയാളസിനിമ ഇതിനകം ആയിരംവട്ടം കണ്ട പ്രതികാരകഥതന്നെയാണ് ഈശോസിനിമയും പറയുന്നത്. ഒരൊറ്റരാത്രികൊണ്ടും ഒരൊറ്റ ലൊക്കേഷൻകൊണ്ടും പ്രധാനമായും രണ്ടു കഥാപാത്രങ്ങളിലൂടെയും കഥ പറഞ്ഞു എന്നതുമാത്രമാണ് ഈ ചിത്രത്തിന്റെ സവിശേഷത.

ഇനി എങ്ങനെയാണ് ഈശോസിനിമ ഈശോയെ അപമാനിക്കുന്ന വിധത്തിലാകുന്നത്? പിള്ളച്ചേട്ടൻ എന്ന കഥാപാത്രം ശിവൻ എന്ന കഥാപാത്രത്തോടു പേരു ചോദിക്കുന്ന രംഗമുണ്ട്. സ്വന്തം പേരായി ശിവൻ പറയുന്നത് ഈശോ എന്നാണ്. ചിത്രം അവസാനിക്കുമ്പോൾ ഇതിനെ സാധൂകരിച്ചുകൊണ്ട് പ്രത്യക്ഷപ്പെടുന്ന വരികൾ ഇങ്ങനെയാണ്:

നന്മയുള്ള മനസ്സുകൾക്കു കാവലായി എന്നും അവനുണ്ടാകും. രക്ഷകനായ ഈശോ.

പിള്ളേച്ചന് ശിവൻ എങ്ങനെയാണ് രക്ഷകനായി മാറുന്നത് എന്നതാണ് ചിത്രത്തിന്റെ കേന്ദ്രപ്രമേയം. വിവാദമായ ബാലലൈംഗികപീഡനക്കേസിലെ സാക്ഷിയാണ് എടിഎം സെക്യൂരിറ്റിക്കാരനായ പിള്ള. പ്രതിഭാഗത്തുനിന്നു സമ്മർദങ്ങളും പ്രലോഭനങ്ങളും ഏറെ ഉണ്ടാകുമ്പോഴും തന്റെ പെൺമക്കളെയോർത്ത് കൂറുമാറ്റത്തിനുള്ള സാധ്യതകളെ തള്ളിപ്പറഞ്ഞ് മജിസ്ട്രേറ്റിനുമുമ്പിൽ രഹസ്യമൊഴി നല്കാൻ തയ്യാറാകുന്ന ധാർമികബോധമുള്ള വ്യക്തിയാണ് അദ്ദേഹം. ഇയാളെ കൊലപ്പെടുത്താൻ പ്രതിഭാഗം തീരുമാനിക്കുമ്പോൾ അതിനായി നിശ്ചയിച്ച വ്യക്തിയെ കൊലപ്പെടുത്തി പിള്ളേച്ചനെ രക്ഷിക്കുകയാണ് ശിവൻ. (അതിന് അയാളെ പ്രേരിപ്പിക്കുന്നത് സ്വന്തം ജീവിതാനുഭവങ്ങൾ തന്നെയാണ്.)

ഈ ശിവൻ എങ്ങനെയാണ് ഈശോയായി മാറുന്നത് എന്ന് എത്രവട്ടം ആലോചിച്ചിട്ടും മനസ്സിലാകുന്നതേയില്ല, ആത്യന്തികമായി ശിവൻ ഒരു കൊലപാതകിതന്നെയാണ്. ആ കൊലപാതകത്തിനുപിന്നിൽ സിനിമക്കാരുടേതായ ന്യായീകരണങ്ങൾ ചാർത്തി അയാളെ നല്ലവനാക്കാമെങ്കിലും ഇങ്ങനെയുള്ള കൊലപാതകിക്കു തന്റെ കൃത്യങ്ങൾക്കു ന്യായീകരണമായും തന്റെ പ്രവൃത്തിയെ മഹത്ത്വീകരിച്ചുകൊണ്ടും ഈശോ എന്ന് പേരു നല്കിയതിലൂടെയാണ് ഈ സിനിമ ക്രൈസ്തവവിരുദ്ധവും ക്രൈസ്തവരുടെ മതവികാരത്തെ വ്രണപ്പെടുത്തുന്നതുമായി മാറുന്നത്. അമർ അക്ബർ അന്തോണി, കട്ടപ്പനയിലെ ഹൃത്വിക് റോഷൻ, മേരാ നാം ഷാജി, കേശു ഈ വീടിന്റെ നാഥൻ എന്നിങ്ങനെ സ്വന്തം സിനിമകൾക്ക് കേന്ദ്രകഥാപാത്രത്തിന്റെ പേരു നല്കുന്ന നാദിർഷായ്ക്ക് ആ വഴിയേ സഞ്ചരിച്ച് പ്രസ്തുത സിനിമയ്ക്ക് ശിവനെന്നോ ചാണ്ടിയെന്നോ അക്ബറെന്നോ പേരു നല്കാമായിരുന്നില്ലേ? പകരം ചിത്രത്തിലെ ഏതെങ്കിലും ഒരു കഥാപാത്രമോ കഥയോ ആയി യാതൊരുവിധ സാമ്യവുമില്ലാത്ത വിധത്തിൽ ഈശോ എന്നു പേരു നല്കിയത് എന്തുകൊണ്ട്?

ഒന്നുകിൽ ബോധപൂർവ്വമായ ശ്രമം. അല്ലെങ്കിൽ പബ്ലിസിറ്റിക്കുവേണ്ടിയുള്ള ശ്രമം. മൂന്നാമതൊരു സാധ്യത അറിവില്ലായ്മ. എന്നാൽ, മൂന്നാമതൊരു സാധ്യതയെ നിസ്സാരമായി തള്ളിക്കളയാവുന്നതേയുള്ളൂ. കാരണം, സിനിമപോലെയുള്ള ഒരു ബിസിനസിൽ പേരുമുതൽ സാങ്കേതികതവരെ എത്രയോ ചർച്ചകൾക്കു ശേഷമാണ് അന്തിമതീരുമാനത്തിലെത്തുന്നത്. അങ്ങനെയെങ്കിൽ യാതൊരു ചർച്ചകളെയും മുഖവിലയ്ക്കെടുക്കാതെ ഏകപക്ഷീയമായി ഇങ്ങനെയൊരു പേരു നല്കുമോ? ഒരിക്കലുമില്ല.

ചിത്രത്തിൽ മറ്റൊരു രീതിയിൽക്കൂടി ക്രൈസ്തവരെ അപമാനിക്കുന്നുണ്ട്. പിള്ളേച്ചനെ കൊല ചെയ്യാനുള്ള ക്വട്ടേഷൻ ഏറ്റെടുക്കുന്ന സംഘത്തിന്റെ മൊബൈലിലെ റിങ് ടോൺ വളരെ പോപ്പുലറായ ഒരു ക്രൈസ്തവ ഭക്തിഗാനമാണ്. ആളാവട്ടെ തൃശൂർ സ്ലാങ്ങിൽ സംസാരിക്കുന്ന അസൽ കത്തോലിക്കനും. അതായത് ഈശോ എന്നു സ്വയം വിശേഷിപ്പിക്കുന്ന കൊലപാതകിയായ ശിവനും ക്വട്ടേഷൻ ഏറ്റെടുക്കുന്ന ക്രൈസ്തവനും എന്നീ ദ്വന്ദ്വങ്ങളിലൂടെ ഒളിപ്പിച്ചുവച്ച ക്രൈസ്തവവിരുദ്ധത തന്നെയാണ് വെളിച്ചത്തുവരുന്നത്. ക്രൈസ്തവർ ഇങ്ങനെയൊക്കെയാണെന്ന മട്ടിൽ..

ക്രിസ്തുവിനെ ദൈവപുത്രനായോ രക്ഷകനായോ അവിടുത്തെ കുരിശുമരണത്തെ മാനവരക്ഷയ്ക്കായുള്ള ആത്മബലിയായോ കാണാത്ത, വിശ്വസിക്കാത്ത അനേകം അന്യമതവിശ്വാസികളുണ്ട്. അവർക്ക് ക്രിസ്തുവിന്റെ ക്രൂശുമരണം റോമാഭരണത്തിനെതിരേ വിപ്ലവം നടത്തിയതിന്റെ പേരിലുള്ള ശിക്ഷയായോ നല്ലവനായ ഒരുവന്റെ നീതിരഹിതമായിട്ടുള്ള മരണമായോ ഒക്കെയാണു കാണാൻ കഴിയുന്നത്. അത്തരമൊരു അബദ്ധവിലയിരുത്തൽകൂടിയാണ് നാദിർഷ തന്റെ പുതിയ സിനിമയ്ക്ക് ഈശോ എന്ന പേരു നല്കിയതിലൂടെ സംഭവിച്ചിരിക്കുന്നത്.

മാത്രവുമല്ല, ക്രൈസ്തവരുടെ ആത്മീയജീവിതത്തിന്റെ കേന്ദ്രഭാഗമായ ക്രിസ്തു ഒരിക്കലും പ്രതികാരദാഹിയല്ല, അവൻ സ്വയം രക്തം ചൊരിഞ്ഞതല്ലാതെ മറ്റാരുടെയും രക്തം ചൊരിഞ്ഞിട്ടില്ല. അവൻ സ്വന്തം ജീവൻ ഹോമിച്ചതല്ലാതെ മറ്റാരുടെയും ജീവൻ കവർന്നിട്ടില്ല. അങ്ങനെയുള്ള ഒരു വ്യക്തിയെയാണ് പ്രതികാരനിർവഹണത്തിലൂടെ നീതി നടപ്പിലാക്കുന്ന ഒരു കുറ്റവാളിയെന്ന മട്ടിൽ ഈശോ എന്ന പേരു നല്കി അപമാനിച്ചിരിക്കുന്നത്.

ധാർമികമായുംകൂടി ചിത്രം അപലപനീയയമാണ്. കാരണം തെറ്റുകൾക്കുള്ള, കുറ്റകൃത്യങ്ങൾക്കുള്ള ന്യായീകരണവും ഓശാനപാടലുംകൂടിയാണ് ഇത്തരം വിശേഷണങ്ങളിലൂടെ സംഭവിച്ചിരിക്കുന്നത്. പ്രത്യേകിച്ച്, വരുംതലമുറയ്ക്ക് തെറ്റായ ഒരു ധാർമികബോധം രൂപപ്പെടാനേ ഇതുപകരിക്കൂ.

കലാപരമായ കാര്യങ്ങൾക്കുവേണ്ടി മതവിശ്വാസത്തെ മുറിപ്പെടുത്താനോ മതബിംബങ്ങളെ തച്ചുടയ്ക്കാനോ കലാകാരന്മാർ ശ്രമിക്കരുത്. ഓരോരുത്തർക്കും അവനവരുടെ മതവും വിശ്വാസവും ദൈവവും പ്രധാനപ്പെട്ടതാണ്. അതിനെ ആദരിക്കുകയും അവയോട് ആദരപൂർവമായ അകലം പാലിച്ചുകൊണ്ട് സ്വന്തം മതവിശ്വാസത്തിന്റെ പ്രമാണങ്ങളനുസരിച്ചു ജീവിക്കുകയുമാണ് മാന്യതയുള്ള ഒരു മതവിശ്വാസി ചെയ്യേണ്ടത്.

■

# വിഴിഞ്ഞം പ്രശ്നത്തിൽ സമവായം അനിവാര്യം



തോമസ് കുഴിഞ്ഞാലിൽ



വിഴിഞ്ഞം തുറമുഖ നിർമാണത്തിനെതിരേ തീരദേശ ജനത തുടങ്ങിവച്ച ബഹുജനപ്രക്ഷോഭം ഒരു നിർണായക ഘട്ടത്തിലെത്തിയിരിക്കുന്നു.

തുറമുഖനിർമാണം നിറുത്തിവച്ച് സാമൂഹികാഘാതപഠനം നടത്തണമെന്നതുൾപ്പെടെയുള്ള നിരവധിയാവശ്യങ്ങൾ ഉന്നയിച്ച് ഓഗസ്റ്റ് 16 മുതൽ തിരുവനന്തപുരം ലത്തീൻ അതിരൂപത നേതൃത്വം നൽകുന്ന ഉപരോധസമരം രണ്ടു മാസത്തോടടുക്കുകയാണ്.

സമരം നീണ്ടുപോയാൽ തുറമുഖനിർമാണത്തിൽനിന്നു പിന്മാറേണ്ടിവരുമെന്ന സൂചന നൽകിയ വിഴിഞ്ഞം രാജ്യാന്തര സീ പോർട്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ കെ. ഗോപാലകൃഷ്ണൻ, തുറമുഖ വകുപ്പിനോട് 100 കോടി രൂപ നഷ്ടപരിഹാരമാവശ്യപ്പെട്ട് കത്തു നൽകിയതായും വാർത്തയുണ്ട്. സമരം ആരംഭിച്ചതു മുതൽ സെപ്റ്റംബർ 30 വരെ 79 കോടി രൂപ നഷ്ടമുണ്ടായെന്നും തൊഴിലാളികളുടെ ദൈനംദിനചെലവുകൾക്കായി 2 കോടി രൂപ വേണ്ടി വരുന്നുണ്ടെന്നും കമ്പനിവൃത്തങ്ങൾ സൂചിപ്പിച്ചു.

തിരുവനന്തപുരം ലത്തീൻ അതിരൂപത സമരരംഗത്തു വന്നതോടെയാണ് നിർമാണപ്രവർത്തനങ്ങൾ തടസ്സപ്പെട്ടതെന്നും അതിനാൽ കമ്പനിക്കുണ്ടായ നഷ്ടം അതിരൂപതയിൽനിന്ന് ഈടാക്കണമെന്നും കരാർ ഏറ്റെടുത്ത അദാനി ഗ്രൂപ്പ് സർക്കാരിനെ അറിയിച്ചുകഴിഞ്ഞു. രാഷ്ട്രീയപ്പാർട്ടികൾ ആഹ്വാനം ചെയ്യുന്ന ഹർത്താലുകളിൽ പൊതുമുതലിനുണ്ടാകുന്ന നഷ്ടം അതതുപാർട്ടികൾ നികത്തണമെന്ന കോടതിയുത്തരവുകൾ ഉദ്ധരിച്ചുകൊണ്ടാണ് നഷ്ടപരിഹാരമാവശ്യപ്പെട്ടിരിക്കുന്നത്.

വിഴിഞ്ഞം വിഷയത്തിൽ അടിയന്തരമായൊരു പരിഹാരം കണ്ടെത്താൻ സർക്കാരിനു കഴിഞ്ഞില്ലെങ്കിൽ അദാനി ഗ്രൂപ്പിനോ വിഴിഞ്ഞത്തെ തീരദേശജനതയ്ക്കോ മാത്രമല്ല, സംസ്ഥാനത്തിനാകെ തിരിച്ചടിയാകുമെന്നു വിലയിരുത്തപ്പെട്ടിട്ടുണ്ട്. സർക്കാരുമായുള്ള കരാർപ്രകാരം തുറമുഖ നിർമാണം മുമ്പോട്ടുകൊണ്ടുപോകേണ്ടതിനാൽ പോലീസ് സംരക്ഷണം ഉറപ്പാക്കണമെന്നും തുടർന്നുള്ള ഉത്തരവിൽ തുറമുഖകവാടത്തിൽ സ്ഥാപിച്ചിട്ടുള്ള സമരപ്പന്തലുകൾ പൊളിച്ചുനീക്കണമെന്നും ഹൈക്കോടതി നിർദേശിച്ചിരുന്നെങ്കിലും അതിരൂപതയിലെ 120 ഇടവകകളിൽനിന്നുമുള്ള വിശ്വാസികളുടെ സജീവപങ്കാളിത്തത്തിൽ സമരം മുമ്പോട്ടുപോകുന്നു.

വിഴിഞ്ഞത്ത് അന്താരാഷ്ട്ര നിലവാരമുള്ള ഒരു തുറമുഖം ഉണ്ടാകണമെന്ന് വിഭാവനം ചെയ്തത് കരുണാകരൻ മന്ത്രിസഭയിലെ തുറമുഖവകുപ്പുമന്ത്രിയായിരുന്ന എം.വി. രാഘവനാണ്. 1991 ലെ അദ്ദേഹത്തിന്റെ സ്വപ്നപദ്ധതി കരാറാകുന്നത് 24 വർഷങ്ങളുടെ കാത്തിരിപ്പിനുശേഷം 2015 ൽ മാത്രമാണ്. അദാനി ഗ്രൂപ്പ് ഓഫ് കമ്പനീസുമായി അക്കാലത്തെ ഉമ്മൻചാണ്ടി സർക്കാർ 7,525 കോടി രൂപയ്ക്കുള്ള കരാറിലാണ് ഏർപ്പെട്ടത്. സർക്കാരുകൾ മാറിവന്നുവെങ്കിലും കരാർപ്രകാരം നിർമാണത്തിനുള്ള സൗകര്യങ്ങൾ ഒരുക്കി നൽകേണ്ട ബാധ്യത സർക്കാരിന്റെ ചുമലിലായി.

നിർമാണോദ്ഘാടനാവസരത്തിൽ 1000 ദിവസങ്ങൾക്കുള്ളിൽ അഥവാ, 2018 സെപ്റ്റംബർ ഒന്നിനുമുമ്പ് തുറമുഖം പൂർണസജ്ജമാകുമെന്നും പിന്നീട്, 2020 ഒക്ടോബറിൽ കമ്മീഷനിങ് നടത്തുമെന്നും പ്രഖ്യാപനമുണ്ടായെങ്കിലും ഫലപ്രാപ്തിയിലെത്തിയില്ല. തുറമുഖത്തിനായി സ്ഥാപിക്കേണ്ട 3100 മീറ്റർ നീളത്തിലുള്ള പുലിമുട്ടുകളിൽ പകുതിയെണ്ണംപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് പുറത്തുവരുന്ന വാർത്തകളിൽനിന്നു വ്യക്തമാകുന്നത്. പുലിമുട്ടുകളുടെ നിർമാണം തുടങ്ങിയതുമുതൽ വിഴിഞ്ഞത്തിനു തെക്കോട്ടുള്ള തീരപ്രദേശം മുഴുവൻ കടലെടുത്തുപോയത് തദ്ദേശവാസികളുടെ ആശങ്ക ഇരട്ടിപ്പിച്ച സംഗതിയാണ്. തീരദേശത്തു മത്സ്യബന്ധനം അസാധ്യമായെന്നു മാത്രമല്ല, മത്സ്യസമ്പത്ത് ശോഷിക്കുകയും ചെയ്തു. വലിയതുറയിലെയും ശംഖുമുഖമുൾപ്പെടെയുള്ള തീരപ്രദേശങ്ങളിലെയും സ്ഥിതി വ്യത്യസ്തമല്ല. തീരശോഷണവും തുറമുഖനിർമാണവുമായി ബന്ധമില്ലെന്ന ന്യായവാദമാണ് തുറമുഖവകുപ്പിൽനിന്നുണ്ടായത്. എന്നാൽ, തീരദേശവാസികളുടെ നിരന്തരമായ പരാതികളെത്തുടർന്ന് തീരശോഷണത്തെക്കുറിച്ചു കൂടുതൽ പഠിച്ച് റിപ്പോർട്ടു തയ്യാറാക്കാൻ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് അസിസ്റ്റന്റ് ഡയറക്ടർ എം ഡി കുന്ദലെ അധ്യക്ഷനായി ഒരു വിദഗ്ധസമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുകയാണ്. തുറമുഖനിർമാണം തുടങ്ങിയശേഷമാണോ തീരശോഷണം നടന്നതെന്നു വിദഗ്ധസമിതി പരിശോധിക്കുകയും പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും ചെയ്യും.

പദ്ധതിനിർവഹണം നല്ല രീതിയിൽ മുമ്പോട്ടുപോകുന്നതിൽ സഹകരിക്കുമെന്നും എന്നാൽ തീരദേശജനതയുടെ ആശങ്കകൾ പരിഹരിക്കപ്പെടണമെന്നുമാണ് അതിരൂപതാനേതൃത്വം ആവശ്യപ്പെടുന്നത്. സമരസമിതിനേതാക്കളുടെ നിരന്തരമായ സമ്മർദത്തിനുവഴങ്ങി അദാനി ഗ്രൂപ്പുമായുള്ള ചർച്ചയ്ക്കു സർക്കാർ തീയതി നിശ്ചയിച്ചതാണ് ഏറ്റവുമൊടുവിലത്തെ സംഭവവികാസം. കരാറുകാരുമായി തുറമുഖവകുപ്പുമന്ത്രി അഹമ്മദ് ദേവർകോവിൽ ആദ്യമായി നടത്തുന്ന ചർച്ചകൾക്ക് താമസിയാതെ തുടക്കമാകും.

### ഗൗതം അദാനി, തുറമുഖശില്പി

ഒരു ശരാശരി തുറമുഖമായിരുന്ന ഗുജറാത്തിലെ മുദ്ര ഹാർബറിനെ രാജ്യത്തെ ഏറ്റവും വലിയ തുറമുഖമായി വികസിപ്പിച്ചെടുത്ത ഗൗതം ശാന്തിലാൽ അദാനിയുടെ വൈദഗ്ധ്യമാണ് വിഴിഞ്ഞത്തു പരീക്ഷിക്കപ്പെടുന്നത്. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമാണക്കരാർ ഏറ്റെടുത്ത അദാനി ഗ്രൂപ്പിന്റെ ചെയർമാൻ കൂടിയാണദ്ദേഹം. ലോകത്തെ ശതകോടീശ്വരൻമാരിൽ രണ്ടാം സ്ഥാനത്തേക്കുയർന്ന ഗൗതം അദാനിയുടെ വളർച്ചയിൽ അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും കഠിനാധ്വാനവുമുണ്ട്. ഇലക്ട്രിക് വാഹന നിർമാണക്കമ്പനിയായ 'ടെസ്ല'യുടെ ചെയർമാൻ എലോൺ മസ്കിന്റെ ആസ്തി 22,000 കോടി യു.എസ്.ഡോളറാണെങ്കിൽ അദാനിഗ്രൂപ്പിന്റെ ആകെ സമ്പത്ത് 13,220 കോടി ഡോളറാണ്. ആമസോൺ ടെക്നോളജിയുടെ ഉടമ ജെഫ് ബെസോസിനെയും പിന്തള്ളിയാണ് ഗൗതം അദാനിയുടെ മുന്നേറ്റമെന്ന് ഫോർബ്സ് മാസികയുടെ ഏറ്റവും പുതിയ പതിപ്പിൽ കുറിച്ചിട്ടുണ്ട്.

24-06-1962 ൽ അഹമ്മദ്ബാദിൽ ജനിച്ച ഗൗതം കോളജു പഠനം പാതിവഴിയിലുപേക്ഷിച്ച് പിതാവിന്റെ കച്ചവട സ്ഥാപനത്തിൽ പങ്കാളിയാവുകയായിരുന്നു. പിന്നീട്, പണമുണ്ടാക്കണമെന്ന ത്വരയിൽ മുംബൈയിലെത്തിയ ഗൗതം വജ്രവ്യാപാരത്തിലേർപ്പെട്ടു. ഏതാനും വർഷങ്ങൾക്കുശേഷം അഹമ്മദാബാദിൽ തിരിച്ചെത്തി സഹോദരന്റെ പ്ലാസ്റ്റിക് ഫാക്ടറിയിൽ സഹകാരിയായി. 1988 ൽ തന്റെ 26-ാം വയസ്സിൽ 'അദാനി എന്റർപ്രൈസസ്' എന്ന വ്യവസായസ്ഥാപനത്തിനു രൂപം നൽകിയ ഗൗതം, അക്കാലത്തെ ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന നരേന്ദ്ര മോദിയുമായി സൗഹൃദം സ്ഥാപിച്ചു. ഗൗതമിന്റെ പിൽക്കാലത്തെ ശരവേഗത്തിലുള്ള സാമ്പത്തിക ഉയർച്ചയ്ക്കു പിന്നിൽ മോദിയുടെ പിന്തുണയും ആശീർവാദവുമുണ്ടായിരുന്നു. മുദ്ര ഹാർബറിന്റെ നിർമാണച്ചുമതല അദാനിഗ്രൂപ്പ് ഏറ്റെടുക്കുന്നത് 1994 ലാണ്. 2007 മുതൽ ഓഹരിവിപണിയിൽ പണമെറിഞ്ഞും വൻസാമ്പത്തികനേട്ടം കൈവരിച്ചു. രാജ്യത്തിനകത്തും പുറത്തും സർക്കാർ ഏറ്റെടുത്തു നടത്തുന്ന വമ്പൻപദ്ധതികളെല്ലാം അദാനിഗ്രൂപ്പിനു ലഭിച്ചതിനുപിന്നിൽ ഗൗതം അദാനിയുടെ രാഷ്ട്രീയസ്വാധീനമുണ്ട്. "നന്മയിലൂന്നിയ വളർച്ച" എന്ന തത്വശാസ്ത്രമാണ് തന്റെ ലക്ഷ്യമെന്നദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ അന്താരാഷ്ട്രനിലവാരത്തിലേക്കുയർത്തി രാജ്യത്തിന്റെ വളർച്ച ത്വരിതഗതിയിലാക്കുന്നതിലാണ് താൻ ശ്രദ്ധകേന്ദ്രീകരിക്കുന്നതെന്നും ഗൗതം അദാനി പറയുന്നു.


വിഴിഞ്ഞം തുറമുഖത്തിന്റെ നിർമാണപ്രവർത്തനങ്ങൾ സമരംമൂലം തടസ്സപ്പെടാതിരുന്നെങ്കിൽ ആദ്യഘട്ടം 2023 സെപ്റ്റംബറിൽ കമ്മീഷൻ ചെയ്യാനാകുമായിരുന്നെന്ന് അദാനി ഗ്രൂപ്പിലെ ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു. അന്തർദേശീയ കപ്പൽമാർഗത്തിന്റെ സാമീപ്യം വിഴിഞ്ഞത്തിന്റെ അനന്തസാധ്യതകൾ വർദ്ധിപ്പിക്കുമായിരുന്നുവെന്ന കണക്കുകൂട്ടലാണ് താളം തെറ്റിയത്. പതിറ്റാണ്ടുകളുടെ കാത്തിരിപ്പാണ് ഫലപ്രാപ്തിയിലെത്താതെ പാതിവഴിയിൽ നിലച്ചത്. തുറമുഖവകുപ്പുമന്ത്രിയുമായി അദാനി ഗ്രൂപ്പു നടത്തുന്ന ചർച്ചകൾ തീരദേശജനതയുടെ ആശങ്കകൾ പരിഹരിക്കുംവിധമാകട്ടെയെന്നു പ്രത്യാശിക്കാം. സംസ്ഥാനവികസനത്തിൽ വിഴിഞ്ഞംതുറമുഖത്തിനുള്ള പ്രാധാന്യം ഉയർത്തിക്കാട്ടി പ്രസ്താവനകൾ ഇറക്കുന്നതിനുപകരം ജനങ്ങളുടെ ആശങ്കയകറ്റാനുള്ള പരിഹാരമാണ് സർക്കാരിൽനിന്നു പ്രതീക്ഷിക്കുന്നത്.

■

# പൂർത്തിയാകാത്ത ചിത്രങ്ങൾ



ഫാ. ജോസഫ് നെച്ചിക്കാട്ട്



സുപ്രസിദ്ധ ചിത്രകാരനായ മെൻഡൽസോൺ (Eric Mendelsohn) ജർമനിയിലെ അല്ലൻസ്റ്റയിൻ എന്ന സ്ഥലത്താണു ജനിക്കുന്നത്, 1887ൽ. വിഖ്യാതങ്ങളായ ഒട്ടേറെ കലാസൃഷ്ടികൾ അദ്ദേഹത്തിന്റെ വകയായുണ്ട്. അതിൽ ഏതുകൊണ്ടും പ്രസിദ്ധമായൊരു ചിത്രമാണ് 'ഫ്രഡറിക്ക് ചക്രവർത്തിയും സൈന്യാധിപന്മാരും.' ചക്രവർത്തി വകുപ്പുദ്യോഗസ്ഥന്മാരും ഉന്നതന്മാരുമായി തിരക്കിട്ട ചർച്ചയിൽ മുഴുകിയിരിക്കുന്നതാണ് ചിത്രകാരന്റെ ഭാവനയിൽ. ചിത്രം ബർലിൻ ആർട്ടുഗാലറിയിൽ പ്രത്യേകം സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

സൈന്യാധിപന്മാരെയും ഉന്നതരെയും ഒക്കെ വളരെ തന്മയത്വത്തോടെ അതിൽ വരച്ചുചേർത്തിരിക്കുന്നതു കാണാം. എങ്കിലും, ചിത്രത്തിനു പ്രസക്തമായ ഒരു കുറവുണ്ട്. ചക്രവർത്തിമാത്രം ചിത്രത്തിലില്ല! എല്ലാം പൂർത്തിയാക്കിയശേഷം അവസാനം വരയ്ക്കാൻവേണ്ടി ചക്രവർത്തിയുടെ സ്ഥലം ഒഴിവാക്കി വയ്ക്കുകയായിരുന്നു. അപ്പോഴാണ് അഡോൾഫ് ഹിറ്റ്ലർ അധികാരത്തിൽ വരുന്നതും നാസികളുടെ അഴിഞ്ഞാട്ടം ആരംഭിക്കുന്നതും. എല്ലാം വിട്ടെറിഞ്ഞ് പ്രാണരക്ഷാർത്ഥം 1933 ൽ അദ്ദേഹത്തിന് അമേരിക്കയിലേക്കു പലായനം ചെയ്യേണ്ടിവന്നു.

മെൻഡൽസോണിന്റെ വലിയൊരു സ്വപ്നമായിരുന്നു ആ ചിത്രം. അതിന്റെ ഓരോ വിശദാംശവും അദ്ദേഹത്തിന്റെ ഭാവനയിൽ ഉണ്ടായിരുന്നുതാനും - എന്നിട്ടാണു വരതുടങ്ങിയത്. ചിത്രത്തിന്റെ മർമം നടുക്കിരിക്കുന്ന ചക്രവർത്തിയാണ് - ഏറ്റവും ആകർഷണീയമാകേണ്ട ഭാഗം. അതുകൊണ്ട്, എല്ലാംകഴിഞ്ഞ് അവസാനം അതു വരച്ചുതുടങ്ങാമെന്നദ്ദേഹം കരുതി...

പൂർത്തിയാകാത്ത ചിത്രങ്ങളുടെ - സ്വപ്നങ്ങളുടെ ഉടമകളല്ലേ നാമൊക്കെ? 'നാളെ, നാളെ' എന്നു നീട്ടിവയ്ക്കുന്നതുകൊണ്ട് നിത്യമായ പലതിനും നമുക്കു സമയം കിട്ടാറില്ല. അപ്രധാനങ്ങളായ പലതും പൂർത്തിയാക്കിയിട്ടു പ്രധാനപ്പെട്ടതു തുടങ്ങാമെന്നു കരുതുന്നതാണു കാരണം.

ചിലപ്പോൾ പുറപ്പെടേണ്ടിവരുക പ്രതീക്ഷിക്കുന്നതിലും നേരത്തേയായിരിക്കും. ചക്രവർത്തിയുടെ ചിത്രം കൂടി പൂർത്തിയാക്കാമെന്നു കരുതിയിരുന്ന മെൻഡൽസോണിനാണു പൊടുന്നനവേ യാത്രയാകേണ്ടിവന്നത് ഒളിച്ചോടേണ്ടിവന്നത്.

ഏതാണ്ട് ഇതുപോലൊരു കഥ യേശു അവതരിപ്പിക്കുന്നില്ലേ? 'ഇഷ്ടംപോലെ സമയമുണ്ടല്ലോ ഒന്നു തിന്നുകുടിച്ചുകളയാമെന്ന്' ഒരുവൻ കരുതി. അങ്ങനെ രസം മുറുകി നിന്നപ്പോൾ ദാസന്മാരെയും ദാസികളെയും ഒന്ന് അടിക്കുകകൂടി ചെയ്തു. നന്നാകാനും യജമാനന്റെ മുമ്പിൽ നല്ലപിള്ള ചമയാനും ഇനിയും അവസരമുണ്ടെന്നു ചിന്തിച്ചിരുന്നവനു തെറ്റുപറ്റി (ലൂക്കാ. 12-46). തികച്ചും അപ്രതീക്ഷിതമായി അതു സംഭവിച്ചു. നിനച്ചിരിയാത്ത നേരത്ത് യജമാനൻ കയറിവന്നു - ശിക്ഷ ഏറ്റുവാങ്ങേണ്ടതായുംവന്നു.

ഇവിടെയാണ് സർ റാലൈ വാൾട്ടർ ശ്രദ്ധേയനാകുന്നത്. എലിസബത്തുരാജ്ഞിയുടെ ഉത്തമസുഹൃത്തായിരുന്നു അദ്ദേഹം. തന്റെ ജോലികൾ മനഃസാക്ഷിയനുസരിച്ചു കൃത്യനിഷ്ഠയോടെ പൂർത്തിയാക്കിയ വിശ്വസ്തൻ. അങ്ങനെയൊക്കെയാണെങ്കിലും കാലങ്ങൾ കഴിഞ്ഞപ്പോൾ രാജ്ഞിയുടെ മരണശേഷം അദ്ദേഹം അകാരണമായി പിടിക്കപ്പെടുകയും ലണ്ടൻ ടവറിൽ തടവിലാക്കപ്പെടുകയും ചെയ്തു - തികച്ചും അപ്രതീക്ഷിതമായി. 1618 ൽ അദ്ദേഹം ഗളച്ഛേദം ചെയ്യപ്പെടുകയായിരുന്നു. ജയിംസ് ഒന്നാമൻ രാജാവിനെതിരായി ഗൂഢാലോചന നടത്തിയെന്നായിരുന്നു അദ്ദേഹത്തിന്റെമേൽ ആരോപിക്കപ്പെട്ട കുറ്റം.

കൈകാലുകൾ ബന്ധിച്ച് വാൾട്ടറെ മലർത്തിക്കിടത്തിയശേഷം ആരാച്ചാർ അഭ്യർത്ഥിച്ചു: "സാർ, ശിരസ്സു ശരിക്കാണോ എന്ന് ഒന്നു ശ്രദ്ധിക്കണേ." അതിന് ഉടനടി വാൾട്ടർ മറുപടി കൊടുത്തു: "തല എങ്ങനെയുമിരിക്കട്ടെ; എന്റെ ഹൃദയം നേരേയാണിരിക്കുന്നത്. അതുമതി."

താൻ ചെയ്യേണ്ടതേ ഇതുവരെ ചെയ്തിട്ടുള്ളുവെന്നും അതു പരിപൂർണമാണെന്നും അദ്ദേഹത്തിനു നല്ല നിശ്ചയമുണ്ടായിരുന്നു. ഇനിയും പൂർത്തിയാക്കാനൊന്നുമില്ലെന്ന ഉറപ്പാണ് 'ഹൃദയം നേരേയാണിരിക്കുന്നത്, വെട്ടിക്കൊള്ളുക' എന്ന് ആരാച്ചാരോടു സധീരം പറയുവാൻ കാരണം.

ഇതാ, മഹത്തായ മറ്റൊരു മാതൃകകൂടി. ആൽഫ്രഡ് ടെന്നിസന്റേതാണത് (1800-1892). വിക്ടോറിയൻ കാലഘട്ടത്തിൽ ഇംഗ്ലണ്ടു കണ്ടിട്ടുള്ളതിലേക്കും വലിയ കവിയാണദ്ദേഹം. കാലികപ്രശ്നങ്ങളും പ്രതിസന്ധികളുമായിരുന്നു അദ്ദേഹത്തിന്റെ പ്രതിപാദ്യവിഷയം. ഏതാണ്ട് കൃതാർത്ഥതയോടെയാണദ്ദേഹം മരണമടയുന്നതും. കവിയല്ലേ അപൂർണമായ വല്ല കലാരൂപങ്ങളും അവശേഷിച്ചിട്ടുണ്ടോ എന്നറിയാനുള്ള ആകാംക്ഷയോടെ ഒരാൾ അദ്ദേഹത്തോടു ചോദിച്ചു: "ടെന്നിസൺ, പൂർത്തീകരിക്കപ്പെടാത്ത വല്ലതും ഇനിയുമുണ്ടോ?" അതിനു ടെന്നിസൺ കൊടുത്ത മറുപടി എന്താണെന്നോ? "ഇനി ഒന്നു മാത്രമേ ബാക്കിയുള്ളൂ - A new vision of God."

സ്വർഗത്തെപ്പറ്റിയും ദൈവത്തെപ്പറ്റിയും ഒത്തിരിയൊത്തിരി എഴുതിയ ടെന്നിസൺ അവസാനനാളുകളിൽ സാക്ഷാത്കരിക്കപ്പെടാൻ ആ ഒരേയൊരു സ്വപ്നമേ അവശേഷിച്ചിട്ടുള്ളൂ. അതിൽത്താഴെ മറ്റൊന്നും അദ്ദേഹത്തിൽ ബാക്കിയില്ല.

ജീവിതത്തിന്റെ ഏതു ഘട്ടത്തിലും പ്രത്യേകിച്ചു സായംകാലത്തു നമുക്കൊക്കെ ഉണ്ടാവേണ്ട ഉത്തമബോധ്യമാവണം അത് - സർ റാലൈ വാൾട്ടർക്കും ആൽഫ്രഡ് ടെന്നിസണും ഉണ്ടായിരുന്ന ഉറപ്പ്. ആ ഉറപ്പോടെ വേണം അവരെപ്പോലെ നാമും എപ്പോഴും നീങ്ങുവാൻ. 'ഒരു കാര്യം മാത്രമേ ആവശ്യമുള്ളൂ' എന്നു മർത്തായോടു കർത്താവു പറയുന്നില്ലേ? (ലൂക്കാ. 10-42). പൂർത്തിയാക്കപ്പെട്ട സ്വപ്നങ്ങളോടെ - തികഞ്ഞ കൃതാർത്ഥതയോടെ യാത്രയാവുന്ന ഒരു വ്യക്തിയെ ബൈബിളിലും നാം കണ്ടുമുട്ടുന്നുണ്ട് - വി. പൗലോസാണത് (2 തിമോ. 4-7).

ജീവിതകാലം മുഴുവൻ ഏറിക്ക് മെൻഡൽസോണിൽ ബാക്കിനിന്ന ദുഃഖമായിരുന്നു, പൂർത്തിയാക്കാൻ കഴിയാതെ പോയ ആ ചിത്രം. ഇനിയൊരിക്കലും തിരിച്ചുവന്ന് അതു വരച്ചുതീർക്കാനാവില്ലല്ലോ എന്ന വ്യഥ അവസാനനാളുകളിലും അദ്ദേഹത്തെ അലട്ടിനിന്നു.

നമുക്കും അതുപോലെ സംഭവിക്കാൻ പാടില്ല. മർമപ്രധാനങ്ങളായ കാര്യങ്ങൾ മറ്റൊരു ദിവസത്തേക്ക് ഒരിക്കലും മാറ്റിവയ്ക്കരുത്. അതു കഴിഞ്ഞിട്ടുമാത്രം ഇതൊക്കെ എന്നു ചിന്തിക്കുന്നവർക്കേ 'പ്രധാനപ്പെട്ടതൊന്നും ബാക്കി വച്ചിട്ടില്ല' എന്ന ചാരിതാർത്ഥ്യത്തോടെ വിട പറയാനാവൂ.

■



ടി.പി. ശാസ്തമംഗലം




# ഏറ്റവും വലിയ ദൗർഭാഗ്യം!

പരിചിതമായ ഏതാനും പദങ്ങൾ. അവ സ്ഥാനത്തുമസ്ഥാനത്തും എടുത്തു നിരത്തുക. ഗാനരചന എന്ന ധർമാനുഷ്ഠാനത്തെ ഇത്തരത്തിൽ തരംതാഴ്ത്തുന്നവരാണ് ഇന്ന് അധികംപേരും. അക്കൂട്ടരുടെ തലതൊട്ടപ്പനാകാൻ 'യോഗ്യത'യുണ്ട് ഗാനരചയിതാവായ അനൂപ് മേനോന്. ഏറ്റവുമൊടുവിൽ പുറത്തുവന്ന 'കിങ് ഫിഷ്' എന്ന ചിത്രത്തിനുവേണ്ടി അദ്ദേഹമെഴുതിയ ഗാനത്തിന്റെ തുടക്കം ഇങ്ങനെ:

"എൻ രാമഴയിൽ ഇതൾ നനയും പനിമലരേ
നിൻ ഓർമകളാൽ മയ്യെഴുതും നഗരമിതിൽ
കാണാമറയത്തുനിന്നും ഏതോ മയൂരങ്ങളാടി
ആരോരുമറിയാതെ നിൻ പൊൻപിറാവുകൾ
ഇളവെയിലായ് ഇണ തിരിയുകയോ?" (സംഗീതം - രതീഷ് വേഗ; ആലാപനം-വിജയ് യേശുദാസ്)

മഴ അതിന്റെ പല ഭാവങ്ങളിൽ ഈ രചയിതാവിന്റെ ഗാനങ്ങളെ നനയ്ക്കാറുണ്ട്. ചില ഉദാഹരണങ്ങൾ നോക്കുക.

1. "മഴനീർത്തുള്ളികൾ നിൻ തനുനീർമുത്തുകൾ
   തണുവായ് പെയ്തിടും കനവായ് തോർന്നിടും" (ചിത്രം - ബ്യൂട്ടിഫുൾ)
2. "കാണാതെ കണ്ണിനുള്ളിൽ തോരാതെ പെയ്യുമ്പോലെ
   ഉള്ളാകെ കുളിരുന്ന മാരി നീ" (ചിത്രം - പദ്മ)
3. "കനൽക്കാറ്റിലെങ്ങോ മറഞ്ഞൊരു മൈനേ
   മഴക്കാലമായി പറന്നിങ്ങുവാ നീ" (ചിത്രം - പദ്മ)
4. "കൺമണീ നിന്നെ ഞാൻ ചേർത്തണയ്ക്കുമ്പോൾ
   വിണ്ണിലെ താരകം കണ്ണുചിമ്മുന്നു
   ഒരു വേനൽമഴയായ് നീ
   മുകിൽ താഴും കൂടൊന്നിൽ" (ചിത്രം - നമുക്കു പാർക്കാൻ)

ആരും തെറ്റിദ്ധരിക്കരുത്, അദ്ദേഹം എണ്ണമറ്റ പാട്ടുകളൊന്നും എഴുതിയിട്ടില്ല. ആകെ എഴുതിയത് പത്തിരുപതു ഗാനങ്ങൾ മാത്രം. അവ അപഗ്രഥിച്ചാൽ നാം നിശ്ചയമായും മഴ നനഞ്ഞതുപോലെ തന്നെ. പോരെങ്കിൽ പകൽ, സന്ധ്യ, രാത്രി, വെയിൽ, നിലാവ്, മഞ്ഞ് തുടങ്ങിയ പ്രകൃതിയുടെ പ്രതിഭാസങ്ങളെ നിരന്തരം കൂട്ടുപിടിച്ചിട്ടുണ്ടെന്നും കാണാം. ഇത്തരം വാക്കുകൾകൊണ്ടു വാർത്തെടുത്താലേ ഗാനമാകൂ എന്നോ മറ്റോ അദ്ദേഹം ധരിച്ചുവച്ചിരിക്കുന്നു. കഷ്ടം!

'കിംഗ്ഫിഷി'ലെ ഗാനം ശ്രദ്ധിക്കൂ. രാമഴയെ അദ്ദേഹം മറ്റാർക്കും വിട്ടുകൊടുക്കാതെ സ്വന്തമാക്കിയിരിക്കുന്നു എന്നു കാണാം. അതുകൊണ്ടാണല്ലോ 'എൻ' എന്ന വിശേഷണം അദ്ദേഹം ബോധപൂർവം ഗാനത്തിൽ ചേർത്തത്. എന്തായാലും ഒരദ്ഭുതം നടക്കുന്നതെന്തെന്നാൽ, രാമഴയിൽ പനിമലരിന്റെ ഇതളേ നനയുന്നുള്ളൂ. അതിന്റെ ബാക്കിഭാഗങ്ങളെല്ലാം 'വാട്ടർപ്രൂഫ്' ആക്കിയിരിക്കുന്നു പാട്ടെഴുത്തുകാരൻ. ഈ പനിമലരിന്റെ ഓർമകളാൽ മയ്യെഴുതുന്നത് (മയ്യ് = മഷി) നഗരത്തിലാണ് എന്ന വിചിത്രമായ ഭാവനയും ഗാനത്തിൽ കേൾക്കാം. ഏതോ മയൂരങ്ങൾ കാണാമറയത്തു നിന്നാടി. (കാണാമറയത്താണെങ്കിൽ അവ ആടിയത് ഗാനരചയിതാവ് എങ്ങനെ കണ്ടു എന്ന ചോദ്യം അവശേഷിക്കുന്നു.) പനിമലരിന്റെ സ്വന്തമെന്നു പറയാവുന്ന പൊൻപിറാവുകളും ആരോരുമറിയാതെ ഇളവെയിലായി ഇണയെ തിരഞ്ഞത്രേ. വാലും തുമ്പുമില്ലാതെ പടച്ചുവിടുന്ന ഇത്തരം വരികളെ ഗാനമെന്നു വിളിക്കാൻ നാം നിർബദ്ധരാവുന്നു. എന്തൊരു ഗതികേട്!

"വേനൽമഴക്കൂടിനാഴങ്ങളിൽ വിരിയും കിനാപ്പക്ഷി മൂളുന്നുവോ
അനുരാഗിയാമെന്റെ ഉള്ളിൽ ഈറൻമുടിച്ചാർത്തുലഞ്ഞു
ഋതുരേഖപോലെ അറിയാതെയിന്നും
കവിളിണയിൽ ഒരു തണുവായ് വാ."

പല്ലവിയിൽ രാമഴയായിരുന്നുവെങ്കിൽ ഈ അനുപല്ലവിയിൽ വേനൽമഴയാണുള്ളത്. ആരും ഒന്നും അറിയരുത്, കാണരുത് എന്ന നിർബന്ധമുണ്ട് ഈ പാട്ടെഴുത്തുകാരന്. മയൂരങ്ങൾ കാണാമറയത്തുനിന്നാടി, പൊൻപിറാവുകൾ ആരോരുമറിയാതെ ഇളവെയിലായ് ഇണയെ തിരഞ്ഞു, ഇപ്പോൾ ഇതാ അറിയാതെ ഇന്നും കവിളണയിൽ ഒരു തണുവായ് വരാൻ നിർദേശിക്കുന്നു. തണു എന്ന വാക്ക് ധാതുവായി വരുമ്പോൾ ചൂടുനശിക്കുക; ചൂടാറുക എന്നൊക്കെ അർത്ഥം. അതേസമയം അതു വിശേഷണമാകുമ്പോൾ തണുപ്പുള്ള എന്നർത്ഥം വരും. ഉദാ: തണുവെള്ളം. ഇവിടെ 'തണുവായ് വാ' എന്നെഴുതിയതു പോരാതെ ഒരു എന്ന അനൗചിത്യപരമായ വിശേഷണംകൂടി കെട്ടിവച്ചിരിക്കുന്നു. തണു എന്ന വാക്കിനോട് ഈ രചയിതാവിനു പണ്ടേ പ്രതിപത്തിയുണ്ടെന്നു തെളിയിക്കുന്നതാണല്ലോ 'ബ്യൂട്ടിഫുൾ' എന്ന ചിത്രത്തിലെ ഗാനം.

'കിംഗ്ഫിഷി'ലെ ഗാനത്തിന് ഒരു ചരണം കൂടിയുണ്ട്. അതിലുമുണ്ട് മഴ. അകമഴയാണെന്ന വ്യത്യാസമേയുള്ളൂ. ഇത്രയൊക്കെ മഴ പെയ്യിച്ചിട്ടും ആസ്വാദകരുടെ മനം കുളിർപ്പിക്കാൻ ഈ പാട്ടെഴുത്തുകാരനു കഴിയുന്നില്ല. അതാണ് ഏറ്റവും വലിയ ദൗർഭാഗ്യം!

■

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ




തിന്മയിൽനിന്ന് അകന്നു നന്മ ചെയ്യുക, എന്നാൽ നിനക്കു സ്ഥിരപ്രതിഷ്ഠ ലഭിക്കും.

സങ്കീർത്തനങ്ങൾ 37:27

**എഡിറ്റോറിയൽ**

## സൈക്കോ ക്രിമിനലുകൾ കേരളത്തിൽ പെരുകുന്നുവോ?

**പ**ത്തനംതിട്ടയിലെ ഇലന്തൂരിലരങ്ങേറിയ അതിക്രൂരമായ നരബലി കേരളമനഃസാക്ഷിയെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. ലോകമാനസികാരോഗ്യദിനാചരണപ്പിറ്റേന്ന് സൈക്കോ ക്രിമിനലുകളുടെ പൈശാചികത്തേർവാഴ്ച ദൈവത്തിന്റെ സ്വന്തം നാട്ടിൽ ചുടുചോര വീഴ്ത്തിയെന്ന വാർത്ത കേൾക്കേണ്ടിവന്നത് അത്യന്തം നിർഭാഗ്യകരം! നവോത്ഥാനകേരളത്തിലെ സാംസ്കാരികാഭിവൃദ്ധിക്കും യുക്തിബോധത്തിനുമേറ്റ കനത്ത തിരിച്ചടിയായി ഈ സംഭവം അടയാളപ്പെടുത്തേണ്ടിവരും. പരിഷ്കൃതസമൂഹമെന്നു മേനിനടിക്കുന്ന സാക്ഷരകേരളത്തിൽ അതിപ്രാകൃതത്വവും അരങ്ങുവാഴുന്നുണ്ടെന്ന പച്ചപ്പരമാർത്ഥത്തിനുമുമ്പിൽ പ്രബുദ്ധകേരളം ലജ്ജിച്ചു തലതാഴ്ത്തുക തന്നെ വേണം!

സാമ്പത്തികാഭിവൃദ്ധിക്കുവേണ്ടിയാണ് ഇലന്തൂരിൽ മൂന്നു നരാധമർ ചേർന്ന് ലോട്ടറി കച്ചവടക്കാരായ രണ്ടു സ്ത്രീകളെ നിഷ്ഠുരമായി കൊന്നത്. വിവരിക്കാൻ കൊള്ളാത്തത്ര അറപ്പും വെറുപ്പുമുളവാക്കുന്ന നരബലിയുടെ നാൾവഴികൾ ഇവിടെ കുറിക്കുന്നില്ല. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കേരളത്തിന്റെ സാംസ്കാരികഭൂമികയിൽനിന്നു കുടിയിറങ്ങിയിട്ടില്ല എന്നതിന്റെ അവസാന ഉദാഹരണമാണ് ഇലന്തൂർ സംഭവം.

അന്ധവിശ്വാസത്തിന്റെ പേരിലും മറവിലും മനുഷ്യത്വത്തെ കശാപ്പുചെയ്ത കൊടിയ കൃത്യങ്ങൾ രാജ്യത്ത് പല സംസ്ഥാനങ്ങളിലും സമീപകാലത്ത് അരങ്ങേറുകയുണ്ടായി. പെൺകുട്ടികളുടെ കരൾ ഭക്ഷിച്ചാൽ കുട്ടികളുണ്ടാകുമെന്ന അന്ധവിശ്വാസത്തിൽ ഏഴുവയസ്സുകാരിയെ രണ്ടുവർഷം മുമ്പു കൊന്നുതള്ളിയത് ഉത്തർപ്രദേശിലാണ്. വേഗം ഐശ്വര്യവും സാമ്പത്തികാഭിവൃദ്ധിയുമുണ്ടാകാൻവേണ്ടി മന്ത്രവാദിനിയുടെ നിർദേശപ്രകാരം 14 വയസ്സുള്ള മകളെ പിതാവ് കഴുത്തുഞെരിച്ചുകൊന്നത് തമിഴ്നാട്ടിൽ രണ്ടുവർഷംമുമ്പാണ്. കർണാടകയിൽ ജ്യോതിഷിയുടെ നിർദേശപ്രകാരം ഏഴു ദിവസം പ്രായമുള്ള പെൺകുഞ്ഞിനെ മുത്തശ്ശി ശ്വാസംമുട്ടിച്ചുകൊലപ്പെടുത്തിയത് 2019 ൽ.

അന്ധവിശ്വാസവും അനാചാരങ്ങളും കൊടികുത്തിവാഴുന്ന ഇടങ്ങൾ രാജ്യത്തു പലയിടത്തുമുണ്ടെങ്കിലും സാംസ്കാരികകേരളം അതിൽനിന്നൊക്കെ മോചിതമാണെന്നു ധരിച്ചവരാണു നാം. പക്ഷേ, ഏഴു പതിറ്റാണ്ടിനിടെ കേരളത്തിലരങ്ങേറിയത് എട്ടു നരബലികളാണെന്നതു വിചിത്രമായ ചരിത്രം. കേരളപ്പിറവിക്കു തൊട്ടുമുമ്പു റിപ്പോർട്ടു ചെയ്യപ്പെട്ട ആദ്യനരബലി 1955 ഏപ്രിൽ 23 നായിരുന്നു. തിരുവനന്തപുരം കാട്ടാക്കടയിൽ കഴുത്തിൽ കുരുക്കിട്ടു ബലി കഴിച്ചത് ഒരു പതിനഞ്ചുകാരനെയാണ്. ഇക്കഴിഞ്ഞവർഷം (2021 ഫെബ്രുവരിയിൽ) പാലക്കാട് പുതുപ്പള്ളിയിൽ ആറുവയസ്സുകാരനെ വീട്ടിലെ കുളിമുറിയിൽ കാൽ കൂട്ടിക്കെട്ടിയ ശേഷം കഴുത്തറുത്തുകൊലപ്പെടുത്തിയത് സാക്ഷാൽ പെറ്റമ്മതന്നെയാണ്. എഫ്.ഐ.ആറിൽ പോലീസ് നരബലിയെന്നു രേഖപ്പെടുത്തിയ അവസാനകേസ് ഇതായിരുന്നു. പ്രസ്തുത കേസിൽ വിചാരണ പുരോഗമിക്കുന്നതിനിടെയാണ് ഇലന്തൂരിലെ രണ്ട് അരുംകൊലകൾ കേരളത്തെ ഞെട്ടിച്ചുകളഞ്ഞത്.

അന്ധവിശ്വാസവും ദുർമന്ത്രവാദവും ആഭിചാരകൃത്യങ്ങളും അരങ്ങൊഴിയാതെ കേരളത്തിലെ സാംസ്കാരിക ഭൂമികയിൽ ഇടം കണ്ടെത്തുന്നുണ്ടെങ്കിൽ, അതിന്റെ പിന്നാമ്പുറരഹസ്യങ്ങളും അജൻഡകളും അന്വേഷിക്കാൻ ഉത്തരവാദപ്പെട്ട ഭരണകൂടം തയ്യാറാകണം. അന്ധവിശ്വാസങ്ങളുടെ പേരിൽ അരുംകൊലകൾ അരങ്ങേറുമ്പോൾ കേരളം ഇരുട്ടിലേക്കെന്നു വിലപിച്ച് ഭരണാധികാരികളും രാഷ്ട്രീയനേതാക്കളും നടത്തുന്ന 'നടുക്കവും പ്രസ്താവനയും' മാത്രംകേട്ട് കേരളം മടുത്തു. അന്ധവിശ്വാസങ്ങൾക്കെതിരേ നിയമം നടപ്പാക്കാൻ ഇച്ഛാശക്തിയുള്ള ഒരു സർക്കാർ കേന്ദ്രത്തിലോ കേരളത്തിലോ എന്നെങ്കിലുമുണ്ടാകുമോ എന്നതുമാത്രമാണ് കാത്തിരുന്നു കാണേണ്ടത്.

ജസ്റ്റീസ് കെ.ടി. തോമസ് അധ്യക്ഷനായ ഭരണപരിഷ്കാരക്കമ്മീഷൻ 2019 ൽ തയ്യാറാക്കിയ ദുർമന്ത്രവാദ, ആഭിചാരക്രിയകൾ തടയലും ഇല്ലാതാക്കലും ബിൽ സർക്കാരിനു സമർപ്പിച്ചെങ്കിലും ഇപ്പോൾ ആഭ്യന്തരവകുപ്പിൽ അന്തിയുറങ്ങുകയാണ്. 2021 ഓഗസ്റ്റിൽ കേരളനിയമസഭയിൽ കെ.ഡി. പ്രസേനൻ അന്ധവിശ്വാസം തടയാനായി അവതരിപ്പിച്ച കേരള അന്ധവിശ്വാസ, അനാചാരനിർമാർജനബിൽ എന്ന സ്വകാര്യബില്ലും ഇപ്പോൾ ഫ്രീസറിലാണ്.

മനുഷ്യത്വത്തെ ചൂഷണം ചെയ്തും കശാപ്പു ചെയ്തുമുള്ള കുറ്റകൃത്യങ്ങൾ അന്ധവിശ്വാസത്തിന്റെ പേരിൽ നാൾക്കുനാൾ പെരുകുമ്പോൾ, പ്രതിരോധനടപടികൾ ആസൂത്രണം ചെയ്യാനും നിയമം ഫലപ്രദമായി നടപ്പാക്കാനും സർക്കാരുകൾ ഇനിയും മടി കാണിക്കരുത്. എങ്ങനെയും പണമുണ്ടാക്കാനുള്ള ആർത്തി മനുഷ്യനിൽ വർധിച്ചുവരുകയാണ്. അതു ദുർബലമായ മാനസികാവസ്ഥയുള്ളവരെ കൊള്ളയടിക്കും. അതിനെ നിയമംകൊണ്ടും ബോധവത്കരണംകൊണ്ടും നേരിടണം. സൈക്കോക്രിമിനലുകളുടെ വിളയാട്ടങ്ങളെക്കുറിച്ച് പൊതുസമൂഹം ത്യാജ്യഗ്രാഹ്യവിവേചനത്തോടെ വിലയിരുത്തുകയും ജാഗ്രത പാലിക്കുകയും വേണം. ■

# ആസന്നഭാവിയിൽ അനാഥമാകും കേരളം?

**ടോം** ജോസിന്റെ ലേഖനം 'മക്കൾ ഔട്ട് ഓഫ് റേഞ്ചിലാകുമ്പോൾ' കാലികപ്രസക്തമായിരുന്നു. ആധുനികയുവത്വത്തിന്റെ ഒരു നേർചിത്രമാണ് ലേഖകൻ അവതരിപ്പിച്ചത്. യുവസമൂഹത്തിന്റെ ചില പ്രവൃത്തികളും മനോവ്യാപാരങ്ങളും ചിന്തിക്കുന്നവരുടെയെല്ലാം ഒരു ചർച്ചാവിഷയമാണിന്ന്. അവർ നാടും വീടും വിട്ട് വിദേശങ്ങളിലേക്കു കുടിയേറുന്നു, മയക്കുമരുന്നിനും മറ്റു ലഹരിവസ്തുക്കൾക്കും അടിമകളാകുന്നു, പണത്തിനുവേണ്ടി കൊലപാതകത്തിനുപോലും മടിയില്ലാത്തവരായിത്തീർന്നിരിക്കുന്നു തുടങ്ങി ആരോപണങ്ങൾ പലതാണ്.

പഠനവും ജോലിയും തേടിയാണ് ബഹുഭൂരിപക്ഷം യുവതീയുവാക്കളും അന്യനാടുകളിലേക്കു ചേക്കേറുന്നത്. അവരെ അതിനു നിർബന്ധിതരാക്കുന്ന സാമൂഹികസാഹചര്യമാണ് ഇവിടെ നിലനില്ക്കുന്നതെന്ന വാദമാണ് അതിനെ ന്യായീകരിക്കുന്നവർക്ക് ഉന്നയിക്കുവാനുള്ളത്. അഴിമതി, കെടുകാര്യസ്ഥത, അക്രമരാഷ്ട്രീയം തുടങ്ങിയ വിഷയങ്ങൾ അവർ ഉയർത്തിക്കാട്ടുന്നു. ഇതിൽ കുറച്ചു വാസ്തവമില്ലെന്നു പറഞ്ഞുകൂടാ. ജനങ്ങളെ നന്നാക്കാനെന്നപേരിൽ ഉള്ള വിഷയംതന്നെ ഊതിവീർപ്പിച്ച് എങ്ങനെ മനുഷ്യരുടെ സ്വസ്ഥത കെടുത്താമെന്നാണല്ലോ മാധ്യമങ്ങളുടെപോലും ആലോചന. അന്തിച്ചർച്ചയ്ക്കു കൊഴുപ്പുകൂട്ടാനായി തീരുമാനമാകാത്ത കാര്യങ്ങളും, വാസ്തവമെന്തന്നറിയാത്ത വാർത്തകളുമെടുത്തു വലിയ കോലാഹലമുണ്ടാക്കി വീട്ടിൽ സമാധാനത്തോടെ കഴിയുന്നവരുടെ അത്താഴം മുടക്കുന്നു അവർ.

എവിടെയെങ്കിലും ഒരു അക്രമം നടന്നുവെന്നിരിക്കട്ടെ. ദൃശ്യമാധ്യമങ്ങൾ ചെയ്യുന്നതെന്താണ്? രാവെളുക്കുവോളം അതു പ്രദർശിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഒരു ചെറിയ ഉന്തോതള്ളോ ചവിട്ടോപോലും ചാനലുകാരുടെ നിക്ഷിപ്തതാത്പര്യമനുസരിച്ച് ക്ലോസപ്പിലാക്കി വൃത്തത്തിൽ ആവർത്തിച്ചാവർത്തിച്ചു കാണിക്കുന്നു. ഒരു സ്ഥലത്ത് ഒതുങ്ങിപ്പോകുമായിരുന്ന അക്രമത്തെ അവർ ഇങ്ങനെ സംസ്ഥാനവ്യാപകമാക്കുന്നു. ഇതല്ലേ ഇവിടെ നടക്കുന്നത്?

ഇത്തരം ദൃശ്യങ്ങൾ കാഴ്ചക്കാരിൽ സൃഷ്ടിക്കുന്ന അരക്ഷിതബോധം എത്രത്തോളമെന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അക്രമരാഷ്ട്രീയം അവസാനിപ്പിക്കാനെന്ന പേരിൽ വിവിധ കക്ഷിനേതാക്കളെ വിളിച്ചിരുത്തി നടത്തുന്ന ചാനൽചർച്ചകൾക്കു മുമ്പിലും വിളമ്പിവയ്ക്കുന്നത് തൊട്ടുമുമ്പു നടന്ന കൊലപാതകത്തിന്റെയോ സംഘട്ടനത്തിന്റെയോ ദൃശ്യങ്ങളുടെ തനിയാവർത്തനമാണ്. അതിജീവിതകളുടെ മുഖംമറയ്ക്കുന്ന സാമാന്യബോധം ഈ വിഷയത്തിൽ ആർക്കുമില്ല. ഇതിനു പിന്നാലെയാണ് ക്രൈംസ്റ്റോറികളുടെ വരവ്.

വാസ്തവം പറഞ്ഞാൽ, വാർത്താചിത്രങ്ങൾ അവതരിപ്പിക്കുന്ന കാര്യത്തിൽ മാധ്യമങ്ങൾക്കു നിലവിലുള്ള സ്വാതന്ത്ര്യം ഒരു പുനർവിചിന്തനത്തിനു വിധേയമാക്കേണ്ടതാണ്. സെക്സ്-ക്രൈംവിഷയങ്ങളിലുള്ള മനുഷ്യന്റെ നിഗൂഢതാത്പര്യങ്ങളെയാണ് മാധ്യമങ്ങൾ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നത്.



**പ്രതികരണം**

ഇപ്പോൾ പൊതുവെ എല്ലാവരും വില്ലനായി ഉയർത്തിക്കാട്ടുന്നത് മൊബൈൽഫോണിനെയാണ്. അതിൽ ഒട്ടും കുറയാത്ത സ്ഥാനം മാധ്യമങ്ങൾക്കുമുണ്ട്. സംശയമുണ്ടോ? മൗനത്തിന്റെ ഭാഷ എല്ലാവർക്കും ഇന്നു നഷ്ടമായിക്കൊണ്ടിരിക്കുന്നു. വെല്ലുവിളികളുടെയും അവകാശവാദങ്ങളുടെയും - കാതടിപ്പിക്കുന്ന എന്നു പറയുന്നില്ല - ചെവിവേദനയെടുക്കുന്ന ശബ്ദങ്ങളാണു ചുറ്റിലും. ഒരു ശാന്തിദൂത്, സമാധാനഗീതം ഒരിടത്തുനിന്നും കേൾക്കാനില്ല. ഇതു വല്ലാത്തൊരു അവസ്ഥയാണ്. നമ്മുടെയാളുകൾ കുറെ നാളത്തേക്കെങ്കിലും സംസാരിക്കാനല്ലാതെ ഫോണെടുക്കാതിരുന്നാൽ, ടി.വി. ഓഫ് ചെയ്ത് പത്രവായനയിലൊതുങ്ങിയാൽ (പത്രക്കാരും മോശക്കാരല്ല കേട്ടോ.) വലിയ സമാധാനം ലഭിക്കുമെന്ന് ഇതെഴുതുന്നയാൾ വാക്കുതരുന്നു. ഇന്ന് ആർക്കും ആരെക്കുറിച്ചും എന്തും പറയാവുന്ന കാലമാണ്. ഈയിടെ സംവിധായകൻ രഞ്ജിത്ത് പറഞ്ഞു, മുമ്പു കക്കൂസിന്റെ ഭിത്തിയിൽ അശ്ലീലമെഴുതി ലഭിച്ചിരുന്ന മനസ്സുഖമത്രേ ഫേസ്ബുക്കിൽ തോന്ന്യാസമെഴുതി പോസ്റ്റിടുന്നവർ നേടുന്നതെന്ന്. സത്യമല്ലേ? അല്ലെങ്കിൽത്തന്നെ ഇതിനെയൊക്കെ മാധ്യമലിസ്റ്റിൽപ്പെടുത്തി സോഷ്യൽ മീഡിയാ എന്നു വിളിച്ചതാരാണ്? കഷ്ടമെന്നല്ലാതെ എന്തു പറയാൻ!

ഈ അധമലോകത്തുനിന്നു രക്ഷപ്പെടാനാണ് ജീവിക്കാൻ കൊതിയുള്ള ചെറുപ്പക്കാർ മറുകര പൂകുന്നതെന്നു പറയാൻ വരട്ടെ. മൊബൈൽ വീട്ടിൽ വച്ചിട്ടല്ലല്ലോ അവരും വെളിയിലേക്കു പോകുന്നത്. എങ്ങോട്ടു പോയാലും മുമ്പു പറഞ്ഞ ദൂഷിതവലയം യുവാക്കളെ പിന്തുടരുന്നുണ്ട്. നാട്ടിലാണു വിഹാരമെങ്കിൽ നാട്ടാരുടെ അരക്കണ്ണെങ്കിലും അവന്റെമേലുണ്ട്. (പഴയതുപോലെ നല്ല നാട്ടുകാരെ ഇപ്പോൾ കിട്ടാനില്ല. അവരെ നയിക്കുന്നതും ഇന്നു മൊബൈലാണല്ലോ.)

സ്ഥിതി ഇതാണെങ്കിലും നാടിന്റെയും വീടിന്റെയും നന്മ ആഗ്രഹിക്കുന്ന ചിലരുടെയെങ്കിലുമുള്ളിലെ ആശങ്ക അസ്ഥാനത്തല്ല. നമ്മുടെ യുവതീയുവാക്കന്മാർ കൂട്ടത്തോടെ നാടുവിട്ടാൽ മാതാപിതാക്കളുടെ സ്ഥിതിയെന്താകും? കേരളം വൃദ്ധജനങ്ങളുടെ ഒരു കോളനിയായി മാറില്ലേ? വീടുകൾ അനാഥമന്ദിരങ്ങളാകില്ലേ? അനേകം ഉപചോദ്യങ്ങൾ ഇതിനു ബാക്കിയായി വേറെയുമുണ്ട്. എല്ലാം ന്യായമായ ചോദ്യങ്ങൾ. ആരിതിനു മറുപടി പറയും? പരിഹാരമുണ്ടാക്കും? സർക്കാരും രാഷ്ട്രീയകക്ഷികളും മതനേതൃത്വങ്ങളും സാമൂഹികസംഘടനകളും ഗൗരവപൂർവം ഇതേക്കുറിച്ചു ചിന്തിക്കേണ്ടിയിരിക്കുന്നു.

**ഡെന്നീസ് തോമസ്**
**കോതമംഗലം**

# ബ്രസീലിയൻരാഷ്ട്രീയത്തിൽ ഇനിയെന്ത്?



ആഷിൻ തോമസ്

"The man who would be a trump" ബോൾസനാരോയെക്കുറിച്ച് ദി ഇക്കണോമിസ്റ്റ് വാരിക പറഞ്ഞ വാക്കുകളാണിത്. ജനാധിപത്യം എന്താണെന്നറിയാത്ത സ്വേച്ഛാധിപത്യസ്വപ്നങ്ങളുള്ള കടുത്ത വലതുപക്ഷനേതാവാണ് ബോൾസനാരോ. പട്ടാള ഏകാധിപത്യവും ജനാധിപത്യവും കൂടിക്കലർന്നതാണ് ബ്രസീലിയൻരാഷ്ട്രീയം. സമകാലിക ബ്രസീലിയൻഭരണകൂടം പേരിൽ ജനാധിപത്യവും പ്രവൃത്തിപഥത്തിൽ സൈനികസ്വഭാവവും നിലനിറുത്തുന്നു. ഏതൊരു ഭരണാധികാരിയും വർഷങ്ങൾ നീണ്ട അധികാരത്തിന്റെ പിൻബലത്തിൽ മാത്രമേ ഏകാധിപത്യസ്വഭാവം പ്രകടിപ്പിക്കുകയുള്ളൂ. എന്നാൽ, ബോൾസനാരോ ഭരണത്തിൽ കയറിയതുമുതൽ സ്വേച്ഛാധിപതിയാണ്. ബ്രസീലിനെ ജനാധിപത്യത്തിലേക്കു നയിച്ച ലുലയുടെ തിരിച്ചുവരവ് ബോൾസനാരോയെ സംബന്ധിച്ചിടത്തോളം ഒരു രാഷ്ട്രീയ പ്രഹരമാണ്.

കാര്യക്ഷമമായ ഭരണനേതൃത്വം ഇല്ലാതിരുന്ന ബ്രസീൽ 1970 ഓടെ സൈനികഭരണത്തിലേക്കു നീങ്ങി. ഏകദേശം പതിനഞ്ചുവർഷത്തോളം അതു തുടർന്നു. ഈ കാലയളവിലാണ് ലൂയിസ് ഇനാസീയോ ലുല ഡാ സിൽവ ബ്രസീലിയൻരാഷ്ട്രീയത്തിലേക്ക് എത്തുന്നത്. രാജ്യത്തെ അരക്ഷിതാവസ്ഥമൂലം ലുലയ്ക്ക് വേണ്ടവിധത്തിലുള്ള വിദ്യാഭ്യാസം ലഭിച്ചില്ല. നാട്ടിൽ കിട്ടിയിരുന്ന ചെറിയ ജോലികൾ മാത്രമായിരുന്നു ഉപജീവനമാർഗം. ഈ കാലയളവിൽ ലുല യൂണിയൻ പ്രവർത്തനങ്ങളിൽ സജീവമായി. 1975 ൽ രണ്ടു നഗരങ്ങളിലെ യൂണിയൻ പ്രസിഡന്റായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ഇതിനോടകം ബ്രസീൽ, പട്ടാളഭരണത്തിൻകീഴിലായിക്കഴിഞ്ഞിരുന്നു. യൂണിയന്റെ നേതൃത്വത്തിൽ ലുല സമരങ്ങൾ സംഘടിപ്പിച്ചു. ഇതിനെത്തുടർന്ന് അദ്ദേഹത്തിനു ജയിൽവാസം അനുഭവിക്കേണ്ടതായിവന്നു. ശക്തമായ പ്രതിഷേധങ്ങൾ സൈനികഭരണത്തിനെതിരേ ലുല തുടർന്നു. 1980 ൽ അദ്ദേഹം കടുത്ത വലതുപക്ഷചായ്‌വുള്ള വർക്കേഴ്സ് പാർട്ടി സ്ഥാപിച്ചു. 1984 ൽ ലുലയും അദ്ദേഹത്തിന്റെ പാർട്ടിയും DIRTES JA എന്ന ഇലക്ഷൻ ക്യാമ്പെയ്നിൽ പങ്കുചേർന്നു. ബ്രസീൽ പ്രസിഡന്റിനെ നേരിട്ടു തിരഞ്ഞെടുക്കുക എന്നതായിരുന്നു ക്യാമ്പെയ്ന്റെ ആവശ്യം. രാജ്യത്ത് ജനാധിപത്യം പുലർന്നെങ്കിലും ലുല ഭരണത്തിൽ എത്തിയില്ല. പിന്നീട് 2003 ലാണ് ലുല ബ്രസീലിയൻപ്രസിഡന്റാകുന്നത്. അപ്പോഴേക്കും രാജ്യത്തെ സാമ്പത്തികനില വളരെയേറെ മോശമായിക്കഴിഞ്ഞിരുന്നു. 2003 മുതൽ എട്ടുവർഷംകൊണ്ട് രാജ്യത്തെ സാമ്പത്തികമേഖല ലുല ഉയർത്തിക്കൊണ്ടുവന്നു. ഈ കാലയളവിൽ സാവധാനമെങ്കിലും ബ്രസീലിയൻജനതയുടെ വലിയൊരു വിഭാഗത്തെ മധ്യവർഗത്തിലേക്കെത്തിക്കാൻ ഗവണ്മെന്റിനു കഴിഞ്ഞു. ചൈനയ്ക്കു വേണ്ട അസംസ്കൃതവസ്തുക്കൾ കയറ്റിയയയ്ക്കുന്നതിലൂടെയാണ് ബ്രസീൽ അന്ന് സാമ്പത്തികലാഭം നേടിയത്. ലുലയുടെ ഭരണകാലത്ത് ഏകദേശം 4.5% വളർച്ചയാണ് ബ്രസീലിയൻ സമ്പദ്‌വ്യവസ്ഥ അന്നു കൈവരിച്ചത്.



ബോൾസനാരോ

2019 ൽ ബോൾസനാരോ ഭരണത്തിൽ കയറുന്നതോടെ ബ്രസീൽ എന്ന രാജ്യം ശിഥിലമായിത്തുടങ്ങി. ലുല കൈവരിച്ച നേട്ടങ്ങൾ ഒന്നൊന്നായി ബോൾസനാരോ നശിപ്പിച്ചു. രാജ്യത്തെ ജനാധിപത്യസംവിധാനങ്ങൾ പ്രവർത്തനസജ്ജമല്ലാതാക്കാൻ ബോൾസനാരോ ബോധപൂർവം ശ്രമിച്ചു. കൊവിഡ് 19, ആമസോൺ വനങ്ങളുടെ നശീകരണം എന്നിവയിലുടെയാണ് ബോൾസനാരോ ലോകമാധ്യമങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നത്. കൊവിഡ് 19 നോട് ട്രംപ് ഭരണകൂടം ഏതുവിധത്തിലുള്ള നയമാണോ സ്വീകരിച്ചത്, അതേ നിലപാടുതന്നെയാണ് ബോൾസനാരോയും സ്വീകരിച്ചത്. തത്ഫലമായി ഏഴുലക്ഷത്തിനടുത്താണ് ബ്രസീലിൽ കൊവിഡ് മരണസംഖ്യ രേഖപ്പെടുത്തിയത്. ബ്രസീലിയൻ സമ്പദ്‌വ്യവസ്ഥ തകർന്നടിഞ്ഞു. ജിഡിപി 0.1% താഴ്ന്നു. പട്ടാളഭരണം ഇതിൽഭേദമായിരുന്നുവെന്ന് ആളുകൾ ചിന്തിച്ചുതുടങ്ങി.

ഇതേ അവസ്ഥയിലും ശക്തമായ ഒരു വലതുപക്ഷം രാജ്യത്തു നിലനിൽക്കുന്നുണ്ട് എന്നതാണു യാഥാർത്ഥ്യം. അതിനെ സാധൂകരിക്കാൻ കഴിയുന്നതാണ് 2022 ലെ തിരഞ്ഞെടുപ്പുഫലം. 50 ശതമാനത്തിൽ കൂടുതൽ വോട്ടു ലഭിക്കുന്ന വ്യക്തിയാണു പ്രസിഡന്റാവുക എന്നാൽ, വോട്ടെടുപ്പു കഴിഞ്ഞപ്പോൾ ഇരുകൂട്ടർക്കും ജയിക്കാനുള്ള വോട്ടില്ല. ലുലയ്ക്ക് 48.4 ശതമാനം വോട്ടു ലഭിച്ചപ്പോൾ ബോൾസനാരോ 43.2 ശതമാനം വോട്ടു നേടിയിട്ടുണ്ട്. ഇതു രാജ്യത്തെ ശക്തമായ വലതു സ്വാധീനമാണു വെളിവാകുന്നത്. എന്നാൽ, ലോകം ഒരിക്കലും ബോൾസനാരോയെ ഒരു മികച്ച നേതാവായി കണക്കാക്കുന്നില്ല. കാരണം, ജനാധിപത്യവിരുദ്ധത തന്നെയാണ്. പട്ടാളഭരണകാലത്തെ വളരെ സന്തോഷത്തോടെയാണ് ബോൾസനാരോ ഓർമിക്കുന്നത്. അമേരിക്കയിലെ ക്യാപ്പിറ്റോൾ അക്രമണത്തെ ബോൾസനാരോയുടെ ഒരു മകൻ പ്രശംസിക്കുകയാണു ചെയ്തത്.

ഒക്ടോബർ ആദ്യം നടന്ന തിരഞ്ഞെടുപ്പിൽ ഇരുകുട്ടർക്കും വിജയിക്കാൻ കഴിയാഞ്ഞതിനാൽ മാസാവസാനം ഒരു ഇലക്ഷനുംകൂടി ക്രമീകരിച്ചിട്ടുണ്ട്. ലുല വിജയിക്കുമെന്നാണ് ലോകം പ്രതീക്ഷിക്കുന്നത്. "ദി ഇക്കണോമിസ്റ്റ്' വാരിക ലുലയെ പിന്തുണയ്ക്കുന്ന രീതിയിൽ ലേഖനങ്ങൾ കൊടുക്കുകയുണ്ടായി. ശക്തരായ വലതുപക്ഷമേലാളന്മാരാൾ നിയന്ത്രിക്കപ്പെടുന്ന വാരിക ഒരു ഇടതുസ്ഥാനാർത്ഥിയെ അനുകൂലിക്കുന്ന അവസ്ഥയിലേക്ക് ബ്രസീൽ എത്തിപ്പെട്ടു.

തിരഞ്ഞെടുപ്പു സംബന്ധിച്ചുള്ള ആശങ്കകൾ ഇനിയും മാറിയിട്ടില്ല. ബോൾസനാരോയെ അനുകൂലിക്കുന്ന വലിയൊരു വിഭാഗം നിലവിലുണ്ട്. തോക്കുനിയമങ്ങളിലെ അയവുകൾ മുതലെടുത്ത് ധാരാളം ആയുധങ്ങൾ രാജ്യത്തുടനിളം എത്തിപ്പെട്ടിട്ടുണ്ട്. ബോൾസനാരോ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടാൽ അമേരിക്കയിലെ ക്യാപ്പിറ്റോൾ അക്രമണംപോലെ ഒന്ന് ബ്രസീലിലും സംഭവിക്കാൻ ഇടയുണ്ട്. അങ്ങനെയൊന്നുണ്ടായാൽ നാലുലക്ഷത്തോളം വരുന്ന സൈന്യം ഏതു വശത്തു നിലകൊള്ളും? യു.എസ്. പോലെ ശക്തമായ ഒരു ജനാധിപത്യവ്യവസ്ഥ ബ്രസീലിലില്ല. അതുകൊണ്ടുതന്നെ ഇലക്ഷനോടനുബന്ധിച്ച് പട്ടാളനീക്കം ബ്രസീലിൽ പ്രതീക്ഷിക്കപ്പെടുന്നുണ്ട്. മാത്രമല്ല, ബ്രസീലിന്റെ ചരിത്രം നോക്കിയാൽ പട്ടാളം രാജ്യത്ത് അധികാരം കൈയാളിയിട്ടുണ്ട്. ഇതെല്ലാം ലോകരാജ്യങ്ങളെ ആശങ്കയിലാക്കുന്നുണ്ട്. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യങ്ങളിലൊന്നാണ് ബ്രസീൽ. തെക്കേ അമേരിക്കയിലെ സാമ്പത്തികഭീമനെന്ന സ്ഥാനവും ബ്രസീലിനുണ്ട്. ബ്രസീലിലെ ഭരണ അസ്ഥിരത ഒരുപരിധിവരെ ലോകത്തെ ബാധിക്കും. ജനാധിപത്യമൂല്യങ്ങളോടുള്ള ഭരണാധികാരികളുടെ അവഹേളനസമമായ സമീപനം രാജ്യത്തെ രാഷ്ട്രീയ അരക്ഷിതാവസ്ഥയിലേക്കു നയിക്കും. ■

---

*1-ാം പേജ് തുടർച്ച*

ഏറ്റവുമൊടുവിൽ, കോട്ടയം ജില്ലയിൽ തുടങ്ങി ആലപ്പുഴയിലേക്കു നടത്തിയ പഠനയാത്രയുടെ ത്രിൽ കുട്ടികളിലും കുറഞ്ഞിട്ടില്ല. ഓരോ കുട്ടിയും മുന്നൂറു രൂപമാത്രമാണ് ഇതിലേക്കു നൽകിയത്. ചങ്ങനാശേരിയിൽ മന്നത്തു പദ്മനാഭന്റെ സ്മാരകം, എടത്വാപ്പള്ളി, തകഴിസ്മാരകം, കരുമാടിക്കുട്ടൻ മണ്ഡപം, കുഞ്ചൻ നമ്പ്യാർ ഉറങ്ങിപ്പോയി എന്നു ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അമ്പലപ്പുഴ കൂത്തമ്പലം, കുമാരനാശാൻ അന്ത്യനിദ്രകൊള്ളുന്ന പല്ലന കുമാരകോടി, കൃഷ്ണപുരം കൊട്ടാരം, ശങ്കേഴ്സ് മ്യൂസിയം, അഴീക്കൽ ബീച്ച്, ഓച്ചിറ പടനിലം എന്നിവിടങ്ങളിലൂടെയുള്ള ഈ യാത്ര എത്രയോ അറിവും അളവറ്റ സന്തോഷവുമാണ് കുട്ടികൾക്കു നൽകിയത്. ഇങ്ങനെ എത്രയെത്ര സാധ്യതകൾ! പ്രാദേശികമായ ഈ കാഴ്ചകളെ പ്രദേശവാസികൾപോലും കാണുകയും അറിയുകയും ചെയ്യുന്നില്ല എന്നതാണ് സങ്കടകരം.

ഈരാറ്റുപേട്ടക്കാരൻ കുട്ടി ഇല്ലിക്കൽക്കല്ലും ഇലവീഴാപ്പൂഞ്ചിറയും ഇതുവരെ കണ്ടിട്ടില്ല. എന്നാലും അവൻ കൊടൈക്കനാലിലെ സൂയിസൈഡ് പോയിന്റ് കണ്ട് അന്തംവിടും. കാഴ്ചകൾ രണ്ടും രണ്ടുതന്നെ. എങ്കിലും നാടിനെ അറിയേണ്ടത് അനിവാര്യമല്ലേ? തിരുവനന്തപുരംമുതൽ കാസർഗോഡുവരെ ഓരോ ജില്ലയിലും നേരറിവിന്റെ ഇത്തരം വിസ്മയങ്ങൾ നിരവധിയാണ്. മലപ്പുറം ജില്ലയിലെ തേക്കുമ്യൂസിയവും പൂന്താനത്തിന്റെ മനയും തിരുനാവായയും ലോകനാർകാവുമൊക്കെ തൊണ്ണൂറു ശതമാനം കുട്ടികളും കണ്ടിട്ടുണ്ടാവില്ല. പത്തനംതിട്ട ജില്ലയിലെ കോന്നി ആനപ്പന്തിയും ഗവിയും തണ്ണിത്തോട്ടിലെ കൊട്ടവഞ്ചിയും പെരുന്തേനരുവിയുമൊക്കെ ജില്ലയിലെ എത്ര കുട്ടികൾ നേരിൽ കണ്ടിട്ടുണ്ടാവും? ഇങ്ങനെയിങ്ങനെ ഒരു ദിവസം നീണ്ടുനിൽക്കുന്ന പഠനവിനോദയാത്രകൾ കേരളത്തിൽ നടത്താനാകും.

# പഠനയാത്രകൾ അതിർത്തിവിടുമ്പോൾ



തലസ്ഥാനജില്ലയുടെ സാധ്യതകൾ മിക്കവർക്കും അറിയാം. എന്നാൽ, അതിന്റെ തൊട്ടടുത്ത ജില്ലയായ കൊല്ലം ജില്ലയിലെ ജടായുപ്പാറ ടൂറിസവും പാലരുവിയും അഡ്വഞ്ചർ പാർക്കും പോലീസ് മ്യൂസിയവും മൺറോത്തുരുത്തുമൊക്കെ കേരളത്തിലെ അധികം വിദ്യാർത്ഥികളും കണ്ടിട്ടുണ്ടാവില്ല. കോട്ടയം ജില്ലയിലെ കൊട്ടാരത്തിൽ ശങ്കുണ്ണിസ്മാരകവും ഡി സി കിഴക്കെമുറി ഇടവും അരുവിക്കുഴി വെള്ളച്ചാട്ടവും മലരിക്കൽ ആമ്പൽ വസന്തവും വൈക്കം കായൽക്കാഴ്ചകളും മലയാളിക്കുട്ടികളിൽ എത്രപേർ കണ്ടിട്ടുണ്ടാകും?

ഇങ്ങനെ പരിശോധിച്ചാൽ ഓരോ വിദ്യാർത്ഥിക്കും പലതരത്തിലും പ്രയോജനപ്പെടുന്ന അറിവിന്റെയും വിനോദത്തിന്റെയും നേരറിവുകൾ കേരളത്തിന്റെ അതിർത്തിക്കുള്ളിൽ എത്രയോ കാണുന്നു. അമിതമായ പണച്ചെലവില്ലാതെയും അനാവശ്യമായ തിരക്ക് ഒഴിവാക്കിയും തികഞ്ഞ സ്വസ്ഥതയോടെ ഈ കേരളയാത്ര നമുക്കു നടത്താനാവുമെന്നിരിക്കേ, അതിർത്തികൾക്കപ്പുറത്തേക്കുള്ള യാത്ര കേരളത്തെ നന്നായി അറിഞ്ഞിട്ടുപോരേ?

കേരളത്തെ മുഴുവൻ കണ്ണീരിലാഴ്ത്തിയ ടൂറിസ്റ്റ് ബസപകടത്തിന്റെ സങ്കടക്കാഴ്ചയിൽ നിന്നുകൊണ്ടുകൂടിയാണ് ഇതെഴുതുന്നത്. സീസൺ നഷ്ടപ്പെടുത്താതിരിക്കാൻ വിശ്രമമില്ലാതെ അഹോരാത്രം പണിയെടുക്കുന്ന ബസ് ജീവനക്കാർ. ഉറക്കമില്ലായ്മകൊണ്ടുണ്ടാകുന്ന അപകടങ്ങൾ ചിന്തിക്കാവുന്നതേയുള്ളൂ. എന്നും എപ്പോഴും ഇങ്ങനെയൊന്നും ഉണ്ടാകാറില്ലല്ലോ എന്നാശ്വസിക്കാം. പക്ഷേ, സാധ്യതകൾ വളരെയുണ്ട്. ദൂരങ്ങളിലേക്കുള്ള യാത്രകൾ വേണ്ടതുതന്നെയാണ്. അതിന്റെ അനുഭവവും ആസ്വാദ്യതയും ഒന്നു വേറേതന്നെയാണല്ലോ. എങ്കിലും കേരളത്തിൽത്തന്നെ ഏറെദൂരം സഞ്ചരിച്ചു പഠനവും വിനോദവും സാധ്യമാക്കാനും നമുക്കു കഴിയുമെന്ന വാസ്തവം ദീർഘകാലാനുഭവത്തിന്റെ വെളിച്ചത്തിൽ പറഞ്ഞുവെന്നേയുള്ളൂ. ■




**ഒക്ടോബർ 23**
**ഏലിയ – സ്ലീവാ – മൂശെ**
**ഏഴാം ഞായർ**

**നിയ 11 : 1–7**
**ജ്ഞാനം 6 : 1–10**
**1 തെസ 5 : 12–24**
**മത്താ 12 : 22–32**

# ദൈവരാജ്യത്തിലേക്കു വളരേണ്ടവർ



**ഡോ. ജോസഫ് കരികുളം**



രക്ഷയെക്കുറിച്ചു ദൈവം നൽകുന്ന ഉറപ്പും അതിനു ദൈവജനം ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഏലിയാ-സ്ലീവാ-മൂശക്കാലങ്ങളിലെ ഏഴാം ഞായർ സഭ നമ്മുടെ വിചിന്തനത്തിനായി നൽകുന്നു. ഇനി വരുന്ന പള്ളിക്കൂദാശക്കാലം സഭ ദൈവസന്നിധിയിൽ അംഗീകരിക്കപ്പെടുന്ന, ഈശോ തന്റെ മണവാട്ടിയായ സഭയെ മഹത്ത്വപ്പെടുത്തുന്ന സമയമാണ്. ഈശോ ശിരസ്സായ, നമ്മളോരോരുത്തരും അവയവങ്ങളും അംഗങ്ങളുമായ സഭാസമൂഹത്തിന്റെ, ദൈവസന്നിധിയിലെ അംഗീകാരത്തിനു ചെയ്യേണ്ട ചില അടുത്ത ഒരുക്കങ്ങളെക്കുറിച്ചാണ് ഈ ദിവസത്തെ വായനകൾ സംസാരിക്കുന്നത്. ഇക്കാര്യങ്ങൾ കൃത്യമായി ചെയ്യുന്നവർ, കർത്താവിന്റെ ദിനം സമാഗതമാകുമ്പോൾ തന്റെ സഹോദരരോടൊത്തു ദൈവമഹത്ത്വത്തിലേക്കു പ്രവേശിക്കും.

**നിങ്ങൾ ഓർമിക്കുവിൻ!**

നിയമാവർത്തനപ്പുസ്തകത്തിൽനിന്നുള്ള ഒന്നാം വായനയിൽ (നിയമ 11:1–7) തന്റെ ജനത്തിനു നല്കിയ അനുഗ്രഹങ്ങളെ നിരന്തരം ഓർക്കണമെന്ന് ദൈവം കർശനമായി ആവശ്യപ്പെടുന്നു. ദൈവം തങ്ങൾക്കു ചെയ്ത ഉപകാരങ്ങൾ എന്തൊക്കെയാണെന്ന് അനുഭവത്തിലൂടെ മനസ്സിലാക്കിയവരോടാണ് അവിടുന്ന് ഇപ്രകാരം ആവശ്യപ്പെടുന്നത്. നിരന്തരം ദൈവാശ്രയബോധത്തിൽ ജീവിക്കാൻ ഈ ഓർമകൾ ജനത്തെ സഹായിക്കും.

ജീവിതത്തിന്റെ ക്രയവിക്രയങ്ങളെ ശരിയായി ക്രമീകരിക്കാൻ സഹായിക്കുന്ന ശാരീരികധർമമാണല്ലോ ഓർമ. ഓർമയുടെ സഹായത്താലാണ് ഓരോരുത്തരും മറ്റുള്ളവരെയും സ്വയംതന്നെയും മനസ്സിലാക്കുന്നതും സംവേദനം സാധ്യമാക്കുന്നതും. അടിസ്ഥാനപരമായി മനുഷ്യൻ ഓർക്കേണ്ട കാര്യം സ്രഷ്ടാവിനോടുള്ള തന്റെ ബന്ധമാണ്. ദൈവത്തിന്റെ പ്രവൃത്തികൾ ഓർക്കാതെ മനുഷ്യനു ശരിയായ രീതിയിൽ ജീവിതം അസാധ്യമാണ്. ദൈവത്തെ മറക്കുമ്പോഴാണ് പിശാച് ഓർമയെ കീഴടക്കുന്നത്. പ്രകാശത്തെ മറയ്ക്കുമ്പോഴാണ് അന്ധകാരം വ്യാപിക്കുന്നത്. നന്മയെ ഓർക്കാതെ വരുമ്പോൾ തിന്മ പ്രബലമാകുന്നു.

**നിങ്ങൾ ശ്രവിക്കുവിൻ!**

ജ്ഞാനത്തിന്റെ പുസ്തകത്തിൽനിന്നുള്ള രണ്ടാംവായന (ജ്ഞാനം 6:1–10) ജനത്തിന്റെ നേതാക്കന്മാരോടു ശ്രവിക്കാനുള്ള നിർദേശമാണ്. ശ്രവിക്കേണ്ടത് കർത്താവിന്റെ വാക്കുകളാണ്. തങ്ങളാണ് സർവശക്തരെന്നു നേതാക്കന്മാർ കരുതരുത്. ദൈവത്തിന്റെ ശക്തി മനുഷ്യരുടെ ശക്തിയെക്കാൾ വലുതാണെന്നുള്ള എളിമയുടെ ബോധ്യം നേതാക്കന്മാർക്കുണ്ടായിരിക്കണം.

ജനത്തിന്റെ നേതാക്കന്മാർ ദൈവരാജ്യത്തിന്റെ സേവകന്മാരാണ് (6:4). ഭൂമിയിൽ ഈശോയിലൂടെ സ്ഥാപിതമായതും എന്നാൽ ഇനിയും പൂർത്തീകരിക്കേണ്ടതുമായ ദൈവരാജ്യത്തിന്റെ സേവകന്മാർ! ദൈവരാജ്യത്തിന്റെ പൂർണമായ സംസ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കാൻ നേതാക്കന്മാർ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ജനത്തെ ഈ ഭൂമിയിൽ നയിക്കാൻ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന നേതാക്കന്മാർ വഴിതെറ്റിപ്പോകാതെ ജ്ഞാനത്തോടെ (6:9) അവരെ നയിക്കണം.

ഇതിനായി രണ്ടു മാർഗങ്ങളാണ് ദൈവം നിർദേശിക്കുന്നത്: 'വിശുദ്ധമായത് വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും' (6:10). ദൈവികകാര്യങ്ങൾ വിശുദ്ധമായതുതന്നെയാണല്ലോ. അതിനാൽ, ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കുന്നതിൽ പ്രധാന പങ്കു വഹിക്കേണ്ട ജനത്തിന്റെ നേതാക്കന്മാർ ചെയ്യുന്ന കാര്യങ്ങളും വിശുദ്ധമായിരിക്കണം. വിശുദ്ധമായ കാര്യങ്ങൾ ചെയ്യാനുള്ള ഉത്സാഹക്കുറവ് അശുദ്ധകാര്യങ്ങൾ ദൈവജനത്തിലേക്കു കടക്കാൻ ഇടവരുത്തും.

രണ്ടാമത്തെ മാർഗം, നേതാക്കന്മാർക്കു ദൈവവചനം ശ്രവിക്കാൻ തുറവുണ്ടായിരിക്കണം (openness) എന്നതാണ്. ജ്ഞാനത്തോടെ ജനത്തെ നയിക്കാൻ നേതാക്കന്മാർ ദൈവത്തിന്റെ വചനത്തിൽ അഭിലാഷമർപ്പിക്കണം (6:11). ദൈവവചനശ്രവണവും വിചിന്തനവും ദൈവരാജ്യനിർമിതിക്കുതകുംവിധം നയരൂപവത്കരണത്തിനു നേതാക്കന്മാരെ സഹായിക്കും. സഭയുടെ ഉൾഘടകങ്ങളായ രൂപതകളും ഇടവകകളുമൊക്കെ ദൈവരാജ്യകേന്ദ്രീകൃതമായ പ്രവർത്തനങ്ങൾ ചെയ്യേണ്ടതു പ്രധാനമാണല്ലോ. സ്ഥാപനവത്കൃതമായ ആധുനികസംവിധാനങ്ങൾ സാമൂഹികസേവനം നിർവഹിക്കുന്നുണ്ടെങ്കിലും, ദൈവരാജ്യത്തിലേക്കു വളരുന്ന സഭാസംവിധാനം എന്ന നിലയിൽ എത്രമാത്രം കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നുണ്ടെന്ന് ആത്മശോധന ചെയ്യേണ്ടിയിരിക്കുന്നു.

**എന്തൊക്കെ ശ്രദ്ധിച്ചാലാണ്!**

ക്രിസ്ത്യാനികളുടെ ഇഹലോകജീവിതം ദൈവരാജ്യാനുഭവത്തിന്റെ മുന്നാസ്വാദനമാണ് എന്നു തിരിച്ചറിയുന്ന വി. പൗലോസ് ആ അനുഭവത്തെ ദൈവരാജ്യത്തിൽ പൂർണമാക്കാനുള്ള ചില സൂത്രവാക്യങ്ങൾ ലേഖനത്തിൽ നൽകുന്നു (1 തെസ. 5:12–24). ക്രിസ്ത്യാനികളുടെ മുഖമുദ്രയായ ക്ഷമ, സഹായമനഃസ്ഥിതി, ധൈര്യം, മറ്റുള്ളവരോടുള്ള ബഹുമാനം, നന്മ ചെയ്യാനുള്ള ശ്രദ്ധ, സന്തോഷം, പ്രാർത്ഥന, കൃതജ്ഞതാ പ്രകാശനം തുടങ്ങിയവ പരിശീലിക്കലും പ്രാവർത്തികമാക്കലുമാണ് ദൈവഹിതമെന്ന് പൗലോസ് ഓർമിപ്പിക്കുന്നു.

യഥാർത്ഥ ക്രിസ്തീയജീവിതം നയിക്കാനാവശ്യമായ രണ്ടു വഴികളെ പൗലോസ് ശ്ലീഹാ ചൂണ്ടിക്കാട്ടുന്നുണ്ട്: "എല്ലാം പരിശോധിച്ചുനോക്കുവിൻ. നല്ലവയെ മുറുകെപ്പിടിക്കുവിൻ" (5:21). ഇന്നത്തെ സമൂഹം തിന്മയിൽ വീഴാനുള്ള ഏറ്റവും വലിയ കാരണം, 'എല്ലാം പരിശോധിച്ചു നോക്കാനുള്ള' കഴിവില്ലായ്മയാണ്. കാലവും ശാസ്ത്രവും സഹപൗരരും മുന്നോട്ടുവയ്ക്കുന്നതെല്ലാം ശരിയാണെന്ന തെറ്റായ ബോധ്യം അപകടത്തിലേക്കു നയിക്കും. ദൈവവചനത്തിന്റെയും ക്രിസ്തീജീവിതചിന്തകളുടെയും അടിസ്ഥാനത്തിൽ രൂപവത്കരിക്കപ്പെട്ട മനഃസാക്ഷിയെ കൃത്യമായി ഉപയോഗിച്ചുള്ള പരിശോധന എല്ലാക്കാര്യങ്ങളിലും നടത്തണം.

നല്ലതേത്, ചീത്തയേത് എന്നു തിരിച്ചറിയാനുള്ള കഴിവ് മനുഷ്യന്റെയുള്ളിൽ പ്രകൃതിദത്തമായി നൽകപ്പെട്ടിട്ടുണ്ട്. ദൈവവചനവും ക്രിസ്തീയജീവിതപാഠങ്ങളും അതിനെ ആഴപ്പെടുത്തുകയും ദൃഢമാക്കുകയും ചെയ്യുന്നു. നല്ലതിനെ ചീത്തയായും, തിന്മയെ നന്മയായും സ്ഥാപിച്ചെടുക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇവിടെ നിയമം തെറ്റിക്കുന്നവർ നായകന്മാരാണ്! രണ്ടു കൈയും വിട്ട് ഇരുചക്രവാഹനമോടിക്കുന്ന യുവാക്കൾ 'പൊളി'യാണെന്നു പെൺകുട്ടികൾ വിലയിരുത്തുന്ന കാലം! ചെകുത്താന്റെ തലയുടെ ആകൃതിയുള്ള ഹെൽമറ്റുകൾ ധരിച്ചുനടക്കുന്ന അപ്പന്മാർ കുട്ടികൾക്കു വലിയ ഹീറോകൾ! ഇതപകടമാണ് എന്നു പറയുന്നവർ പിന്തിരിപ്പന്മാർ!

എല്ലാം പരിശോധിച്ചു നന്മയെ തിരിച്ചറിഞ്ഞുകഴിഞ്ഞാൽ മാത്രം പോരാ, ആ നന്മയെ മുറുകെപ്പിടിക്കാൻ തയ്യാറാവുകയും വേണം. നന്മയെ മുറുകെപ്പിടിക്കുന്നതിലൂടെ കുരിശുമരണമാകാം ചിലപ്പോൾ ലഭിക്കുന്നത്. അതാണ് യഥാർത്ഥ ജീവിതം. തിന്മ ചെയ്യുന്നവരുടെ ഇടയിൽ നന്മ ചെയ്തു ജീവിക്കാൻ വലിയ ബുദ്ധിമുട്ടാണ്. കൈക്കൂലി വാങ്ങുന്ന സഹപ്രവർത്തകരുടെയിടയിൽ അങ്ങനെയല്ലാതെ ജോലി ചെയ്യുക ശ്രമകരമാണ്. നിയമമനുസരിക്കാതെ വാഹനമോടിക്കുന്നവരുടെയിടയിൽ നിയമം അനുസരിക്കുക യെന്നതു ബുദ്ധിമുട്ടേറിയതാണ്. നഷ്ടങ്ങളുണ്ടാകാം. പക്ഷേ, ആ നഷ്ടങ്ങൾ ശാശ്വതമല്ല. കൈക്കൂലി വാങ്ങി ജോലി ചെയ്യുന്ന ഒരുദ്യോഗസ്ഥനും പിടിക്കപ്പെടാതെ പോയിട്ടില്ല. അഥവാ പിടിക്കപ്പെടാതെപോയാലും അവന്റെ മനഃസാക്ഷിയുടെ സ്വരത്തിന്റെ ആരോപണം സമാധാനത്തോടെ ജീവിക്കാൻ അവനെ സമ്മതിക്കില്ല. എന്നാൽ, ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അതിനപ്പുറമാണു കാര്യങ്ങൾ. ദൈവരാജ്യമഹത്ത്വത്തിലേക്കു പ്രവേശിക്കാനുള്ള അടിസ്ഥാനപരമായ ദൗത്യമായി മാറുന്നു, നന്മ നിറഞ്ഞ സാമൂഹികജീവിതം.


**ദൈവരാജ്യത്തിൽ ആയിരിക്കുന്നവർ നമ്മൾ!**

ദൈവരാജ്യത്തിലേക്കു വളരാനുള്ള പരിശ്രമം നടത്തുമ്പോൾത്തന്നെ ദൈവരാജ്യത്തിൽ ആയിരിക്കുന്നവരാണ് നാം എന്ന തിരിച്ചറിവ് ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ നമുക്കു നൽകുന്നു (മത്താ. 12:22–32). പിശാചുക്കളുടെ തലവനെക്കൊണ്ടാണ് ഈശോ പിശാചുക്കളെ ബഹിഷ്കരിക്കുന്നതെന്നാണ് ആരോപണം. അതായത്, പിശാചും ഈശോയും തമ്മിലുള്ള ഒത്തുകളിയാണിതെന്നാണ് അവരുടെ നിലപാട്. ഇതൊരു തെറ്റായ നിലപാടാണെന്നു മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ല. കാരണം, യഹൂദരുടെ ഇടയിൽത്തന്നെ പിശാചിനെ ബഹിഷ്കരിക്കുന്നവരുണ്ടായിരുന്നു. അവരൊക്കെയും പിശാചുക്കളുടെ തലവനെ കൂട്ടുപിടിച്ചാണ് ഇങ്ങനെ ചെയ്യുന്നതെന്ന് യഹൂദർ അംഗീകരിക്കില്ല എന്നതു വാസ്തവമാണല്ലോ.

"എന്നാൽ, ദൈവാത്മാവിനെക്കൊണ്ടാണ് ഞാൻ പിശാചുക്കളെ ബഹിഷ്കരിക്കുന്നതെങ്കിൽ, ദൈവരാജ്യം നിങ്ങളിൽ വന്നുകഴിഞ്ഞു" (12:28). രണ്ട് ആത്മീയരഹസ്യങ്ങൾ ഈശോ ഇവിടെ വെളിപ്പെടുത്തുന്നു. ഒന്ന്, ഈശോയുടെ പ്രവർത്തനത്താൽ, വാക്കുകൾകൊണ്ട് പിശാചുക്കൾ ബഹിഷ്കരിക്കപ്പെടുന്നുണ്ട്, അത് ദൈവാത്മാവിന്റെ പ്രവർത്തനമാണ്. രണ്ട്, ഈശോയിലൂടെ നടക്കുന്നത് ദൈവാത്മാവിന്റെ പ്രവർത്തനമായതിനാൽ പരിശുദ്ധ ത്രിത്വത്തിന്റെ പ്രവൃത്തികൾ, ദൈവരാജ്യത്തിന്റെ പ്രവൃത്തികൾ ഇവിടെ തുടങ്ങിക്കഴിഞ്ഞു. ഈശോയുടെ വചനങ്ങളിലൂടെ, പ്രവൃത്തികളിലൂടെ വെളിവാകുന്ന ദൈവരാജ്യത്തെ ഈ ഭൂമിയിൽ സ്വീകരിക്കുകയും അതിനെ പൂർണതയിലേക്കു നയിക്കുകയും ചെയ്യുക എന്നതാണു ക്രൈസ്തവദൗത്യം.

സമൂഹത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ദൈവാത്മാവിനെ തള്ളിപ്പറയുക എന്നത് ദൈവത്തെ നിരാകരിക്കുന്നതിനു തുല്യമാണ്. അതായത്, ഒന്നാം പ്രമാണത്തിന്റെ ലംഘനമെന്നു സാരം. തന്റെ മനുഷ്യപ്രകൃതിയിൽ ഈശോ യഹൂദരുടെയിടയിൽ ചെയ്യുന്ന കാര്യങ്ങൾ തിരിച്ചറിയാതെ ഈശോയെ തള്ളിപ്പറയുന്നവരോടു ക്ഷമിക്കപ്പെടും. എന്നാൽ, ദൈവത്തിന്റെ ആത്മാവിന്റെ സാന്നിധ്യം തിരിച്ചറിഞ്ഞിട്ടും അതിനെ അംഗീകരിക്കാത്തവരോടു ക്ഷമിക്കപ്പെടുകയില്ലെന്ന് ഈശോ സൂചിപ്പിക്കുന്നു. ■


**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

(ഈ പ്രാർത്ഥന 9 പ്രാവശ്യം ചൊല്ലുക.)

**ബിന്ദു സുരേഷ്**
**മുളയ്ക്കൽ, പാലാ**

# അനുഭവങ്ങളുടെ ഗ്രന്ഥപ്പുര



രേഷ്മ രാധാകൃഷ്ണൻ



Dear Priya,
Some flowers do not yield fragrance until they are crushed.
- Ashitha

'എന്റെ കൊത്തങ്കല്ലുകൾ' എന്ന തന്റെ ബുക്കിൽ പ്രിയ എ.എസ്. കുറിച്ചിട്ട, പ്രിയ എഴുത്തുകാരിയുടെ വരികൾ. 2022 ലെ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനജേതാവായ എൺപത്തിരണ്ടുകാരിയായ ആനി എർനൊയെക്കുറിച്ചു വായിക്കുമ്പോഴെല്ലാം അഷിത കുറിച്ച കത്തിലെ വരികൾ ഉള്ളിൽ നിറഞ്ഞുനിന്നു.

ലോകയാഥാർത്ഥ്യങ്ങളെ കാല്പനികവത്കരിക്കാതെ, നേരനുഭവങ്ങളായി കുറിച്ചതാണ് ആനി എർനോവിൻെറ കൃതികൾ. ഓർമകളെ നിർമിക്കുകയല്ല; മറിച്ച്, വർത്തമാനകാലത്ത് വേരൂന്നി ഓർമകളെ തൊങ്ങലുകളില്ലാതെ പറയുന്ന എഴുത്തുരീതി. കൃതികൾ വായിച്ചുതീരുമ്പോൾ ലോകം ഇത്രമാത്രം ഇരുണ്ടതാണോയെന്ന ചിന്ത അസ്വസ്ഥതപ്പെടുത്തുന്നു. എഴുത്തുകാരനും പരിഭാഷകനുമായ ജയകൃഷ്ണൻ പറയുന്നത് ഇങ്ങനെയാണ്: എർനോവിനു ജീവിതം പലപ്പോഴും പേടിസ്വപ്നങ്ങൾ മാത്രം സമ്മാനിക്കുന്ന ഒന്നാണ്. മരണവും മറവിയും രോഗവും കാമവും പ്രണയവും പ്രണയനൈരാശ്യവും ഗർഭച്ഛിദ്രവും പരുവപ്പെടുത്തിയ ജീവിതമാവാം ആനി എർനോവിന്റെ സത്യസന്ധമായ സാഹിത്യജീവിതത്തിന്റെ ഇന്ധനം.

1940 ൽ ഫ്രാൻസിലെ നോർമൻഡിലെ യിവെറ്റോ പട്ടണത്തിലെ ഒരു തൊഴിലാളിക്കുടുംബത്തിൽ ജനിച്ച എർനോവിന്റെ ജീവിതം അത്ര ലളിതമായിരുന്നില്ല. ഫ്രാൻസിലെ ആണെഴുത്തിന്റെ, കാഴ്ചയുടെ, നിയന്ത്രണങ്ങളുടെ ഇടത്തേക്കാണ് തന്റെ അനുഭവങ്ങളെ എഴുത്താക്കി എർനോവ് കടന്നുചെന്നത്.

മാധവിക്കുട്ടിയുടെ തുറന്നെഴുത്തുകളെ ഭയന്ന, അതിൽ അസ്വസ്ഥമായ സമൂഹം അവരെ അശ്ലീല എഴുത്തുകാരിയായി നിർവചിച്ചു തിരസ്കരിച്ചു. ഇതേ സമൂഹം പിന്നീടത് ആസ്വദിച്ചു. എർനോവ് നേരിട്ടതും ഇതേ വിമർശനങ്ങളെയായിരുന്നു. ഒരാളുടെ വ്യക്തിജീവിതം സമൂഹത്തെ സംബന്ധിച്ചിടത്തോളം എങ്ങനെയാണ് അപ്രധാനമാവുന്നത്? ഭാഷയുടെ, വായനയുടെ, അനുഭവങ്ങളുടെ കരുത്തോടെ അവ തുറന്നുപറയുന്നവർ എങ്ങനെയാണ് അശ്ലീല എഴുത്തുകാരാവുന്നത്? വ്യക്തിജീവിതം നിസ്സാരമല്ല; മറിച്ച്, അനുഭവങ്ങൾതന്നെയാണ് ലോകജ്ഞാനമെന്ന് എർനോവ് പറയുന്നു. എർനോവിന്റെ എഴുത്തുജീവിതം അവർ പോരാടിനേടിയതാണ്.

1974 ൽ പുറത്തിറങ്ങിയ 'ക്ലീൻഡ് ഔട്ട്' ആണ് എർനോവിന്റെ ആദ്യനോവൽ. വിദ്യാർത്ഥിനിയായിരിക്കേ ഗർഭച്ഛിദ്രം ചെയ്യേണ്ടിവന്ന്, നിസ്സഹായതയിൽനിന്ന് നിർമമതയോളം എത്തുന്ന ഡെനിസ് എന്ന ഇരുപതുവയസ്സുകാരിയുടെ കഥയാണിത്. മറവിരോഗബാധിതയായ അമ്മയെക്കുറിച്ച് എഴുതിയ 'A Woman's Story', അച്ഛനെക്കുറിച്ച് എഴുതിയ 'A Man's Place', A simple Passion, ഗർഭച്ഛിദ്രം വിഷയമായ 'Happening', 2019 ലെ മാൻ ബുക്കർ പ്രൈസിനു നാമനിർദേശം ചെയ്യപ്പെട്ട 'The Years' എന്നിവ ശ്രദ്ധേയമായ കൃതികളാണ്.

ഈ രചനകളിലെല്ലാം അവർ സ്വീകരിച്ച ഭാഷ തുറന്നെഴുത്തിന്റേതായിരുന്നു. ഒരാളെക്കുറിച്ച് അയാൾക്കല്ലാതെ ആർക്കാണ് ഏറ്റവും മനോഹരമായി പറയാൻ കഴിയുക? ശരീരത്തെ, മനസ്സിനെ, ചിന്തകളെ, വ്യക്തികളെ, പ്രസ്ഥാനങ്ങളെ, ആശയങ്ങളെ ഭയപ്പെടാതെ ജീവിക്കാൻ കഴിയുകയെന്നതാണ് ഏറ്റവും മനോഹരം. ആ ജീവിതത്തെ പകർത്തുമ്പോൾ ഏറ്റവും സത്യസന്ധമായിട്ടാവണം. എർനോവിന്റെ എഴുത്തുവഴി അതായിരുന്നു.

പ്രായമാവുമ്പോൾ നാം സുതാര്യരാവുമെന്ന് എർനോ പറഞ്ഞത് ഓർക്കുന്നു. വീട്ടിലെ അടുക്കളജോലികൾക്കിടയിൽ, റേഡിയോയിലൂടെ നൊബേൽ പുരസ്കാരം തനിക്കാണെന്നറിഞ്ഞപ്പോൾ മരുഭൂമിയിൽ തനിച്ചുനിന്ന ഒരാളെ ആകാശം വിളിച്ചപോലെ സന്തോഷം തോന്നിയെന്ന് എർനോ പറയുന്നു. എർനോവിന്റെ സുതാര്യത പ്രായം സമ്മാനിച്ചതാവില്ല. എഴുത്തിലും ജീവിതത്തിലും സുതാര്യമാവണമെന്നത് അവരുടെ സത്യസന്ധമായ നിശ്ചയമായിരുന്നിരിക്കണം.

എഴുത്തിന്റെ അമ്പതു വർഷങ്ങൾക്കിപ്പുറം ലഭിച്ച പുരസ്കാരത്തിൽ അവർ നമ്മോടുപറയാൻ ശ്രമിക്കുന്നത് ഇത്രമാത്രം:

'നിരന്തരമായി വായിക്കുക, എഴുത്തിൽ സത്യസന്ധമായിരിക്കുക.'

പി. ഭാസ്കരന്റെ 'പാടുന്ന മണൽത്തരികളി'ൽ അവസാനം കുറിച്ചതുപോലെ,

'കരളലിഞ്ഞതു പാടുവാൻ
നീളെ
കഴിവെഴുന്നവർ ആരുണ്ട്
നാളെ?'

എർനോ പറയുന്നതുപോലെ, ഭാസ്കരൻ മാസ്റ്റർ പാടിയതുപോലെ, കനിവും കഴിവും നിറഞ്ഞവർ ഭയപ്പെടാതെ നാളയെക്കുറിച്ചു പാടട്ടെ, പറയട്ടെ...

■

നുറുങ്ങുചിന്ത

ഉണ്ണി വാരിയത്ത്

## സംശയിക്കാമെങ്കിലും

പുരോഗമനത്തിന്റെ പേരിൽ, പരിഷ്കാരത്തിന്റെ പേരിൽ, ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്നു അടുക്കള.

തീൻമേശപ്പുറത്തെ ഫാസ്റ്റ്ഫുഡ് വിഭവങ്ങൾ വെട്ടിവിഴുങ്ങുകയാണു വീട്ടുകാർ. ഇനിയുള്ള കാലം അടുക്കള നാമാവശേഷമായിത്തീരുമോ?

സംശയിക്കാമെങ്കിലും, സംഭവിക്കാതിരിക്കട്ടേയെന്ന് ആശിക്കാനേ കഴിയൂ.

കവിത

കാരിത്തടം വർക്കി

## സുകൃതം



അച്ഛനെന്നോർക്കുമ്പോളുള്ളിൽ തെളിയുന്നു
ജീവൻ തുടിക്കുന്ന നന്മമരം...
ബാല്യകൗമാരങ്ങൾ വർണാഭമാക്കിയെൻ
അച്ഛനോ ദുരിതത്തിൻ ബാല്യകാണ്ഡം...

ഉണ്ണിവയർ നാലന്നൂട്ടുവാനച്ഛനോ
രാവന്തിയോളം വിയർപ്പൊഴുക്കി...
ചോറിന്നുകാലമാം മുന്നെവന്നെത്തിടും
കൈകളിൽ സ്നേഹത്തിൻ കരുതലുമായ്...
സ്നേഹമൂറും പലഹാരം നുണയേ
കുറുമ്പുമായ് ഞങ്ങൾ മതിമറക്കും...
അന്നേരമുയരും ശകാരവർഷങ്ങളാം
അടുക്കളച്ചൂടച്ഛൻ ആർദ്രമാക്കും...
കുട്ടികളായാൽ കുറുമ്പു കാണിച്ചീടും
വിട്ടുകളയാൻ പറയുമച്ഛൻ...

അകലെയെന്നാകിലും അരികിലായുണ്ടെന്റെ
ജന്മസാഫല്യമായ് തീർന്നൊരച്ഛൻ...
ആ സ്നേഹസാന്ത്വനം ലോകമറിഞ്ഞിടാൻ
എഴുതുമീ വാക്കു തികയുകില്ല...
ആർദ്രം വിലോലമെൻ ഹൃദയം നിറയുന്നു
അച്ഛനെ അത്രമേലേറെയിഷ്ടം...

സന്ധ്യയിൽ അച്ഛമ്മ മടിയിലിരുത്തീട്ട്
കണ്ണുനീരിറ്റോ പറഞ്ഞുതീർത്തച്ഛന്റെ
തീരാത്ത നോവിൻ ദുരിതബാല്യം...

അച്ഛനു നഷ്ടമായച്ഛന്റെ സ്നേഹവും
കരുതലും അതിരറ്റ ലാളനയും...
പുസ്തകം ഭാരമായ് തീരുമെന്നോർത്തന്ന്
ജീവിതഭാണ്ഡം ചുമലിലേറ്റി...
ബന്ധുക്കളൊക്കെ മുഖം തിരിക്കേ വിധി-
ഒറ്റയ്ക്കു പൊരുതി ജയിച്ചുകേറി...
ആശ്രയമായൊരു കൂട്ടതൊന്നില്ലാത്ത
നൊമ്പരം രാവു പകലാക്കിയോ...

പെറ്റമ്മയെയും ഉടപ്പിറന്നോനെയും
പോറ്റുന്നതെങ്ങനെന്നോർത്തിരിക്കാം...
അന്നുതൊട്ടേ നാട്ടിലുള്ളവർക്കും
കുടുംബത്തിനും സ്നേഹസ്വരൂപമച്ഛൻ...

സങ്കടക്കടലു തുഴഞ്ഞച്ഛനൊറ്റയ്ക്കു
മക്കളെ ഒരു കരയ്ക്കെത്തിക്കിലും...
നൊമ്പരം മാത്രം തിരികെക്കൊടുത്തവർ
വേദന തിന്നു ചിരിച്ചുവച്ഛൻ....
എന്റെ പൊന്നോമനയ്ക്കച്ഛനില്ലാതാകെ
ഉള്ളു പിടഞ്ഞെന്നെ കാത്ത സ്നേഹം...

നര വീണ ദിനരാത്രമൊക്കെയുമിന്നുമാ-
ജീവിതം മക്കൾക്കു മാത്രമായി...
ആ സ്നേഹം ഇനിയെത്ര കൈവഴി താണ്ടിലും
എന്നച്ഛനാണെന്നെന്നുമെന്റെ സ്നേഹം...
സ്നേഹാർദ്രമായ് അച്ഛനമ്മമാരോടൊപ്പം
കഴിയുന്ന ജീവിതം സുകൃതമല്ലേ...

# രുചിവൈവിധ്യങ്ങളുടെ പറുദീസ തേടി

## കേരളത്തിൽ ഫുഡ് ടൂറിസം വളരുന്നു



ഹണി സുധീർ

യാത്രകളുടെ ലഹരികൾ കാഴ്ചകളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. അതതു ദേശത്തിന്റെ സാംസ്കാരികപാരമ്പര്യവും ചരിത്രവും ഒപ്പം രുചിഭേദങ്ങളും അറിയാൻ കൂടിയാണ്. ഇന്ന് വ്യത്യസ്ത രുചികൾ തേടി യാത്രകൾ ചെയ്യുന്നുണ്ട് നമ്മൾ. വിവിധനാടുകളിലെ രുചിക്കൂട്ടുകൾ നമ്മുടെ മുന്നിൽ കൈയെത്തും അകലത്തിലുണ്ട്. പൊതുവെ നമ്മൾ മലയാളികളുടെ ഭക്ഷ്യസംസ്കാരം ഏറെ പ്രസിദ്ധമാണല്ലോ. വൈവിധ്യങ്ങൾ നിറഞ്ഞൊരു ഭക്ഷണസംസ്കാരംതന്നെ കേരളീയർക്കുണ്ട്.

ഓരോ ജില്ലയായി തരംതിരിച്ചുനോക്കിയാൽ ഓരോതരം ഭക്ഷണരീതികളുണ്ട്. പ്രാദേശികമായി നോക്കിയാൽ സസ്യഭക്ഷണവും സസ്യേതരഭക്ഷണവുമുണ്ട്. നമ്മുടെ വിഭവങ്ങളിൽ പ്രസിദ്ധമായത് സദ്യയാണ്.

കേരളീയസദ്യ വിദേശസഞ്ചാരികൾക്ക് ഏറെ പ്രിയമാണ്. നിറയെ കറികളൊരുക്കി വാഴയിലയിൽ ഊണു കഴിക്കുന്ന സദ്യ ഒരുപക്ഷേ, കേരളീയർക്കു മാത്രം സ്വന്തമാണ്. കാസർകോടുമുതൽ തിരുവനന്തപുരംവരെ സസ്യവിഭവങ്ങളിലും സസ്യേതരവിഭവങ്ങളിലും ഒരുപാടു മാറ്റങ്ങളുണ്ട്. ഉണ്ടാക്കുന്ന രീതികളിലും ചേരുവകളിലും വ്യത്യാസമുണ്ട്.

മലബാർഭാഗത്ത് ഏറെ പ്രസിദ്ധമാണ് തലശ്ശേരി ബിരിയാണി. കേരളത്തിൽ അങ്ങോളമിങ്ങോളം മലബാർ എന്ന പേരിൽത്തന്നെ ഹോട്ടലുകളുണ്ട്. മലബാർ രുചി അല്ലെങ്കിൽക്കൂടി ബിരിയാണിയുടെ പേര് മലബാറിനു സ്വന്തം.

എവിടെ മലയാളിയുണ്ടോ അവിടെയൊരു ചായക്കടയുണ്ടാകും എന്നൊരു ചൊല്ലുണ്ട് നാട്ടിൽ. കേരളീയരുടെ ദിവസം തുടങ്ങുന്നതുതന്നെ ചായയിൽനിന്നാണ്. പുതുരുചികൾ തേടി പോകുന്നിടങ്ങളിലും വ്യത്യസ്തങ്ങളായ ചായക്കടകളും ചായയും ലഭ്യമാണ്. ചായക്കടകളുടെ പരിഷ്കരിച്ച പതിപ്പുകളായി ഇപ്പോൾ തട്ടുകടകൾ മാറിയിരിക്കുന്നു. ധാരാളം വൻകിടഹോട്ടലുകളെക്കാൾ ആളുകൾ പുതുരുചികൾക്കായി തട്ടുകടകളെ തേടിപ്പോകാൻ തുടങ്ങിക്കഴിഞ്ഞു.

അന്യസംസ്ഥാനത്തൊഴിലാളികളുടെ വരവോടെയാണ് കൂടുതലും നോർത്ത് ഇന്ത്യൻ രുചിക്കൂട്ടുകളുടെ തട്ടുകടകൾ വഴിയോരങ്ങളിൽ കാണാൻ തുടങ്ങിയത്. പാനിപ്പൂരി, ഭേൽപൂരി, കാളൻ എന്നീ രുചികൾ കേരളീയരുടെ മുന്നിലെത്തിയത് കൂടുതലും അവരുടെ വരവോടെയാണ്. സമ്മിശ്രമായൊരു രുചിക്കാഴ്ച നമ്മുടെ നാട്ടിലിന്നു കാണാൻ കഴിയുന്നുണ്ട്. ഫുഡ് ടൂറിസത്തിന്റെ വളർച്ചയാണിതു സൂചിപ്പിക്കുന്നത്.



അറേബ്യൻരുചികൾ തേടി നമ്മളിനി ഗൾഫ് നാടുകളിൽ അലയേണ്ട കാര്യമില്ല. നിരവധി ഹോട്ടലുകൾ നമ്മുടെ കേരളത്തിൽ വന്നുകഴിഞ്ഞു. ഏറെ വിവാദമുണ്ടാക്കാറുള്ള ഒരു അറേബ്യൻ ഭക്ഷണമാണ് ഷവർമ. ചുരുങ്ങിയ കാലം കൊണ്ടുതന്നെ കേരളീയരുടെ ഇഷ്ടഭക്ഷണങ്ങളുടെ ലിസ്റ്റിൽ ഷവർമ കയറിക്കഴിഞ്ഞു. അൽഫം, കുഴിമന്തി, ഷവർമ തുടങ്ങിയ രുചികൾ തേടി മാത്രം യാത്രപുറപ്പെടുന്നവരുണ്ട്.

തമിഴ്സംസ്കാരം അന്തിയുറങ്ങുന്ന പാലക്കാടൻ പെരുമ ലോകമൊട്ടാകെ കേൾപ്പിച്ച ഒരു വിഭവമാണ് രാമശ്ശേരി ഇഡ്ഡലി. വിദേശികൾ ഉൾപ്പെടെ അനേകം യാത്രികർ എത്തിപ്പെടുന്ന ഒരു കൊച്ചുഗ്രാമമാണ് പാലക്കാട്ടെ രാമശ്ശേരി എന്ന സ്ഥലം. വിറകടുപ്പിൽ മൺചട്ടിയിലാണ് ഇഡ്ഡലി ഉണ്ടാക്കിയെടുക്കുന്നത്. കോപ്പി ചെയ്യാൻ പറ്റാത്തൊരു ചേരുവയാണ് രാമശ്ശേരി ഇഡ്ഡലിയുടേത്.

കുട്ടനാടൻ കാഴ്ചകൾ തേടിപ്പോകുന്നവരെ ആകർഷിക്കുന്ന മുഖ്യമായ കാര്യം കടൽവിഭവങ്ങളാണ്. കായലിലൂടെ ഒരു ബോട്ടിങ്ങും മീൻരുചികളുമാണ് കുട്ടനാടൻ ടൂറിസത്തിൽ പ്രധാനം. കേരളത്തിന്റെ മത്സ്യസമ്പത്ത് ലോകപ്രസിദ്ധമാണ്. ഇന്ത്യയിൽ മറ്റേതൊരു സംസ്ഥാനത്തെയുംകാൾ കൂടുതലായി മത്സ്യവിഭവങ്ങളുള്ളത് കേരളീയർക്കാണ്.

കപ്പയും മീൻകറിയും നമ്മുടെ സാധാരണ ഭക്ഷണത്തിൽ ഉൾപ്പെടുന്നുണ്ടെങ്കിലും, ഇന്നു കാണുന്ന പല തട്ടുകടകളിലെയും പ്രധാനഭക്ഷണയിനങ്ങളായി ഇവ മാറിയിരിക്കുന്നു.

ആളുകൾ പഴമകൾ തേടി പോകാൻ തുടങ്ങിക്കഴിഞ്ഞു. സംസ്കാരമാണെങ്കിലും, രുചിയാണെങ്കിലും പഴമയെ ഇഷ്ടപ്പെട്ടുതുടങ്ങി. അങ്ങനെയാണ് വില്ലേജ് ഫുഡ് എന്നൊരു ഐക്കൺതന്നെ ടൂറിസത്തിന്റെ ഭാഗമായത്. പണ്ടത്തെപ്പോലെ പിഞ്ഞാണങ്ങളും മൺചട്ടികളും നമ്മുടെ ഡൈനിങ് ടേബിളിൽ നിറഞ്ഞുതുടങ്ങി.

കഞ്ഞിയും പുഴുക്കും, അതും കലത്തിൽ കഴിക്കാൻ ഇഷ്ടപ്പെടുന്ന ഭക്ഷണപ്രേമികൾക്കായി നിരവധി ഹോട്ടലുകൾ നമ്മുടെ നാട്ടിലിന്നുണ്ട്. ഇത്തരം കടകളുടെ പേരുകളും പഴമയെ വിളിച്ചോതുന്നവയാണ്. രുചികൾ ദിനംതോറും പുതുമയോടെ വ്യത്യസ്തമായി വരുന്നുണ്ട്. സഞ്ചാരികളുടെ പറുദീസകൾ ഹോട്ടലുകളാണോയെന്നു തോന്നിപ്പോകുന്നത്ര തിരക്ക് അവധിദിവസങ്ങളിൽ നമുക്കു കാണാൻ കഴിയും. ■

## സാന്ത്വനം

# എന്നെക്കണ്ടാൽ പ്രായം തോന്നുമോ?



സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം.

അപ്പച്ചൻചേട്ടൻ വിഷാദവദനത്തോടും സങ്കടഭാവത്തോടും കൂടിയാണ് സംസാരിച്ചുതുടങ്ങിയത്. ആദ്യം കൊറോണ വൈറസിനെക്കുറിച്ചും അതിന്റെ വ്യാപനത്തെക്കുറിച്ചുമായിരുന്നു സംസാരമത്രയും. സാവധാനം വിഷയത്തിലേക്കു കടന്നു. അപ്പച്ചൻചേട്ടനെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നം കുർബാനയിൽ തനിക്കു സംബന്ധിക്കാൻ സാധിക്കുന്നില്ല എന്നതാണ്. കാരണം, കൊവിഡ് നിയന്ത്രണത്തിന്റെ ഭാഗമായി 65 വയസ്സിനു മുകളിലുള്ളവർക്കു ദൈവാലയസന്ദർശനത്തിനേർപ്പെടുത്തിയ വിലക്കുതന്നെ. അടിസ്ഥാനപ്രശ്നം ഇതൊന്നുമല്ല. തനിക്ക് 69 വയസ്സു കഴിഞ്ഞെന്നും ഉടനെ എഴുപതാകുമെന്നും നാട്ടുകാർ അറിഞ്ഞതും അതേപ്പറ്റി ചോദിക്കുന്നതുമാണ്. യഥാർത്ഥത്തിൽ അദ്ദേഹത്തെ കണ്ടപ്പോൾ ഞാൻ കരുതിയത് ഒരു അമ്പത്, അമ്പത്തിയഞ്ചുകാരൻ എന്നാണ്.

ഇന്ന് ഈ പ്രശ്നം ഒരു അപ്പച്ചൻചേട്ടനിൽ മാത്രം ഒരുങ്ങിനിൽക്കുന്നതല്ല; ആരാധനാലയതിരുക്കർമങ്ങൾക്കു പ്രായപരിധി നിശ്ചയിച്ചതോടെ, അത് 65 വയസ്സിനു മുകളിൽ പ്രായമായ പലർക്കും മാനസികപിരിമുറുക്കത്തിനും മ്ലാനതയ്ക്കും ഇടയാക്കി. അറുപതു കഴിഞ്ഞ പലരും മുടി ഡൈ ചെയ്തും, മറ്റു സൗന്ദര്യസംരക്ഷണവസ്തുക്കൾകൊണ്ടും സാധാരണജീവിതം നയിച്ചുപോരുന്നവരാണ്. എന്നാൽ, പ്രായം ആരാധനയ്ക്കു മാനദണ്ഡമാക്കിയപ്പോൾ അത് ഇക്കൂട്ടരെ വിഷാദത്തിലേക്കും നിരാശയിലേക്കും തള്ളിയിട്ടു. തങ്ങൾക്കു പെട്ടെന്നു പ്രായമായി എന്ന ഒരു തോന്നൽ ഇവരിൽ ശക്തിപ്പെട്ടു. എനിക്ക് ഓർമക്കുറവുണ്ടോ? എന്നെക്കണ്ടാൽ ഒരുപാട് പ്രായം തോന്നുമോ? മറ്റുള്ളവർ എന്നെ ഇഷ്ടപ്പെടുമോ? അംഗീകരിക്കുമോ? ഇങ്ങനെയുള്ള നിരവധി ചോദ്യങ്ങളാൽ ഇവർ വീർപ്പുമുട്ടി. ഇവരെ കുടുംബങ്ങളിലുള്ളവർ വേണം ശക്തിപ്പെടുത്താനും ധൈര്യപ്പെടുത്താനും. ഇന്ന് 65 വയസ്സിനുമുകളിൽ പ്രായമായ പലരുടെയും മക്കൾ വിദേശത്തായതിനാൽ ഒറ്റയ്ക്കാണ് എന്ന സങ്കടവും നാം കാണാതെപോകരുത്.

പ്രായത്തെച്ചൊല്ലിയുള്ള കളിയാക്കലുകൾ, തമാശകൾ ചിലപ്പോൾ ഇവരുടെ മനസ്സിനെ പെട്ടെന്നു മുറിപ്പെടുത്തുന്നു. ഈ മുറിവുകളാണ് അവരിലെ ദേഷ്യം, നിരാശ, കാർക്കശ്യസ്വഭാവം ഇവയ്ക്കു കാരണം.

സിഗ്മണ്ട് ഫ്രോയിഡ് തന്റെ അറ്റാച്ച്മെന്റ് തിയറിയിൽ കുട്ടികൾക്ക് അമ്മയോടുള്ള വൈകാരിക അടുപ്പം എന്തു മാത്രം പ്രാധാന്യം അർഹിക്കുന്ന എന്നു വിവരിക്കുന്നുണ്ട്. അതുപോലെതന്നെ, പ്രാധാന്യമർഹിക്കുന്നതാണ് പ്രായമായവർക്ക് തങ്ങളുടെ ചുറ്റുപാടുമുള്ളവരോടുള്ള അടുപ്പം. അതായത്, ആറും അറുപതും ഒരുപോലെ എന്ന പഴഞ്ചൊല്ല് തള്ളിക്കളയാവുന്നതല്ല. പ്രായമായവർക്ക് ദൈവവുമായുള്ള അടുപ്പം ഒരുപാട് കൂടുതലുണ്ട്. ഈ അടുപ്പംപോലെതന്നെയാണ് മക്കളോടും കൊച്ചുമക്കളോടുമുള്ള അടുപ്പം. ഇവർക്കുവേണ്ടി ബലിയർപ്പിച്ചു പ്രാർത്ഥിക്കാനുള്ള ആഗ്രഹവും ഇവരിൽ കൂടുതലാണ്. തങ്ങളുടെ ഈ പ്രായത്തിൽ സമപ്രായക്കാരെ കാണാനും അവരോട് തങ്ങളുടെ ജീവിതകഥകൾ പങ്കുവയ്ക്കാനുള്ള ഒരു പ്രധാനവേദിയാണ് ആരാധനാലയങ്ങൾ. ഈ അടച്ചുപൂട്ടൽ ആദ്യകാലങ്ങളിൽ എല്ലാവരും അംഗീകരിച്ചിരുന്നു. അതിൽ വലിയ മാനസികപ്രശ്നങ്ങളും ഇല്ലായിരുന്നു. എന്നാൽ, 65 വയസ്സിനു മുകളിൽ പ്രായമായ, ശാരീരിക മാനസിക പ്രശ്നങ്ങളില്ലാത്ത മുതിർന്നവരെ മാറ്റിനിറുത്തുന്നതു പ്രോത്സാഹിപ്പിക്കാൻ പറ്റുന്ന കാര്യമല്ല. കാരണം, ഈ വിവേചനം ശാരീരിക മാനസികാസ്വസ്ഥതകൾ ഇവരിൽ വർദ്ധിപ്പിക്കാനേ സഹായിക്കൂ.

വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ പുതിയ മാനദണ്ഡമനുസരിച്ച്, 65 വയസ്സുവരെ യൗവനമാണ് എന്ന വസ്തുത ഇക്കൂട്ടർ മനസ്സിലാക്കുന്നത്, തങ്ങൾ വൃദ്ധരായി എന്ന ചിന്താഗതിയെ അകറ്റിക്കളയാൻ ഉപകരിക്കും. ■



# ദേശങ്ങളെ ധന്യമാക്കിയ പ്രേഷിതചൈതന്യം

## ചെറുപുഷ്പമിഷൻലീഗ് പ്ലാറ്റിനം ജൂബിലിനിറവിൽ



ബിനോയി പള്ളിപ്പറമ്പിൽ

ഭരണങ്ങാനത്തു മുളച്ചു പൊന്തി, ദേശദേശാന്തരങ്ങളിൽ ശാഖകൾ വീശി, പടർന്നുപന്തലിച്ചു നിൽക്കുന്ന അന്തർദേശീയ അല്മായസംഘടനയായ ചെറുപുഷ്പമിഷൻലീഗ് സ്ഥാപിതമായിട്ട് 75 വർഷം പൂർത്തിയാവുന്നു. ലെയോ 13-ാം മാർപാപ്പായുടെ 'ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന വാചകം ആദർശവാക്യമായി സ്വീകരിച്ച് ബഹു. ജോസഫ് മാലിപ്പറമ്പിലച്ചന്റെയും ശ്രീ. പി. സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെയും നേതൃത്വത്തിൽ 1947 ഒക്ടോബർ മൂന്നിന് സംഘടനയ്ക്ക് ആരംഭം കുറിച്ചു. കത്തോലിക്കാസഭയിലെ ഏറ്റവും വലിയ അല്മായ പ്രേഷിതസംഘടന, ഏറ്റവും കൂടുതൽ ദൈവവിളികൾ സഭയ്ക്കു സംഭാവന ചെയ്ത സംഘടന എന്നിങ്ങനെ വിശേഷണങ്ങൾ നിരവധിയാണ്. മിഷനെ സഹായിക്കുക, മിഷനറിയാകുക എന്ന വിശുദ്ധ അൽഫോൻസാമ്മയുടെ ആഹ്വാനവും ആഗ്രഹവുമാണ് സംഘടന സ്ഥാപിക്കുന്നതിനു സ്ഥാപകനേതാക്കൾക്കു പ്രചോദനമായത്.

ചെറുപുഷ്പമിഷൻലീഗിന്റെ ആരംഭത്തെക്കുറിച്ച് ബഹു. മാലിപ്പറമ്പിലച്ചന്റെ വാക്കുകൾ ഇങ്ങനെയാണ്: ഞാൻ ഭരണങ്ങാനം പള്ളിയിൽ രണ്ടാം പ്രാവശ്യം അസിസ്റ്റന്റ് വികാരിയായി ചാർജെടുത്ത നാളുകളിൽ ഒരു ദിവസം പല്ലാട്ടുകുന്നേൽ അവിരാച്ചൻ എന്റെ മുറിയിൽ കയറിവന്നു. നേരത്തേ പരിചയമുണ്ടായിരുന്ന ഞങ്ങൾ പരിചയം പുതുക്കി. ഒത്തിരി കുശലം പറഞ്ഞു. അതിനിടയിൽ അവിരാച്ചൻ പറഞ്ഞു: 'അച്ചാ, നമുക്ക് ഒരു സംഘടന തുടങ്ങാം; മിഷനെ സഹായിക്കാൻ.' അവിരാച്ചൻ ഇങ്ങനെ പറഞ്ഞപ്പോൾ എന്നിൽ ഉറങ്ങിക്കിടന്ന മിഷൻ ആശയം ഉണർന്നു. പിന്നീട് ഞങ്ങൾ പല പ്രാവശ്യം ഇക്കാര്യത്തെക്കുറിച്ചു സംസാരിച്ചു. അന്ന് അതിരമ്പുഴ ഇടവകയിൽ ഒരു മിഷൻസംഘം വേദപ്രചാരസംഘം എന്ന പേരിലുണ്ടായിരുന്നു. അതിന്റെ ഒരു ശാഖ ഭരണങ്ങാനത്തു തുടങ്ങാമെന്നു കരുതി ഞാൻ അതിരമ്പുഴയിൽച്ചെന്ന് ആ സംഘത്തെക്കുറിച്ചു മനസ്സിലാക്കി. പക്ഷേ, അതിന്റെ പ്രവർത്തനം വളരെ പരിമിതമാണെന്നു മനസ്സിലായി. ഞങ്ങൾ ഭരണങ്ങാനത്തു സ്ഥാപിക്കുന്ന സംഘടനയ്ക്കു പ്രാർത്ഥന മാത്രമല്ല, ധാരാളം പ്രവർത്തനങ്ങളും വേണമെന്ന് അഭിപ്രായമുണ്ടായിരുന്നതിനാൽ അതിരമ്പുഴ സംഘത്തിൽനിന്നു വ്യത്യസ്തമായ ഒരു സംഘടനയ്ക്കു ഞങ്ങൾ പ്ലാനിട്ടു. ഏഴു പേർ ചേരുന്ന ഒരു യൂണിറ്റ് എന്ന ആശയം ഞങ്ങൾ സ്വീകരിച്ചു. മറ്റ് അഞ്ചു യുവാക്കളെക്കൂടി ചേർത്ത് ഞങ്ങൾ ആദ്യ യൂണിറ്റ് ഭരണങ്ങാനം ഇടവകയിൽ ആരംഭിച്ചു. ഒരാഴ്ചയ്ക്കകം ഈ ചെറുസംഘത്തെ അവിടുത്തെ ആളുകൾ 'മിഷൻകാർ' എന്നു വിളിച്ചുതുടങ്ങി. ഇവിടെത്തുടങ്ങുന്നു ചെറുപുഷ്പമിഷൻലീഗിന്റെ പ്രയാണം."

ചെറുപുഷ്പ മിഷൻലീഗിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യമാണ് പ്രേഷിതപ്രവർത്തനം. മിഷൻലീഗിന്റെ മിഷൻപ്രബുദ്ധത ഏറ്റവുമധികം പ്രകടമായത് അംഗങ്ങളുടെ ഊർജ്ജസ്വലവും ഉദാത്തവുമായ പ്രവർത്തനങ്ങളിലൂടെയാണ്. മിഷനെ സഹായിക്കാൻ മാസപ്പിരിവും കാർഷികപ്പിരിവുമായി അംഗങ്ങൾ മുന്നിട്ടിറങ്ങി. മിഷൻലീഗ് ബാഡ്ജ് ധരിച്ച് ഇടവഴികളും കുന്നും മലയുമൊക്കെ താണ്ടി മുദ്രാവാക്യങ്ങൾ വിളിച്ച് വീടുകൾ തോറും കയറിയിറങ്ങി സംഭാവനകൾ സ്വീകരിക്കുന്ന അവരെ തളർത്താൻ വെയിലിന്റെ ചൂടിനോ വിശപ്പിനോ ക്ഷീണത്തിനോ ഒന്നും സാധിക്കില്ല. മിഷൻലീഗ് അംഗങ്ങളുടെ പ്രവർത്തനങ്ങളിൽ ഒരു പ്രധാന ഘടകമാണ് പ്രാർത്ഥന. അനുദിനപ്രാർത്ഥനയും മാനുവൽ ബുക്കിലെ സുകൃതങ്ങളും അവർ പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനായി കാഴ്ചവയ്ക്കുന്നു.

സംഘടനയുടെ മറ്റൊരു പ്രധാനലക്ഷ്യമാണ് ദൈവവിളി പ്രോത്സാഹനം. മിഷൻലീഗിൽ പ്രവർത്തിച്ച് തങ്ങളുടെ സമർപ്പിത ദൈവവിളി തിരിച്ചറിഞ്ഞ അനേകം വൈദികരും സന്ന്യാസിനികളും വിദൂരനാടുകളിൽ പോലും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നു. 75 വർഷം പൂർത്തിയാകുമ്പോൾ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി 50000 സമർപ്പിതരെ സഭയ്ക്കു സംഭാവന ചെയ്യുവാൻ മിഷൻലീഗ് സംഘടനയ്ക്കു സാധിച്ചു. അതിൽ 55 പേർ വൈദികമേലധ്യക്ഷന്മാരാണ് എന്നത് മിഷൻലീഗ് ദൈവവിളിയുടെ വിളനിലമായി നിലകൊള്ളുന്നതിന്റെ നേർസാക്ഷ്യമാണ്. ഇതുകൊണ്ടുതന്നെയായിരിക്കണം 1967 ൽ ആറാം പൗലോസ് മാർപാപ്പാ മിഷൻലീഗിനയച്ച സന്ദേശത്തിൽ, 'ഇത്ര ചുരുങ്ങിയകാലംകൊണ്ട് ഇത്രയധികം സമർപ്പിതരെ സഭയ്ക്കു നൽകിയ മറ്റൊരു സംഘടനയില്ലെന്നു പ്രസ്താവിക്കാൻ സന്തോഷമുണ്ട്' എന്നു പറഞ്ഞത്. ജൂബിലിവർഷത്തിൽ നല്ല ദൈവവിളികളെ തിരിച്ചറിയാനും കണ്ടെത്താനും മിഷൻലീഗിനു സാധിക്കണം.

മിഷൻലീഗിന്റെ മൂന്നാമതു ലക്ഷ്യമായ വ്യക്തിത്വവികസനവും സംഘടനാപ്രവർത്തനത്തിലൂടെ അംഗങ്ങൾക്കു സാധ്യമാകുന്നു. ഏഴുപേരടങ്ങുന്ന ഒരു ഗ്രൂപ്പാണ് സംഘടനയുടെ അടിസ്ഥാനഘടകം. അവർ ഒരുമിച്ചുകൂടി നടത്തുന്ന മാനുവൽ ബുക്ക് പൂരിപ്പിക്കൽ അതിലളിതവും എന്നാൽ, അതിപ്രധാനവുമായ ഒരു പ്രവർത്തനമാണ്. പ്രാർത്ഥനാശീലങ്ങളും കാരുണ്യപ്രവൃത്തികളും സുകൃതജീവിതശൈലിയും അംഗങ്ങളിൽ വളർത്താൻ ഇതിലൂടെ സാധിക്കുന്നു. ജീവിതത്തിലുടനീളം പ്രേഷിതചൈതന്യവും സഭാസ്നേഹവും വളർത്തി ഉത്തമവ്യക്തികളായി വളരാൻ പ്രേരണയും പ്രചോദനവും നൽകുന്നതാണ് ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ.

പ്ലാറ്റിനം ജൂബിലി നിറവിലായിരിക്കുന്ന ചെറുപുഷ്പമിഷൻലീഗിന് സഭാതലത്തിൽ വളരെയേറെ അംഗീകാരങ്ങളും പ്രോത്സാഹനങ്ങളും ലഭിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 1953 ൽ പൊന്തിഫിക്കൽ വേദപ്രചാര സംഘത്തിനുള്ള എല്ലാ ആനുകൂല്യങ്ങളും പന്ത്രണ്ടാം പീയൂസ് മാർപാപ്പ മിഷൻലീഗിനു കല്പിച്ചനുവദിച്ചത്.

വിശുദ്ധ കൊച്ചുത്രേസ്യായെ സ്വർഗീയമധ്യസ്ഥയായി സ്വീകരിച്ചിരിക്കുന്ന സംഘടന വി. തോമാശ്ലീഹ, വി. ഫ്രാൻസീസ് സേവ്യർ, വി. അൽഫോൻസാമ്മ എന്നിവരെ ഉപമധ്യസ്ഥരായും സ്വീകരിക്കുന്നു. സ്നേഹം, ത്യാഗം, സേവനം, സഹനം എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് ശാഖാതലംമുതൽ അന്തർദേശീയതലംവരെ സജീവമായി പ്രവർത്തിക്കുന്ന ഈ സംഘടനയിലെ അംഗങ്ങൾക്ക് പ്രായപരിധിയില്ല. ഒരിക്കൽ മിഷൻ ലീഗിൽ അംഗമാകുന്ന ഒരാൾക്ക് ഏതു സാഹചര്യത്തിലും ഏതു കർമമേഖലയിലും മിഷൻലീഗ് അംഗമായി തുടരാൻ സാധിക്കും. ചെറുപുഷ്പ മിഷൻലീഗിന്റെ സംഗമങ്ങളിൽ ആബാലവൃദ്ധം വരുന്ന സദസ്സുകൾ ഇന്നും കാണുന്നതിനുള്ള കാരണവും ഇതുതന്നെ. തലമുറകളുടെ കൂടിച്ചേരലും സംഘാതമായ പ്രവർത്തനങ്ങളും മിഷൻലീഗിനു മാത്രം അവകാശപ്പെടാവുന്ന തനിമയാണ്.

*(ലേഖകൻ ചെറുപുഷ്പമിഷൻലീഗ് ദേശീയ പ്രസിഡന്റാണ്.)*

■



ഫാ. ജോസഫ് മാലിപ്പറമ്പിൽ
സ്ഥാപക ഡയറക്ടർ



പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ(കുഞ്ഞേട്ടൻ)
സ്ഥാപക നേതാവ്

# സമാധാനത്തിനും ജനാധിപത്യത്തിനുംവേണ്ടി



രാജീവ് പെരിങ്ങാട്ട്

സമാധാനത്തിനുള്ള ഈ വർഷത്തെ നൊബേൽ പുരസ്കാരം ലഭിച്ചിരിക്കുന്നത് ബെലാറസിലെ മനുഷ്യാവകാശ പ്രവർത്തകൻ അലസ് ബിയാലിയാറ്റ്സ്കിക്കും റഷ്യ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'മെമ്മോറിയൽ', ഉക്രൈനിലെ 'സെന്റർ ഫോർ സിവിൽ ലിബർട്ടീസ്' എന്നീ മനുഷ്യാവകാശസംഘടനകൾക്കുമാണ്.

നൊബേൽ സമ്മാനത്തിന്റെ ഉപജ്ഞാതാവായ ആൽഫ്രഡ് നൊബേലിന്റെ പേരിൽ നൽകുന്ന അഞ്ചു നൊബേൽ സമ്മാനങ്ങളിലൊന്നാണ് സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം എന്ന പേരിൽ അറിയപ്പെടുന്നത്. രാജ്യങ്ങൾ തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുക, ലോകമെങ്ങും സമാധാനപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുകയെന്നതാണ് ഈ പുരസ്കാരത്തിന്റെ അന്തസ്സത്ത. പുരസ്കാരത്തിനു നാമനിർദേശം ചെയ്യപ്പെടുന്നവരുടെ സാമൂഹികപ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ഇതു നൽകുന്നത്.

ബലാറസിലെ പ്രമുഖ മനുഷ്യാവകാശപ്രവർത്തകനാണ് അലെസ് ബിയാലിയാറ്റ്സ്കി. ജനാധിപത്യത്തിനും സമാധാനപരമായ വികസനത്തിനുംവേണ്ടി ജീവിതം സമർപ്പിച്ച വ്യക്തിയാണ് അദ്ദേഹം. ബെലാറസുകാരുടെ അവകാശങ്ങൾ സംരക്ഷിക്കാനായി 'വിയാസ്ന' എന്ന സംഘടന അദ്ദേഹം സ്ഥാപിച്ചു. ബലാറസ് സർക്കാരിനും പ്രസിഡന്റ് അലക്സാണ്ടർ ലുകാഷെങ്കോയ്ക്കും എതിരേ നടന്ന പ്രക്ഷോഭങ്ങളുടെ ചുക്കാൻ പിടിച്ചതോടെ അലെസിനെതിരേ ഭരണകൂടം തിരിഞ്ഞു. അവർ അദ്ദേഹത്തെ ജയിലിലടച്ചു. മുമ്പും ജനാധിപത്യപ്രവർത്തനങ്ങളുടെ പേരിൽ അദ്ദേഹം തടവുശിക്ഷ അനുഭവിച്ചിട്ടുണ്ട്. ജയിലിലായിട്ടും തോറ്റുകൊടുക്കാൻ മനസ്സില്ലാതെ അലെസ് ബിയാലിയാറ്റ്സ്കി ജീവിക്കുന്നു.



അലസ് ബിയാലിയാറ്റ്സ്കി

സോവിയറ്റ് യൂണിയൻ തകർന്നതോടെ റഷ്യയിൽ സ്ഥാപിക്കപ്പെട്ട മനുഷ്യാവകാശസംഘടനയാണ് മെമ്മോറിയൽ. റഷ്യയിലെ ഏറ്റവും വലിയ മനുഷ്യാവകാശസംഘടനയാണിത്. സ്റ്റാലിനിസ്റ്റ് കാലഘട്ടത്തിലെ ഇരകളെക്കുറിച്ചും റഷ്യയിലെ രാഷ്ട്രീയ അടിച്ചമർത്തലുകളെക്കുറിച്ചും മനുഷ്യാവകാശധ്വംസനത്തെക്കുറിച്ചുമൊക്കെ വിവരങ്ങൾ സമാഹരിക്കുകയും രേഖപ്പെടുത്തുകയും ചെയ്ത മെമ്മോറിയൽ, റഷ്യൻ ഭരണകൂടത്തിന്റെ കണ്ണിലെ കരടാണെങ്കിലും മനുഷ്യാവകാശങ്ങൾക്കുവേണ്ടി പോരാടിക്കൊണ്ടേയിരിക്കുന്നു.

യുക്രെയ്നിലെ കീവിൽ പതിനാലു വർഷംമുമ്പാണ് സെന്റർ ഫോർ ലിബർട്ടീസ് സ്ഥാപിക്കപ്പെട്ടത്. മനുഷ്യാവകാശപ്രവർത്തനങ്ങൾക്കും ജനാധിപത്യസംരക്ഷണത്തിനുംവേണ്ടിയാണ് സംഘടന പ്രവർത്തിച്ചത്. ഉക്രെയ്നെ സമ്പൂർണ ജനാധിപത്യരാജ്യമാക്കാൻ അധികാരികളിൽ സംഘടന നിരന്തരം സമ്മർദം ചെലുത്തി. യുക്രെയ്നിൽ റഷ്യ നടത്തിയ സൈനിക അടിച്ചമർത്തലും യുക്രെയ്യൻ ജനതയ്ക്കെതിരായ റഷ്യൻ സൈന്യത്തിന്റെ മനുഷ്യാവകാശലംഘനങ്ങളുടെ വിവരങ്ങളുമൊക്കെ സംഘടന നിർഭയമായി ലോകത്തിനു മുന്നിൽ തുറന്നുകാട്ടി.

പുരസ്കാരങ്ങൾ പ്രഖ്യാപിച്ച ശേഷം നോർവീജിയൻ നൊബേൽ കമ്മിറ്റി പുരസ്കാരം അർഹിച്ച കൈകളിലാണ് എത്തിയിരിക്കുന്നത് എന്നു പറഞ്ഞുകൊണ്ട് അവരുടെ അഭിപ്രായം വ്യക്തമാക്കി. "സമാധാനസമ്മാനജേതാക്കൾ അവരുടെ രാജ്യങ്ങളിലെ പൗരസമൂഹത്തെ പ്രതിനിധീകരിക്കുന്നു. അധികാരത്തെ വിമർശിക്കാനും പൗരന്മാരുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കാനുമുള്ള അവകാശം അവർ വർഷങ്ങളോളം പ്രോത്സാഹിപ്പിക്കുന്നു. യുദ്ധക്കുറ്റങ്ങൾ, മനുഷ്യാവകാശലംഘനങ്ങൾ, ദുരുപയോഗം എന്നിവ രേഖപ്പെടുത്താൻ അവർ മികച്ച ശ്രമം നടത്തി. അവർ ഒരുമിച്ച് സമാധാനത്തിനും ജനാധിപത്യത്തിനുംവേണ്ടിയുള്ള സമൂഹത്തിന്റെ പ്രാധാന്യം തെളിയിക്കുന്നു."

■




# ദേവാങ്കണം

നോവൽ 34

ഗിരീഷ് കെ. ശാന്തിപുരം



നോവലിസ്റ്റ്

പ്രഭാതം പ്രസന്നമായിരുന്നില്ല.

കിഴക്കിനിയിൽ സൂര്യഭഗവാൻ തന്റെ പാതിനേത്രങ്ങൾ മാത്രം തുറന്നുപിടിച്ചു. ക്ലാന്തതയുടെ ഒരാവരണം ഭൂമിക്കുമേൽ വിരിഞ്ഞുകിടന്നു.

കാറ്റ് മടിച്ചുമടിച്ചാണ് വീശുന്നത്. പക്ഷികളുടെ ചിലമ്പലിനുപോലും ഒരു ദുഃഖച്ഛായയുണ്ടായിരുന്നു. ദേവസഹായം സുഖമായി ഉറങ്ങിക്കോട്ടെ എന്നു പ്രകൃതി നിനച്ചിരിക്കണം.

രണ്ടുദിവസമായി രാത്രിനേരങ്ങളിൽ ദേവസഹായം സുഖമായി ഉറങ്ങുന്നു. മിനിയാന്ന് മഴ പുതച്ചും ഇന്നലെ ഇരുട്ടുപുതച്ചും ദേവസഹായം ഉറങ്ങി.

രാത്രിയിൽ കാവൽക്കാർ സന്ദർശകരെ അനുവദിച്ചില്ല. കാണണമെന്നു ശാഠ്യം പിടിച്ചവരോട് ഭടന്മാർ പറഞ്ഞു:

"അദ്ദേഹം വളരെ ക്ഷീണിതനായി ഉറങ്ങുകയാണ്. നിങ്ങൾ പകൽനേരത്തു വരിക." ആളുകൾ ദേവസഹായത്തോടുള്ള അനുകമ്പകൊണ്ടാകണം കാവൽക്കാരോടു മറുത്തില്ല.

കഴിഞ്ഞ രാത്രികളിലെ ഉറക്കത്തിൽ സ്വപ്നങ്ങൾപോലും ദേവസഹായത്തെ തൊട്ടില്ല. ഭൂമിയും വാനവും ദേവസഹായത്തിനു താരാട്ടുപാടിയിരിക്കണം...

ആരോ തൊട്ടുണർത്തുകയായിരുന്നു. കണ്ണു തുറന്നപ്പോൾ ഒരു ഭടൻ ഒരു പാത്രത്തിൽ കുടിക്കാനുള്ളതുമായി നില്ക്കുന്നു. ദേവസഹായം എഴുന്നേറ്റിരുന്നു. പാത്രം വാങ്ങി. ചൂടുള്ള പാനീയം അല്പാല്പമായി കുടിച്ചു.

രണ്ടുദിവസമായി കാവൽഭടന്മാർ തന്നോട് അനുകമ്പാപൂർവമാണു പെരുമാറുന്നത്. അതിനു കാരണമെന്തെന്ന് ദേവസഹായം ആലോചിച്ചില്ല. ആലോചിക്കേണ്ടതില്ല. ദേവസഹായത്തിന് എല്ലാം കാണാവുന്നുണ്ട്.

ദേവസഹായം കണ്ണുകൾ വിടർത്തി ആദ്യമായിട്ടെന്നവണ്ണം പ്രഭാതം കണ്ടു. അത് ക്ലാവുപിടിച്ച ഒരു സ്വപ്നംപോലെയായിരുന്നു... പുലരിക്കാറ്റിന്റെ സംഗീതത്തിനായി കാതു കൂർപ്പിച്ചു. അത് ചിതറിപ്പോകുന്ന ഒരു വിലാപഗാനംപോലെ...

പൊടുന്നനെയാണ് ദേവസഹായം ആ കാഴ്ച കണ്ടത്. രണ്ടുപേർ തന്റെ നേർക്ക് നടന്നടുക്കുന്നു. ഒരു സ്ത്രീയും പുരുഷനും.

നരച്ചുതുടങ്ങിയ കാഴ്ചയുടെ അതിരുകൾ താണ്ടി അവരടുത്തുവന്നപ്പോൾ ദേവസഹായം ഞെട്ടി. അദമ്യമായ ഹൃദയവേദനയാൽ അദ്ദേഹം പിടഞ്ഞു.

ജ്ഞാനപ്പൂ. തന്റെ പ്രിയപത്നി. അവൾക്കൊപ്പം ശെൽവൻ. ദേവസഹായം ബദ്ധപ്പെട്ട് എഴുന്നേറ്റുനിന്നു.

വജ്റമൂർച്ചയുള്ള ഒരു ശരം വന്ന് ദേവസഹായത്തിന്റെ ഹൃദയത്തിൽ തറഞ്ഞുനിന്നു. അദ്ദേഹം തേങ്ങിപ്പോയി. ജ്ഞാനപ്പൂ കണ്ണീരൊഴുക്കിക്കൊണ്ട് ദേവസഹായത്തിന്റെ പാദങ്ങളിൽ മുട്ടുകുത്തിനിന്ന് നമസ്കരിച്ചു.

"തമ്പുരാട്ടി പെരിയവരെ അന്വേഷിച്ച് അലയുന്നു എന്ന് വടക്കുംകുളത്തുവച്ച് എനിക്കറിവുകിട്ടി. ഞാൻ അന്വേഷിച്ചു കണ്ടെത്തി കൊണ്ടുവരികയായിരുന്നു." ശെൽവം പറഞ്ഞു.

അതു നന്ന് എന്ന് ദേവസഹായം കണ്ടു. അവസാനമായി ഒരു നോക്കുകാണാൻ ദൈവം തിരുമനസ്സായിരിക്കുന്നു.

തന്റെ പാദങ്ങളിൽ കുമ്പിട്ടിരുന്ന കരയുന്ന ജ്ഞാനപ്പൂവിനെ ദേവസഹായം പിടിച്ചെഴുന്നേല്പിച്ചു.

വല്ലാതെ മാറിപ്പോയിരുന്നു ജ്ഞാനപ്പൂവ്. പക്ഷേ, ഇപ്പോൾ അവളിൽ പഴയ ജ്ഞാനപ്പൂവിന്റെ നിഴൽ മാത്രമാണുള്ളത്. ഓജസ് വറ്റിപ്പോയ അവളുടെ മുഖത്ത് ഒരു കൊടിയ കാലത്തിന്റെ വടുക്കൾ വീണുകിടക്കുന്നു. തിളക്കം നഷ്ടമായ അവളുടെ കണ്ണുകളുടെ ആഴങ്ങളിൽ ഒരു ജന്മത്തിന്റെ മുഴുവൻ സങ്കടങ്ങളും ഉറഞ്ഞുകിടന്നു.

തന്റെ പീഡനയാത്രകൾക്കിടയിൽ പലപ്പോഴും ജ്ഞാനപ്പൂവിനെ കാണണമെന്ന് ദേവസഹായം ഹൃദയപൂർവം ആഗ്രഹിച്ചിരുന്നു. പക്ഷേ, ഇപ്പോൾ തോന്നുന്നു ഇങ്ങനെയൊന്നു വേണ്ടിയിരുന്നില്ലെന്ന്. അത്രയ്ക്കുണ്ടായിരുന്നു ഈ കൂടിക്കാഴ്ച നല്കുന്ന ഉറച്ചരിച്ചിലുകൾ. അഗ്നിയിൽ ചിറകുവെന്ത ശലഭത്തെപ്പോലെയായിരുന്നു ദേവസഹായത്തിന്റെ പിടച്ചിലുകൾ.

ദേവസഹായം അവളുടെ മിഴിനീർ തുടച്ചുകൊണ്ടു പറഞ്ഞു:

"എന്നെ ഭർത്താവായി സ്വീകരിച്ചതുകൊണ്ട് നിനക്ക് സങ്കടങ്ങളല്ലാതെ മറ്റൊന്നും ലഭിച്ചിട്ടില്ലെന്ന് നീ വ്യസനിക്കേണ്ട.

"എനിക്കുണ്ടായിരിക്കുന്ന കഷ്ടതകൾക്കും താമസംവിനാ ലഭിക്കാൻ പോകുന്ന സ്വർഗഭാഗ്യത്തിനും നീയും ഭാഗഭാക്കാവുന്നു എന്നു മാത്രം കരുതുക.

നമ്മൾ ഈ ഭൂമിയിൽ എത്രകാലം ജീവിച്ചിരുന്നാലും ഒരുനാൾ മരണം വരിക്കേണ്ടവരാണ്. ഒരാൾ തന്റെ രാജ്യത്തിനുവേണ്ടിയോ അഭിമാനം രക്ഷിക്കുന്നതിനായിട്ടോ കുടുംബത്തിനുവേണ്ടിയോ അല്ലെങ്കിൽ രോഗബാധിതനായിട്ടോ മരിച്ചു എന്നുവരാം. എന്നാൽ, ആ മരണം കാലം മായ്ച്ചുകളയും.

"എന്നാൽ, ലോകാവസാനത്തോളം നിലനില്ക്കുന്നതും നിത്യമായ സ്വർഗകാഹളം മുഴക്കിക്കൊണ്ടിരിക്കുന്നതും സച്ചിദാനന്ദ സ്വരൂപിയുമായ യേശുനാഥനെപ്രതിയുള്ള മരണം മാത്രമേ ഈ ലോകത്തിൽ ശ്രേഷ്ഠവും മഹത്തരവുമായിട്ടുള്ളൂ.


"ഞാൻ താമസിയാതെ നിത്യമായ പരമാനന്ദം അനുഭവിക്കും. എന്തുകൊണ്ടെന്നാൽ, ഈ ലോകത്തിൽ ഇതിൽ കൂടുതൽ ദുഃഖം ഞാനനുഭവിക്കേണ്ടതായിട്ടില്ല. സ്നേഹസമ്പൂർണനായ ദൈവം എനിക്കുള്ള സമയം കുറിച്ചു കഴിഞ്ഞു. ഇനി നമ്മൾ തമ്മിൽ കാണുകയില്ല.

"എന്റെ മരണശേഷം നീ നമ്മുടെ നാട്ടിൽ താമസിക്കരുത്. ബന്ധുമിത്രങ്ങൾ നിനക്ക് പലവിധത്തിലുള്ള ഉപദ്രവങ്ങളുണ്ടാക്കും. ആയതിനാൽ, നീ വടക്കുംകുളത്തു ചെന്ന് ജീവിതകാലം കഴിച്ചുകൂട്ടണം. അവിടെ നിന്നെ സർവശക്തനായ ദൈവം രക്ഷിച്ചുകൊള്ളും. ഞാനനുഭവിച്ച കഠിനപീഡകളിൽ സഹനശക്തിയും ശാന്തപ്രകൃതിയും തന്ന് എന്നെ രക്ഷിച്ചതുപോലെ, മരണാവസരത്തിലും വിശ്വാസവൈകല്യവും ഹൃദയചാഞ്ചല്യവുമുണ്ടാകാതിരിക്കാൻ നീ പരമകർത്താവിനോട് പ്രാർത്ഥിക്കണം..."

ജ്ഞാനപ്പൂവിന് ഒന്നും സംസാരിക്കാനായില്ല. അവൾ ഹൃദയത്തിൽ ഒരു കപ്പൽച്ഛേതം അനുഭവിച്ചു. അലറിത്തിമിർത്തു വരുന്ന കൂറ്റൻ തിരമാലകളിൽ ജലനൗക പിളർന്ന് ആഴങ്ങളിലേക്ക്, കൂടുതലാഴങ്ങളിലേക്ക് ആണ്ടുപോകുന്നു...

ജ്ഞാനപ്പൂവിനു കരയുവാനല്ലാതെ ഒന്നിനും കഴിയുമായിരുന്നില്ല...

"നീ ഒന്നുകൊണ്ടും ഭയക്കേണ്ടതില്ല." ദേവസഹായം പറഞ്ഞു. "കരുണാനിധിയായ കർത്താവ് നിന്നെ കാത്തുകൊള്ളും. അവിടുത്തെ അപരിമേയമായ കാരുണ്യത്താൽ സ്വർഗത്തിൽവച്ച് നമ്മൾ വീണ്ടും



കണ്ടുമുട്ടും."

അല്പനേരത്തെ മൗനത്തിനു ശേഷം ദേവസഹായം പറഞ്ഞു:

"ഇനി നീ ഇവിടെ നില്ക്കേണ്ടതില്ല. പൊയ്ക്കൊള്ളുക."

അനുസരിക്കാതിരിക്കാൻ ജ്ഞാനപ്പൂവിനാകുമായിരുന്നില്ല. അവസാനമായി ഒരുവട്ടംകൂടി അവൾ ദേവസഹായത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു. അവൾ തന്റെ ഹൃദയം പിഴുതെടുത്ത് ദേവസഹായത്തിന്റെ പാദാരവിന്ദങ്ങളിൽ അർപ്പിക്കുകയായിരുന്നു...

ദേവസഹായം കണ്ണുകളിറുക്കിയടച്ചുനിന്നു. ജ്ഞാനപ്പൂവിന് പിന്നീടൊരു നിമിഷംകൂടി അവിടെ നില്ക്കാൻ കഴിയുമായിരുന്നില്ല. അത്രമേൽ അവളുടെ ആത്മാവിനെ പൊള്ളിച്ചിരുന്നു ആ സമാഗമനിമിഷങ്ങൾ...

അവൾ തിരിഞ്ഞുനടന്നു. പിന്നാലെ ശെൽവവും.

ജ്ഞാനപ്പൂവ് കണ്ണിൽനിന്നു മറയാനുള്ള നേരമത്രയും ദേവസഹായം കണ്ണുകളിറുക്കിയടച്ചു തന്നെ നിന്നു.

പിന്നെയെപ്പോഴോ തനിക്കു ചുറ്റും കാൽപ്പെരുമാറ്റങ്ങൾ തിങ്ങിയപ്പോഴാണ് ദേവസഹായം കണ്ണു തുറന്നത്.

മഹോദരരോഗത്താൽ അവശയായ ഒരു സ്ത്രീയെയുംകൊണ്ട് കുറേ ആളുകൾ ദേവസഹായത്തിന്റെ മുമ്പിൽ നിൽക്കുന്നു. വികൃതമായിരുന്നു അവരുടെ രൂപം. അവൾ മരണത്തോടടുത്തിരിക്കുന്നുവെന്ന് ദേവസഹായം കണ്ടു.

അനുകമ്പാർദ്രനായ ദേവസഹായം അവളുടെ നെറ്റിയിൽ കുരിശടയാളം വരച്ചു.

"നിന്റെ വ്യാധി ദൈവാനുഗ്രഹത്താൽ സൗഖ്യമാക്കപ്പെട്ടിരിക്കുന്നു... ഇതിനു പ്രതിനന്ദിയായി സത്യദൈവത്തിൽ വിശ്വസിക്കുക." ദേവസഹായം പറഞ്ഞു.

ആ നിമിഷംമുതൽ അവളുടെ രോഗത്തിന് ശമനം കണ്ടുതുടങ്ങി. അവരെക്കൂടാതെ മറ്റനേകം രോഗികളും അവിടെയെത്തിയിരുന്നു. എല്ലാവരും ദേവസഹായത്തിന്റെ അനുഗ്രഹത്താൽ സൗഖ്യമുള്ളവരായി.

പിന്നീട് അവിടെക്കൂടിയിരുന്ന ആളുകളോട് ദേവസഹായം പറഞ്ഞു:

"ഇനിമേൽ നിങ്ങളിവിടെ നില്ക്കേണ്ട കാര്യമില്ല. നാളെ ഇവിടെ ഒരു വിശേഷസംഭവം നടക്കാൻ പോകുന്നു. അതുകൊണ്ട് ഇന്നും നാളെയും ദയവുചെയ്ത് നിങ്ങളാരും ഇവിടേക്കു വരേണ്ടതില്ല."

ജനങ്ങൾ ദേവസഹായത്തെ അനുസരിച്ചു. അവിടെ കൂടിയിരുന്നവർ ഓരോരുത്തരായി പിരിഞ്ഞുപോയി.

അന്നു രാത്രി ദേവസഹായം ഉറങ്ങിയില്ല. നേർത്ത നിലാവ് വിളറിപ്പോയ ഒരു ജീവിതംപോലെ ദേവസഹായത്തിനു തോന്നി.

ആകാശത്ത് നക്ഷത്രങ്ങൾ തെളിഞ്ഞിരുന്നു. അവ പ്രത്യാശയുടെ വിളക്കുനാളങ്ങളാണെന്ന് ദേവസഹായം കണ്ടു.

രാത്രിയിലെ ഭൂമിയുടെ ഭംഗി ദേവസഹായം കൺകുളിർക്കെ അനുഭവിച്ചു.

പിറ്റേന്നു വെള്ളിയാഴ്ചയായിരുന്നു. സന്ദർശകരാരും ഇല്ലാതിരുന്നതിനാൽ ജപധ്യാനാദികൾക്ക് സമയം യഥേഷ്ടം ലഭിച്ചിരുന്നു. ജലപാനംപോലും ചെയ്യാതെയായിരുന്നു ദേവസഹായത്തിന്റെ പ്രാർത്ഥന. കാരണം, ഇന്ന് തനിക്കുള്ള ദിവസമാണെന്ന് പരിശുദ്ധാരൂപിയുടെ വരപ്രസാദത്താൽ ദേവസഹായത്തിനു വെളിവാക്കപ്പെട്ടിരുന്നു.

ഏകദേശം മൂന്നാംമണിക്കൂറായപ്പോഴേക്കും കുറെ ഭടന്മാർ ദേവസഹായത്തെ വളഞ്ഞു. അവർ പറഞ്ഞു:

"നിങ്ങളെ മറ്റൊരു സ്ഥലത്തു കൊണ്ടുചെന്നു പാർപ്പിക്കാൻ മഹാരാജാവ് കല്പിച്ചിരിക്കുന്നു."

ദേവസഹായം മൗനം കൊണ്ടതല്ലാതെ ഒന്നും ശബ്ദിച്ചില്ല. ഭടന്മാർ അദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോകുമ്പോൾ കാലിൽ വിലങ്ങുതറച്ചിരുന്നതിനാൽ വേഗത്തിൽ നടക്കാൻ കഴിഞ്ഞില്ല.

എങ്കിലും മനോവേദനയില്ലാതെയും ഉത്സാഹത്തോടുകൂടിയും നടക്കാൻ ശ്രമിക്കുന്ന ദേവസഹായത്തെക്കണ്ട് ഭടന്മാർ പറഞ്ഞു:

"ഇവന്റെ ധൈര്യം കണ്ടില്ലേ... ഇവനെ നമ്മൾ എന്തിനു കൊണ്ടുപോകുന്നുവെന്ന് ഇവൻ അറിയുന്നില്ല."

"കൊല്ലുന്നതിനുതന്നെയാണ്." ദേവസഹായം പറഞ്ഞു. "ഈയൊരു ദിവസത്തിനായാണ് ഞാൻ ഇത്രകാലം കാത്തിരുന്നതും."

ഭടന്മാർ വിസ്മയിച്ചുപോയി. അവർ വീണ്ടും ചോദിച്ചു: "നീ എങ്ങനെയറിഞ്ഞു?" അതിനും ദേവസഹായം മറുപടി പറഞ്ഞില്ല.

കാലുകളിൽ വിലങ്ങുകളോടുകൂടി ദേവസഹായം വേഗം നടക്കുന്നില്ലെന്നു കണ്ട ഭടന്മാർ അദ്ദേഹത്തെ നിലത്തു മലർത്തിക്കിടത്തി. കൈകാലുകളിൽ തറച്ചിരുന്ന വിലങ്ങുകൾക്കിടയിലൂടെ ബലമുള്ള ഒരു കാട്ടുകമ്പ് കടത്തി തൂക്കിയെടുത്തു.

ശരീരഭാരത്താൽ വിലങ്ങുകളുടെ ഉരസൽകൊണ്ട് കൈകാലുകളിലെ ഞരമ്പും മാംസവും ചിതറി.

കാറ്റാടിമലയിലെത്തിയപ്പോൾ വിലങ്ങുകൾക്കിടയിൽനിന്ന് കമ്പെടുത്ത് ദേവസഹായത്തെ അവർ എഴുന്നേല്പിച്ചു നിറുത്തി.

ശേഷം 15-ാം പേജിൽ

# ഇന്ത്യയിൽ ഹിന്ദിവത്കരണം?

(ഒന്നാം പേജ് തുടർച്ച)

മറ്റു പ്രധാന നിർദേശങ്ങൾ

- കേന്ദ്രസർക്കാർ ഓഫീസുകളിലും മന്ത്രാലയങ്ങളിലും വകുപ്പുകളിലും എഴുത്തുകൾ, ഫാക്സ്, ഇമെയിൽ എന്നിവ ഹിന്ദിയിലാക്കണം.
- കേന്ദ്രസർക്കാരിന്റെ ക്ഷണക്കത്തുകൾ, പ്രഭാഷണങ്ങൾ, ശില്പശാലകൾ എന്നിവ ഹിന്ദിയിലായിരിക്കണം സംഘടിപ്പിക്കേണ്ടത്.
- കേന്ദ്രസർക്കാർ ഓഫീസുകളിലെ കംപ്യൂട്ടറുകളിലും കൂടുതൽ ജോലികൾ ഹിന്ദി ഭാഷയിലായിരിക്കണം.
- ഹിന്ദിയിൽ മികവോടെ ജോലി ചെയ്യുന്ന കേന്ദ്രസർക്കാർ ജീവനക്കാരുടെ ഇൻസെന്റീവ് വർധിപ്പിക്കണം.



- ഔദ്യോഗികകാര്യങ്ങളിൽ ലളിതവും എളുപ്പത്തിൽ മനസ്സിലാകുന്നതുമായ ഹിന്ദി ഉപയോഗിക്കണം
- വിദേശത്തു പ്രവർത്തിക്കുന്ന എംബസികളിലും മറ്റും ഹിന്ദിയിൽ നടപടിക്രമങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
- കേന്ദ്രസർക്കാർസ്ഥാപനങ്ങൾക്കുപുറമേ വിവിധ സംസ്ഥാനസർക്കാർസ്ഥാപനങ്ങളിലും ഹിന്ദി ഔദ്യോഗികഭാഷയാക്കാവുന്നതാണ്.
- ഔദ്യോഗിക ഹിന്ദിഭാഷയും പ്രാദേശിക ഹിന്ദിയും തമ്മിലുള്ള അന്തരം കുറയ്ക്കണം.
- ഹിന്ദി കൈകാര്യം ചെയ്യാനോ പരിഭാഷപ്പെടുത്താനോ കഴിവുള്ള എൻജിനീയറിംഗ് ബിരുദധാരികളെ സെൻട്രൽ ട്രാൻസ്ലേഷൻ ബ്യൂറോയിൽ നിയമിക്കണം.
- റീജിയൻ എ വിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങളിലേക്കും റീജിയൻ ബി വിഭാഗത്തിലെ ഗുജറാത്ത്, മഹാരാഷ്ട്ര, പഞ്ചാബ്, കേന്ദ്രഭരണപ്രദേശങ്ങളായ ചണ്ഡീഗഡ്, ഡാമൻ ഡിയു, ദാദ്ര നാഗർ ഹവേലി എന്നിവിടങ്ങളിലേക്കുള്ള ഔദ്യോഗികകത്തുകൾ മേൽവിലാസം അടക്കം ഹിന്ദിയിൽ ആയിരിക്കണം.

ഇംഗ്ലീഷ് അന്യഗ്രഹഭാഷയും കൊളോണിയൽ അടിമത്തവുമാണെന്ന വിമർശനങ്ങളുമായാണ് ഹിന്ദിക്കുവേണ്ടി നിർബന്ധം പിടിക്കുന്ന പാർലമെന്ററി സമിതി രംഗത്തെത്തിയത്. ഔദ്യോഗികഭാഷയ്ക്കുള്ള പാർലമെന്ററിസമിതി ഇത്തവണ രാഷ്ട്രപതിക്കു നൽകിയ റിപ്പോർട്ടിൽ ഹിന്ദി വ്യാപകമാക്കുന്നതിനുവേണ്ടി നൂറു നിർദേശങ്ങളാണുള്ളത്. തൊഴിലിനും വിദ്യാഭ്യാസത്തിനും ഹിന്ദി നിർബന്ധമാക്കണമെന്ന നിർദേശം ദേശീയ വിദ്യാഭ്യാസനയത്തിന്റെ അടിസ്ഥാനത്തിലാണെന്ന വിശദീകരണമാണു സമിതി മുന്നോട്ടുവയ്ക്കുന്നത്.

മുൻ ഐഎസ്ആർഒ മേധാവി കെ. കസ്തൂരിരംഗൻസമിതി തയ്യാറാക്കിയ ദേശീയവിദ്യാഭ്യാസനയനിർദേശങ്ങളിൽ തൊഴിൽമേഖല ഒന്നടങ്കം ഇംഗ്ലീഷ്പരിജ്ഞാനികൾ കൈയടക്കിവച്ചിരിക്കുകയാണെന്ന കുറ്റപ്പെടുത്തലുണ്ടായിരുന്നു. ഭാഷയുടെ പേരിൽ സമൂഹത്തിലെ ഭൂരിപക്ഷം അകറ്റിനിർത്തപ്പെട്ടു. ഉയർന്ന ശമ്പളം ലഭിക്കുന്നതും മികച്ച സാമൂഹിക അന്തസ്സുണ്ടാക്കുന്നതുമായ തൊഴിലിടങ്ങളിൽ ഇംഗ്ലീഷിന്റെ പേരിൽ വലിയൊരു വിഭാഗം അകറ്റിനിർത്തപ്പെടുന്നു. കൊളോണിയൽ അധിപരുടെയും ഇപ്പോഴത്തെ ഉന്നതവർഗത്തിന്റെയും ഭാഷ അറിയില്ല എന്ന ഒറ്റക്കാരണത്താൽ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കമേഖലയിൽനിന്നുള്ള കഴിവുള്ളവർ ഉന്നതജോലികളിൽ നിന്നകറ്റി നിർത്തപ്പെടുന്നു എന്നായിരുന്നു വിമർശനം. ഇതിന്റെ ചുവടുപിടിച്ചാണ് പാർലമെന്ററി സമിതി റിപ്പോർട്ട് തയ്യാറാക്കിയതെന്നാണ് സമിതിയുടെ ഡെപ്യൂട്ടി ചെയർമാൻ ഭർതൃഹരി മെഹ്താബ് തന്നെ ഇപ്പോൾ വ്യക്തമാക്കിയിരിക്കുന്നത്.

രാജ്യത്തെ സർവകലാശാലകളിലും ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിലും 20 മുതൽ 30 വരെ ശതമാനം മാത്രമാണ് ഹിന്ദി ഉപയോഗിക്കുന്നത്. ബനാറസ് ഹിന്ദു സർവകലാശാല, ഡൽഹി സർവകലാശാല, ജാമിയ മിലിയ ഇസ്ലാമിയ, അലിഗഡ് മുസ്ലിം സർവകലാശാല എന്നിവിടങ്ങളിൽ നൂറു ശതമാനവും ഹിന്ദി തന്നെ പാഠ്യഭാഷയാക്കേണ്ടതാണ്. ഇംഗ്ലീഷ് പൂർണമായും ഒരു വിദേശഭാഷയാണ്. അത്തരം കൊളോണിയൽ രീതികളിൽനിന്നു പൂർണമായും നമ്മൾ പുറത്തു കടന്നേ മതിയാകൂ എന്നാണ് ഭർതൃഹരി മെഹ്താബ് പറഞ്ഞത്.

ഐക്യരാഷ്ട്രസഭയിൽ ഹിന്ദി ഔദ്യോഗികഭാഷയാക്കണമെന്ന നിർദേശത്തോടും ഭർതൃഹരി മെഹ്താബ് പ്രതികരിച്ചു. ഐക്യരാഷ്ട്ര സഭയിൽ അംഗങ്ങളായ 193 രാജ്യങ്ങളുണ്ട്. ഇതിൽ എത്ര രാജ്യങ്ങൾ ഒരു വിദേശഭാഷയെ തങ്ങളുടെ ഔദ്യോഗികഭാഷയായി അംഗീകരിക്കുന്നുണ്ടെന്നായിരുന്നു ചോദ്യം. പാർലമെന്ററി സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ടാണ് ഇപ്പോൾ നൽകിയത്. ഓരോ അഞ്ചു വർഷം കൂടുമ്പോഴും കമ്മിറ്റി ഒരു റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. എന്നാൽ, ഇത്തവണ മൂന്നു വർഷത്തിനുള്ളിൽ രണ്ടു റിപ്പോർട്ടുകൾ നൽകി. രാഷ്ട്രപതിക്ക് അത് അംഗീകരിക്കാനോ നിരാകരിക്കാനോ ഉള്ള അധികാരം ഉണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഔദ്യോഗികഭാഷാ പാർലമെന്ററി സമിതിയുടെ സബ്കമ്മിറ്റി കൺവീനറായ ബിജെപി എംപി റീത്ത ബഹുഗുണ ജോഷിയും ഇതേ നിലപാടാണ് മുന്നോട്ടു വയ്ക്കുന്നത്. ഇംഗ്ലീഷ് ഒരു അന്യഗ്രഹഭാഷയാണെന്നായിരുന്നു അവരുടെ പ്രതികരണം. വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്ന് ഇംഗ്ലീഷ് പാടേ തുടച്ചുനീക്കി പകരം ഹിന്ദിയും മറ്റു പ്രാദേശികഭാഷകളും ഏർപ്പെടുത്തേണ്ടതാണെന്നും അവർ ചൂണ്ടിക്കാട്ടി. എന്നാൽ, ഹിന്ദി സംസാരിക്കുന്ന എ കാറ്റഗറി സംസ്ഥാനങ്ങളിൽ പാഠ്യഭാഷ ഹിന്ദിയാക്കണമെന്നും മറ്റു സംസ്ഥാനങ്ങളിൽ പ്രാദേശികഭാഷയിലേക്കു മാറണമെന്നുമാണ് നിർദേശത്തിന്റെ കാതലെന്ന് പാർലമെന്ററി സമിതി അംഗവും ആം ആദ്മി പാർട്ടി എംപിയുമായ സുശീൽ കുമാർ ഗുപ്ത പറഞ്ഞു.

സംസ്ഥാനങ്ങളെ മൂന്നു റീജിയണുകളായി തിരിച്ചാണ് പാർലമെന്ററിസമിതി ഹിന്ദി, പ്രാദേശികഭാഷ നിർബന്ധമാക്കണമെന്നു നിർദേശിക്കുന്നത്. ഉത്തർപ്രദേശ്, ബിഹാർ, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഉത്തരാഖണ്ഡ്, ജാർഖണ്ഡ്, ഹരിയാന, ഹിമാചൽ പ്രദേശ്, രാജസ്ഥാൻ, ഡൽഹി, ആൻഡമാൻ നിക്കോബാർ എന്നിവയാണ് എ കാറ്റഗറിയിൽ പെടുന്നത്. ഗുജറാത്ത്, മഹാരാഷ്ട്ര, പഞ്ചാബ്, ചണ്ഡീഗഡ്, ഡാമൻ ഡിയു, ദാദ്ര നാഗർ ഹവേലി എന്നിവ ബിയിലും മറ്റു സംസ്ഥാനങ്ങളെല്ലാംതന്നെ സി കാറ്റഗറിയിലുമാണ്. ഇതിൽ എ കാറ്റഗറി സംസ്ഥാനങ്ങളിൽ ഹിന്ദി നൂറു ശതമാനം ഔദ്യോഗികഭാഷയാക്കണമെന്നാണ് സമിതിയുടെ നിർദേശം. ഈ സംസ്ഥാനങ്ങളിലെ ഐഐടി, കേന്ദ്രസർവകലാശാലകൾ, കേന്ദ്രീയവിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ ഹിന്ദിയായിരിക്കണം പാഠ്യഭാഷ. മറ്റു സംസ്ഥാനങ്ങളിൽ ഇംഗ്ലീഷിന്റെ പ്രാധാന്യം ഒഴിവാക്കി പ്രാദേശികഭാഷകൾ പാഠ്യഭാഷയാക്കണമെന്നും നിർദേശിക്കുന്നു.

■

## ഈശോ FROM THE BIBLE 29



ഫാ. തോമസ് പാട്ടത്തിൽചിറ CMF




## രക്തസ്വേദം

ഗത്സെമനിയിൽ ഗദ്ഗദങ്ങളുടെ ആധിക്യത്തിൽ അവന്റെ മൃദുമേനിയിലെ രോമകൂപങ്ങൾ നിണം മുറ്റിനിന്നു. മിഴിക്കുഴികൾ നിണതടങ്ങളായി. ശരീരം ശോണിതവർണവും. ഉള്ളിലുരുകിയ തീവ്രവേദന തൊലിപ്പുറത്തുകൂടി തിളച്ചുതൂകി. നിണകണങ്ങൾ വീണു മണ്ണു കുതിർന്നു. ധര അതിന്റെ അധരങ്ങളിൽ അവന്റെ രുധിരത്തിന്റെ രുചി നുണഞ്ഞു. നൊമ്പരങ്ങളാൽ ഏറ്റവുമധികം നനഞ്ഞ വാഴ്‌വിലെ ഒരേയൊരിടം ഗത്സമെനി തന്നെ. മനുഷ്യനിർമിതമായ ഒരു വേദനസംഹാരിക്കും മാറ്റാനാവാത്ത തരത്തിലുള്ള മനോനൊമ്പരം മനുഷ്യനെന്ന നിലയിൽ ആ രാത്രിയിൽ അവൻ അനുഭവിച്ചു. അവൻ ഏറ്റെടുത്തതെല്ലാം സഹനങ്ങളുടെ അങ്ങേയറ്റമായിരുന്നു. ദേഹമൊന്നു വെട്ടിവിയർത്തു ജലാംശം നഷ്ടമാകുമ്പോൾ നമുക്ക് അവശത തോന്നാറില്ലേ? രക്തം ജീവനാണ്, ജീവന്റെ ഊർജമാണ്. അതു വാർന്നുപോകുമ്പോൾ എത്ര മാത്രം വിവശതയും വേദനയുമായിരിക്കും ഒരാൾ അനുഭവിക്കുക. അവൻ വിയർത്ത രക്തത്തുള്ളികളുടെ വിലയാണ് നാമും നമ്മുടെ ആത്മരക്ഷയും. അവനെ ഇനിയും നാം നോവിക്കരുത്.

ചില ഗത്സെമനി അനുഭവങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടായിരുന്നിരിക്കാം. ശാരീരികമോ മാനസികമോ ആയ കഠിനനൊമ്പരങ്ങളിലൂടെ നാം കടന്നുപോയ നിമിഷങ്ങൾ. കൂടെ ഉണർന്നിരിക്കാൻ നമുക്കു നാം മാത്രം ഉണ്ടായിരുന്ന നാഴികകൾ. നമ്മുടെ സങ്കടങ്ങൾ നമ്മുടേതുമാത്രമായി മാറിയ നിമിഷങ്ങൾ. കൂട്ടിനുണ്ടായിരിക്കേണ്ടവർ അതൊന്നും അറിയാത്ത മട്ടിൽ മൂടിപ്പുതച്ചു കിടന്നുറങ്ങിയ രാത്രികൾ. ഓർക്കണം, രക്ഷാകരമായ എന്തെങ്കിലും ദൈവം അവയിലൊക്കെ കണിശമായും കണ്ടിട്ടുണ്ടാവണം. അതുകൊണ്ടാണ് നാമിന്നും ജീവിക്കുന്നത്. സഹനങ്ങളും വേദനകളും ഇനിയും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരിക്കും. അവയിലൊന്നും തകർന്നുപോകരുത്. താങ്ങാനാവാത്തതെന്ന് ഒരു വേദനയെയും വിളിക്കേണ്ടതില്ല. കാരണം, ചുമക്കാനാവാത്തതൊന്നും ദൈവം നമ്മുടെ ചുമലിൽ വച്ചുതരില്ല. തന്റെ മനോവ്യഥകളെക്കാൾ അവനെ കുത്തിവേദനിപ്പിച്ചത് സ്വന്തം ശിഷ്യരുടെ നിദ്രയും നിസ്സംഗതയുമായിരുന്നു. മറ്റുള്ളവരുടെ ദുഃഖങ്ങളെ കണ്ടില്ലെന്നു നടിക്കരുത്. അവരുടെ സങ്കടങ്ങളെക്കാൾ പ്രാധാന്യം നമ്മുടെ സുഖങ്ങൾക്കുണ്ടാവരുത്. അപരനുവേണ്ടി വേദനിക്കാനുള്ള സന്നദ്ധത നമുക്കുണ്ടാവണം. ഇന്നത്തെ ലോകത്തിൽ മറ്റുള്ളവർക്കുവേണ്ടി ഇത്തിരി വിയർപ്പൊഴുക്കാൻ പോലും വിമുഖത കാട്ടുന്ന മനുഷ്യരുടെ മനോഭാവത്തിന് അപവാദമായി മാറേണ്ടതാണ് ക്രൈസ്തവരായ നമ്മുടെ ജീവിതശൈലി. ഒപ്പം, ആരുടെയും മനോനൊമ്പരങ്ങൾക്ക് നാം ഇടയാകാതിരിക്കാം. നമ്മുടെയും സഹോദരങ്ങളുടെയും പരിചിതരുടെയും അസുഖങ്ങളുടെ അവസ്ഥകളെ നമ്മുടെ സുഖശയനത്തിന്റെ കിടപ്പറകളാക്കി മാറ്റാതിരിക്കാം. കുറേക്കൂടി മനുഷ്യപ്പറ്റുള്ളവരായിത്തീരാൻ ക്രിസ്തു നമ്മെ സഹായിക്കട്ടെ.

■

# സ്ട്രോബറികളുടെ നാട്, പുസ്തകങ്ങളുടെയും





ശ്രീദേവി എസ്. കെ.

മഹാരാഷ്ട്രയിലെ സത്താറയിലൊരു കൊച്ചുഗ്രാമമുണ്ട്, ഭിലാർ. പശ്ചിമഘട്ടമലനിരകളിലെ ഹിൽ സ്റ്റേഷനായ മഹാബലേശ്വറിനും പ്രകൃതിരമണീയമായ പാഞ്ച്ഗണിക്കും ഇടയിലുള്ള ഭൂപ്രദേശം. പാഞ്ച്ഗണിയിൽനിന്ന് എട്ടു കിലോമീറ്റർ അകലെയുള്ള ഈ ഗ്രാമം സ്ട്രോബറിക്കൃഷിയിൽ പ്രശസ്തമാണ്. ഇന്ത്യയിലെ ആദ്യ പുസ്തകഗ്രാമമായി വളരുകയാണ് ഈ നാട്. ലളിതസുന്ദരങ്ങളായ 'വീട്ടുലൈബ്രറി'കളാണ് ഇവിടത്തെ പ്രത്യേകത.

ഇന്ത്യൻ ഭൂപടത്തിൽ പ്രത്യേകസ്ഥാനം നേടിയെടുത്ത ഭിലാർ, 'പുസ്തകങ്ങളുടെ സ്വന്തം ഗ്രാമ'മായിട്ട് കുറെ വർഷങ്ങളായി. എങ്കിലും കുറച്ചുപേർക്കുമാത്രമേ ഈ കൊച്ചുഗ്രാമത്തെപ്പറ്റി അറിവുള്ളൂ. സാഹിത്യോത്സവങ്ങളും ലൈബ്രറികളുംകൊണ്ടു സമൃദ്ധമായ ബ്രിട്ടനിലെ വെൽഷ് പട്ടണത്തിലെ 'ഹേ ഓൺ വൈ'യുടെ (Hay on Wye) ഇന്ത്യൻ മാതൃകയാണ് ഭിലാർ. മറാത്തി വികാസ് സൻസദും വിദ്യാഭ്യാസ മന്ത്രി വിനോദ് താവ്ഡേയും ചേർന്നാണ് ഈ ആശയം ആവിഷ്കരിച്ചത്. 2017 മേയ് നാലിന് 'പുസ്തകാഞ്ചേ ഗാവോ' പൊതുജനങ്ങൾക്കു തുറന്നുകൊടുത്തു.

ഇരുപത്തഞ്ചു ഗ്രാമവാസികളാണ് ആദ്യം തങ്ങളുടെ വീടുകളിൽ ലൈബ്രറി തുടങ്ങിയത്. ഇപ്പോഴത് മുപ്പത്തഞ്ചു വീടുകളായി. പത്തു വീടുകൾകൂടി ലൈബ്രറിയാവാനുള്ള ഒരുക്കത്തിലാണ്. പല യോണറുകളിലുള്ള 35000 പുസ്തകങ്ങളാണ് വീടുകളിൽ ക്രമീകരിച്ചിരിക്കുന്നത്. കൂടുതലും മറാത്തിയിലുള്ളവയാണ്. മാതൃഭാഷയെ പരിപോഷിപ്പിക്കാനും വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാനുംവേണ്ടി മഹാരാഷ്ട്ര സർക്കാർ നടപ്പാക്കുന്ന ഈ മഹാസംരംഭം പ്രചോദനപരമാണെന്നതിൽ തർക്കമില്ല.

വിജ്ഞാനത്തോടൊപ്പം വിനോദവും പകർന്നുനൽകാൻ അനുപേക്ഷണീയമായ ക്രമീകരണമാണ് സർക്കാർ അവിടെ നടത്തിയിരിക്കുന്നത്. ഗ്രാമത്തിന്റെ പ്രവേശനകവാടത്തിൽ കിങ്ബെറി വൈൻ യാർഡിനടുത്തായി സന്ദർശകരെ നയിക്കുന്ന ഒരു ഭൂപടമുണ്ട്. മുപ്പത്തഞ്ചോളം വീടുകൾ മനോഹരമായി പെയിന്റ് ചെയ്ത് ഒരു മുറി, അല്ലെങ്കിൽ നിശ്ചയിക്കപ്പെട്ട സ്ഥലം വായനശാലയും ലൈബ്രറിയുമാക്കി മാറ്റി. ഗ്രാമത്തിലെ രണ്ടു കിലോമീറ്റർ ചുറ്റളവിലുള്ള വീടുകളിൽ നാടോടിസാഹിത്യം, കവിത, മതം, ചരിത്രം, പരിസ്ഥിതി, ആത്മകഥകൾ എന്നിങ്ങനെ വിവിധതരം പുസ്തകങ്ങളാണ് സജ്ജീകരിച്ചിരിക്കുന്നത്.

മനോഹരങ്ങളായ ചുവർച്ചിത്രങ്ങൾ ഈ 'വീട്ടുലൈബ്രറി'കളുടെ പ്രത്യേകതയാണ്. ഓരോ വീടിന്റെയും പുറംഭാഗങ്ങളിൽ അതതു വീടുകളിലെ പുസ്തകങ്ങളുടെ വിഭാഗങ്ങളനുസരിച്ചുള്ള വരവർണനകളുണ്ട്. സന്ദർശകർക്കു അവരുടെ അഭിരുചിക്കനുസൃതമായ പുസ്തകങ്ങൾ സ്റ്റോക്ക് ചെയ്തിരിക്കുന്ന വീട്ടിലേക്കു കടന്നുചെല്ലാം. വീടുകൾ തികച്ചും ഗ്രാമീണവും മനോഹരമായ അകത്തളങ്ങളോടുകൂടിയവയുമാണ്. വിശാലമായ വായനശാലകൾക്കുള്ളിലും പുറത്തും ഇരിപ്പിടങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ചായയും ലഘുഭക്ഷണവും വീട്ടുടമസ്ഥൻ നൽകും. പുസ്തകങ്ങൾ കൂടുതലും മറാത്തിയിലാണെങ്കിലും ഹിന്ദി, ഇംഗ്ലീഷ് പുസ്തകശേഖരങ്ങളും ചേർത്തിട്ടുണ്ട്. വീടിനുള്ളിൽ നിരവധി ബുക്ക്കേസുകളും മാഗസിൻ റാക്കുകളുമുണ്ട്.


പ്രധാന റോഡിൽനിന്നു സൗകര്യപ്രദമായ അകലത്തിലാണ് ഓരോ വീട്ടുലൈബ്രറിയും.

വീടുകൾ കണ്ടെത്താൻ എളുപ്പമാണ്. വർണാഭമായ സൈൻ ബോർഡുകളും മാപ്പുകളും ലഘുലേഖകളുമുണ്ട്. ഇഷ്ടപ്പെട്ട പുസ്തകവിഭാഗങ്ങളിലേക്ക് ഇവ നമ്മെ നയിക്കും. വീടുകൾ കൂടാതെ ഗ്രാമീണത പ്രദർശിപ്പിക്കുന്നതിനായി ചില വാണിജ്യസ്ഥലങ്ങളും ഹോട്ടലുകളും ക്ഷേത്രങ്ങളും അതിഥിമന്ദിരങ്ങളും സർക്കാർ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഗ്രാമത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ വളർച്ചാനിരക്കിൽ ഗണ്യമായ മുന്നേറ്റമാണ് സർക്കാർ രേഖപ്പെടുത്തിയിരിക്കുന്നത്.

മറാത്തിപ്പുസ്തകങ്ങളെ ജനകീയമാക്കാനും വായനശീലം പരിപോഷിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. അദ്ഭുതകരമായ ഈ സംരംഭം അനേകം സന്ദർശകരെ ആകർഷിക്കുന്നു. വീട്ടുലൈബ്രറികളിലെ ഫർണിച്ചറിന്റെയും പുസ്തകങ്ങളുടെയും സംരക്ഷകരായി ഈ പദ്ധതിയുടെ ഭാഗമാകാൻ ഈ കൊച്ചുഗ്രാമത്തിലെ താമസക്കാർ തയ്യാറാണ്. ഗവേഷണവിദ്യാർത്ഥികൾക്കും സഞ്ചാരികൾക്കും പതിവുകാഴ്ചകൾക്കപ്പുറം പുത്തൻ അറിവുകളും വാഗ്ദാനം ചെയ്യുന്ന പദ്ധതിയാണിത്.

■

# ദൈവം ചെരുപ്പുകടയിൽ



സി. എൽ. ജോസ്

നഗരമധ്യത്തിൽ നല്ല തിരക്കുള്ള സ്ട്രീറ്റിലെ ഒരു ചെരിപ്പുകട. വൈവിധ്യമാർന്ന ചെരിപ്പുകളും ഷൂകളും പല അളവിലും തരത്തിലും നിറത്തിലും ഷോക്കേസുകളിൽ നിറഞ്ഞിരിക്കുന്നു. അതിന്റെ ഭംഗിയാസ്വദിച്ചുകൊണ്ട് ഒരു സാധുബാലൻ കുറച്ചുനേരമായി ഫുട്പാത്തിൽ നിൽക്കുന്നു. പത്തുവയസ്സു കാണും.

അല്പം കഴിഞ്ഞപ്പോൾ പ്രൗഢമായ വേഷത്തിൽ കുലീനയായ ഒരു സ്ത്രീ ആ വഴി വന്നു. അവർ ആ ബാലനെ നോക്കിയെങ്കിലും കടന്നുപോയി. ഫുട്പാത്തിലൂടെ ധാരാളം ജനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്നുണ്ട്. അപ്പോഴും ബാലൻ ഷോക്കേസിൽതന്നെ കണ്ണും നട്ടു നിൽക്കുകയാണ്. അങ്ങനെ നിൽക്കാൻ തുടങ്ങിയിട്ടു സമയം കുറെയായി.

നേരത്തേ കടന്നുപോയ സ്ത്രീ അവരുടെ പർച്ചേസ് കഴിഞ്ഞ് അരമണിക്കൂറിനുശേഷം തിരിച്ചുവരുമ്പോഴും ആ ബാലൻ അവിടെത്തന്നെ നിൽക്കുന്നു. അവനെ സമീപിച്ച് അവർ കൗതുകത്തോടെ ചോദിച്ചു:



"മോനെന്താ ഇവിടെ നിൽക്കുന്നത്? നേരത്തേ ഞാൻ ഇതിലേ കടന്നുപോയപ്പോഴും നീ ഇവിടെ നിൽക്കുന്നുണ്ടായിരുന്നല്ലോ എന്താ കാര്യം?"

"ഞാൻ ദൈവത്തോട് എനിക്കു ഷൂ തരണേ എന്നു പ്രാർത്ഥിക്കുകയായിരുന്നു."

വിചിത്രമായ ആ പറച്ചിൽ കേട്ട് അവർ അദ്ഭുതപ്പെട്ടു.

"നീ പ്രാർത്ഥിക്കുകയായിരുന്നോ? ഷൂ കിട്ടാനോ?"

"അതേ. എന്റെ അമ്മ പറഞ്ഞിട്ടുണ്ട്, അത്യാവശ്യമുള്ള എന്തു ചോദിച്ചാലും നല്ലവനായ ദൈവം തരുമെന്ന്."

അപ്പോഴാണ് അവർ ആ പയ്യന്റെ കാലുകളിലേക്കു നോക്കിയത്. ആ കാലുകളിൽ ചെരുപ്പില്ല. ആ സ്ത്രീക്കു ബാലനോട് അനുകമ്പ തോന്നി.

"ഏതു ഷൂവാണ് മോനു വേണ്ടത്? മോൻ വാ!"

അവനെയുംകൂട്ടി അവർ കടയിലേക്കു കയറി. സെയിൽസ്മാനോട് ഈ കുട്ടിക്ക് ഒരു ജോടി ഷൂ വേണമെന്ന് ആവശ്യപ്പെട്ടു. ബാലൻ ചൂണ്ടിക്കാണിച്ച മനോഹരമായ ഷൂകൾ സെയിൽസുമാൻ ബാലന്റെ പാദങ്ങൾക്ക് ഇണങ്ങുംവിധം ഇട്ടുകൊടുത്തു. നടന്നുനോക്കാൻ പറഞ്ഞു. അവൻ അങ്ങുമിങ്ങും നടന്നുനോക്കി. നല്ല സുഖം. എന്തെന്നില്ലാത്ത സന്തോഷം ആ മുഖത്തു പൊട്ടിവിരിഞ്ഞു.

"മോന് ഇഷ്ടമായോ?"

"ഉവ്വ്. ഒരുപാട് ഇഷ്ടമായി." നിറഞ്ഞ സംതൃപ്തിയോടെ അവൻ മറുപടി പറഞ്ഞു. സ്ത്രീ സെയിൽസ്മാനോടു പറഞ്ഞു: "ഇതിന്റെ ബില്ലിട്ടോളൂ."

ബാലൻ അതിശയത്തോടെ ആ സ്ത്രീയെ ഉറ്റുനോക്കി. അവന്റെ പുറത്തുതട്ടി പുഞ്ചിരിയോടെ ആ നല്ല സ്ത്രീ പോകാനായി തുനിഞ്ഞപ്പോൾ, അവരുടെ കൈയിന്മേൽ പിടിച്ചു നിഷ്കളങ്കനായ ആ ബാലൻ ചോദിച്ചു:

"ആന്റീ!"

"എന്താ മോനെ?"

"ആന്റീ... ദൈവത്തിന്റെ ആരാ?"

ബാലന്റെ ചോദ്യം കേട്ട് ആ സ്ത്രീ വികാരാധീനയായി. ആ നയനങ്ങൾ നിറഞ്ഞുതുളുമ്പി. മറുപടിയായി ഒന്നും മിണ്ടാതെ, മിണ്ടാനാവാതെ അവന്റെ തലയിൽ വാത്സല്യപൂർവം തലോടിയശേഷം ഇറങ്ങിപ്പോയി.

അന്ന് ആ സ്ത്രീ തന്റെ വീട്ടിലെത്തിയതു ദൈവാനുഗ്രഹം വാരിനിറച്ച ഹൃദയവുമായിട്ടാണ്. ഷോപ്പിങ് കഴിഞ്ഞു തിരിച്ചു ചെന്നപ്പോൾ തന്റെ മക്കളോട് ആ സ്ത്രീ നടന്ന സംഭവം വിവരിച്ചു: "ഒട്ടും പ്രതീക്ഷിക്കാതെ ആ പാവം പയ്യന് ഷൂ കിട്ടിയപ്പോൾ അവന്റെ മുഖത്തെ സന്തോഷം ഒന്നു കാണണം."

അമ്മയുടെ സൽപ്രവൃത്തി സ്വന്തം മക്കളെയും സന്തോഷിപ്പിച്ചു. ഉള്ളവൻ ഇല്ലാത്തവനെ കൈയയച്ചു സഹായിക്കണമെന്നും സമ്പത്ത് ഉദാരമനസ്സോടെ പങ്കുവച്ചു ജീവിക്കണമെന്നുമുള്ള മഹത്തായ പാഠം ആ നല്ല അമ്മ സ്വന്തം മക്കളെ പരോക്ഷമായി പഠിപ്പിക്കുകയായിരുന്നു.

■

# നിലയ്ക്കാത്ത സംശയങ്ങൾ



ജോസ് വഴുതനപ്പിള്ളി

പത്രത്തിലോ ടിവിയിലോ നാം ഒരു കുറ്റകൃത്യത്തെക്കുറിച്ചു വായിക്കുന്നു വെന്നു വിചാരിക്കുക. അയാൾ ശരിക്കും കുറ്റവാളിയായിരിക്കുമോ അതോ നിരപരാധിയോ എന്നൊക്കെയുള്ള സംശയങ്ങൾ നമുക്കു തോന്നാം. റഷ്യ യുക്രെയ്ൻ ആക്രമിച്ചതു തെറ്റോ ശരിയോ? പഴയ കാലത്തു തന്റെ സാമ്രാജ്യമായിരുന്ന രാജ്യത്തെ വീണ്ടും കൂട്ടിച്ചേർക്കാനുള്ള ശ്രമം ന്യായീകരിക്കാനാകുമോ? അവിടെ നടന്ന കൂട്ടക്കൊലകൾക്കു റഷ്യ ഉത്തരവാദിയാണോ? ലവ് ജിഹാദ് എന്നു പറയുന്നതിൽ വല്ല സത്യവുമുണ്ടോ? അതോ അതൊക്കെ വെറുതെ സ്റ്റണ്ടാണോ? ഓർത്തഡോക്സുകാരാണോ ശരി അതോ യാക്കോബായക്കാരോ? ജനാഭിമുഖമായി വേണമോ കുർബാന അതോ അൾത്താരയ്ക്കഭിമുഖമോ? നമുക്ക് എക്കാലവും ഇത്തരം കുറെ സംശയങ്ങൾ ഉണ്ടാകും.

സംശയങ്ങൾ ഉണ്ടാകുമ്പോൾ അതേക്കുറിച്ചു യാതൊരു അവഗാഹവുമില്ലാതെ നാം ചിലപ്പോൾ അഭിപ്രായങ്ങൾ രൂപവത്കരിക്കാറുണ്ട്. ഒരിക്കൽ ഒരു പക്ഷം ചേർന്നാൽ പിന്നെ ആനപിടിച്ചാലും അവിടന്നു മുടിനാരിഴ അനങ്ങാത്തവരുണ്ട്. വലിയ കോപവികാരങ്ങളോടെ തന്നോട് എതിർക്കുന്നവരെ അവർ നേരിട്ടേക്കാം. വെട്ടിനിരത്തിയേക്കാം. അതൊന്നും അത്ര നല്ല കാര്യമല്ല. സ്വന്തമായി ഒരു അഭിപ്രായം നാം രൂപവത്കരിക്കണം; പക്ഷേ, അത് ധടുതിയിൽ ആവരുതെന്നുമാത്രം.

നമ്മുടെ ഗ്രഹണശക്തിയും പരീക്ഷണവും അവബോധവുമെല്ലാം അപൂർണങ്ങളാണ്. ബോഡി സ്പ്രേയ്ക്കു നല്ല സുഗന്ധമുണ്ട്. പക്ഷേ, അതു വായിൽ പോയാലോ, എന്താ സ്ഥിതി? ചില കാട്ടുപഴങ്ങൾ കണ്ടാൽ തുടുത്തു പഴുത്ത് ആകർഷകമായിത്തോന്നാം, പക്ഷേ, സാധനം വിഷമായിരിക്കും. അപ്പോൾ നമ്മുടെ ഇന്ദ്രിയങ്ങൾ നമുക്ക് ഒറ്റനോട്ടത്തിൽ പകർന്നുതരുന്ന ജ്ഞാനം എല്ലാം അപൂർണങ്ങളാണെന്നു നാം മനസ്സിലാക്കണം. അപ്പോൾ എന്താണു വേണ്ടത്? മെല്ലെ ആ വിഷയത്തെപ്പറ്റി ആവുന്നിടത്തോളം നിഷ്പക്ഷമായ അഭിപ്രായങ്ങൾ തേടുക; അതേപ്പറ്റി കൂടുതൽ അവഗാഹമായി പഠിക്കുക. അതുവരെ ഒരു പെൻഡുലംപോലെ നാം മനസ്സിനെ തുലനം ചെയ്തു നിർത്തണം. അപ്പോഴാണ് ഇരുഭാഗങ്ങളിൽ നിന്നുമുള്ള ശക്തമായ ചില വാദഗതികൾ വന്നുചേർന്ന് നമ്മുടെ മനസ്സിലെ സങ്കുചിതാവസ്ഥ മാറ്റി അവിടം പ്രകാശമാനമാക്കുക. ഉത്തരം കണ്ടെത്താൻ വൈകുമ്പോൾ നമ്മുടെ മനസ്സിൽ ഒരു ബാലൻസ് അനുഭവപ്പെടും. പ്രശാന്തതയും മനഃശ്ശാന്തിയും നമുക്കുണ്ടാകും. എല്ലാം അറിഞ്ഞശേഷം മതി അഭിപ്രായ രൂപവത്കരണം.

### മർക്കടമുഷ്ടികൾ

ആരാണീ മർക്കടമുഷ്ടികൾ? പ്രത്യക്ഷമായ ചില തെളിവുകളും ഊഹാപോഹങ്ങളും ആധാരമാക്കി ഇക്കൂട്ടർ പെട്ടെന്നൊരു തീരുമാനമെടുക്കും. ഞാനീ പക്ഷത്താണ് എന്നു പറയും. ചില അർദ്ധസത്യങ്ങളെ മുന്നിൽ വച്ചുകൊണ്ട് പലപ്പോഴും സ്വയം ആഗ്രഹിക്കുന്ന, മനസ്സിനു ചായ്വുള്ള വാദങ്ങളിലേക്കവർ ഒത്തുനിൽക്കും. സത്യാവസ്ഥയെ കാണാതെ പോവുക മാത്രമല്ല അവർ എതിരഭിപ്രായമുള്ളവരെ ഹീനമായ പെരുമാറ്റത്തിലൂടെ ആക്രമിക്കാനും തയ്യാറാകും. വിരുദ്ധാഭിപ്രായമുള്ളവരെ ശത്രുക്കളായി കാണാതെ നാം അവരോടൊപ്പം സഹവർത്തിത്വത്തിലായിരിക്കണം എന്ന സുവർണനിയമം അവർ വിസ്മരിച്ചുപോകും. പ്രത്യേകിച്ചു സഭാവഴക്കുകളുടെ കാര്യത്തിൽ വല്ലാത്തൊരു കാർക്കശ്യം വച്ചുപുലർത്തുന്ന അനേകംപേരെ നമുക്കു ചുറ്റിലും കാണാം.

### വിജ്ഞാനബുദ്ധികൾ

വിജ്ഞാനബുദ്ധികൾ അറിവ് അന്വേഷിക്കുന്നവരാണ്. സ്വയം പരീക്ഷണനിരീക്ഷണങ്ങൾ നടത്തി സാമാന്യജനങ്ങളുടെ ബുദ്ധിയിലുദിച്ച ആശയങ്ങളെ അവഗണിച്ചവരായിരുന്നു അന്നത്തെ ശാസ്ത്രജ്ഞന്മാർ. പെട്ടെന്ന് എടുത്തുചാടി വിധിയെഴുതിയവരെയെല്ലാം അവർ തോല്പിച്ചതായാണ് ചരിത്രം. പരിമിതികളെക്കുറിച്ചും പോരായ്മകളെക്കുറിച്ചും ബോധവാന്മാരാണിവർ.

മറ്റുള്ളവർ സ്ഥാപിച്ചുവച്ച ചില തത്ത്വങ്ങൾ സ്വന്തം മനസ്സിൽ അളന്നു തൂക്കി അതിന്റെ പോരായ്മകൾ കണ്ടെത്തി സ്വന്തം കണ്ടെത്തലുകൾ കൊണ്ട് അവരതു തിരുത്തിക്കുറിച്ചു. ശരിയായ സത്യവും യാഥാർത്ഥ്യവും എന്താണ് എന്നാണ് അവർ പരിശോധിച്ചത്. ഈ പ്രപഞ്ചത്തെക്കുറിച്ചും തത്ത്വചിന്തകളെക്കുറിച്ചും മതങ്ങളെക്കുറിച്ചുമെല്ലാം അവർ വേണ്ടതുപോലെ പഠിച്ച് അവരുടെ നീതിയുക്തമായ വാദങ്ങൾ നിരത്തി. പല ചിന്തകളും തിരുത്തിക്കുറിച്ചു.

വർത്തമാനകാലസംഭവങ്ങൾ നമുക്കു സൂക്ഷ്മമായി നിരീക്ഷിക്കാം. ദ്രുതഗതിയിൽ അഭിപ്രായങ്ങൾ രൂപവത്കരിക്കാതെ നമുക്ക് അതിന്റെ എതിർവാദമുഖങ്ങളെല്ലാം വിശകലനം ചെയ്തു പഠിച്ച ശേഷം മാത്രം കക്ഷിചേരാം. അതുവരെ ബാലൻസ് നിലനിറുത്താം; നിഷ്പക്ഷമതികളാകാം.

■



## ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# കൃഷീതരം



അതല്ലാത്തത് (മറ്റൊന്ന്) എന്നർത്ഥമുള്ള ഒരു വാക്കാണ് ഇതരം. കാർഷിക ഇതരം, പാഠ്യ ഇതരം, വന ഇതരം, മത ഇതരം എന്നിങ്ങനെ ഇതരം ഉത്തരപദമായി ചേർക്കുന്നു. ഘടകപദങ്ങൾ ചേർത്തെഴുതണമെന്നാണ് നിലവിലുള്ള നിയമം. കാർഷികേതരം, പാഠ്യേതരം, വനേതരം, മതേതരം എന്നെല്ലാമെഴുതണം. അ + ഇ = ഏ എന്നാണ് സന്ധിയുടെ യുക്തി. ഇതറിയാത്ത ചിലർ 'ഏതര'മാണ് ഉത്തരപദമെന്നു കരുതി, കൃഷിയേതരം, ജാതിയേതരം, വൈദ്യുതിയേതരം, പദ്ധതിയേതരം എന്നെല്ലാം എഴുതിവരുന്നു. കൃഷി ഇതരം, ജാതി ഇതരം, വൈദ്യുതി ഇതരം, പദ്ധതി ഇതരം എന്നിങ്ങനെ വേണം ഘടകപദങ്ങളെ പിരിച്ചെഴുതാൻ. മേൽപറഞ്ഞവയിൽനിന്നു വ്യത്യസ്തമായാണ് പൂർവ്വോത്തരപദങ്ങളെ സന്ധി ചെയ്യേണ്ടത്. ഇ+ഇ=ഈ എന്നാണ് ഇവിടുത്തെ സന്ധികാര്യം. അപ്പോൾ കൃഷീതരം, ജാതീതരം, വൈദ്യുതീതരം, പദ്ധതീതരം എന്നിങ്ങനെ ശരിയായ സമസ്തപദങ്ങൾ ഉണ്ടാകുന്നു.

അ +ഇ = ഏ; ഇ + ഈ = ഈ എന്നിവ സംസ്കൃതത്തിലെ ഗുണസന്ധിയാണ്. സംസ്കൃതതത്സമങ്ങളെ ഒറ്റപ്പദമാക്കേണ്ടിവരുമ്പോൾ ഈ നിയമമാണ് പൊതുവെ അനുവർത്തിക്കുന്നത്. എന്നാൽ, ഇത്തരം സന്ദർഭങ്ങളിൽ മലയാളസന്ധിയോട് പൊരുത്തപ്പെടുത്തുന്ന പ്രവണതയും കണ്ടുവരുന്നു. രണ്ടു സ്വരങ്ങൾക്കിടയിൽ യ/ വ ഇവയിലൊന്ന് ചേർത്ത് വിസന്ധിദോഷം പരിഹരിക്കുന്നതാണ് മലയാളത്തിന്റെ രീതി. കൃഷി + ഇതരം, സംസ്കൃതരീതിയനുസരിച്ച് സന്ധി ചെയ്യുമ്പോൾ കൃഷീതരവും മലയാളരീതിയനുസരിച്ചു ചേർക്കുമ്പോൾ കൃഷിയിതരവും ആകുന്നു. കൃഷി + ഇതരം = കൃഷിയിതരം. പൂർവ്വസ്വരം (ഇ) താലവ്യമായതിനാൽ യകരം ആഗമിച്ചു എന്നു മനസ്സിലാക്കണം. സംസ്കൃതനിയമത്തോടും മലയാളനിയമത്തോടും ഇണങ്ങാത്ത 'കൃഷിയേതര'ത്തെ വർജിക്കുകതന്നെ വേണം. എന്നാൽ സംസ്കൃത - മലയാളസന്ധിനിയമങ്ങളെ അവഗണിച്ച് കൃഷി ഇതരം, മത ഇതരം എന്നെല്ലാം അകലമിട്ട് എഴുതുന്ന പ്രവണത നാൾക്കുനാൾ വർദ്ധിച്ചുവരുന്നുണ്ട്. അത് ആശാസ്യമായ കാര്യമല്ല. ഇനി, പിടിവിട്ട് എഴുതണമെന്നു നിർബന്ധമുള്ളവർക്ക്, നടുവിൽ ബന്ധരേഖ ചേർത്ത്, പദ്ധതി - ഇതരം മത - ഇതരം എന്നിങ്ങനെ എഴുതുന്നത് നന്ന് എന്നൊരു നിരീക്ഷണം നാരായണൻ വി.കെ. നടത്തിയിട്ടുണ്ട്. * ഇത് എത്ര പേർ സ്വീകരിക്കണമെന്നു കണ്ടറിയണം.

* നാരായണൻ , വി.കെ.; വാക്കിന്റെ ഇരുളും പൊരുളും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020, പുറം - 66.

## ഷെവലിയർ അഡ്വ. വി.സി. സെബാസ്റ്റ്യൻ സി.ബി.സി.ഐ. ലെയ്റ്റി കൗൺസിൽ സെക്രട്ടറി



ന്യൂഡൽഹി: കാത്തലിക് ബിഷപ്സ് കോൺഫെറൻസ് ഓഫ് ഇന്ത്യ (സിബിസിഐ)യുടെ ലെയ്റ്റി കൗൺസിൽ സെക്രട്ടറിയായി ഷെവലിയർ അഡ്വ. വി. സി. സെബാസ്റ്റ്യൻ വീണ്ടും നിയമിതനായി. ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളജ് ഓഡിറ്റോറിയത്തിൽ ചേർന്ന സിബിസിഐയുടെ 142-ാമത് സ്റ്റാൻഡിങ് കമ്മിറ്റിയാണ് സെബാസ്റ്റ്യനെ വീണ്ടും നിയമിച്ചത്. 2025 ഒക്ടോബർ 14 വരെയാണ് കാലാവധി.

ഇൻഡ്യൻ ഫാർമേഴ്സ് മൂവ്മെന്റ് (ഇൻഫാം) ദേശീയ സെക്രട്ടറി ജനറലും, സ്വതന്ത്ര കർഷകപ്രസ്ഥാനങ്ങളുടെ ദേശീയ ഐക്യവേദിയായ രാഷ്ട്രീയ കിസാൻ മഹാസംഘിന്റെ സൗത്ത് ഇന്ത്യ കൺവീനറും, കേരള കാത്തലിക് എഞ്ചിനിയറിങ് കോളജ് മാനേജ്മെന്റ്സ് അസോസിയേഷന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയുമാണ് വി.സി. സെബാസ്റ്റ്യൻ.

ഇന്ത്യയിലെ 174 രൂപതകളിലായുള്ള ലാറ്റിൻ, സീറോ മലബാർ, സീറോ മലങ്കര റീത്തുകളിൽപെട്ട കത്തോലിക്കാ വിശ്വാസിസമൂഹത്തെ സഭയുടെ മുഖ്യധാരയിൽ കോർത്തിണക്കി ശക്തിപ്പെടുത്താനുള്ള ഭാരത കത്തോലിക്കാസഭയുടെ ഉപദേശകസമിതിയാണ് സിബിസിഐ ലെയ്റ്റി കൗൺസിൽ.

# മലയാളത്തിന്റെ ഓർഫ്യൂസ്

## ഒക്ടോബർ 10
## ചങ്ങമ്പുഴയുടെ 111-ാം ജന്മദിനം



ഡോ. സി. തെരേസ് ആലഞ്ചേരി SABS


"കൂടല്ലൂരിൽ അന്ന് ഒരു 'രമണൻ' മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു ദിവസം മുഴുവൻ യാത്ര ചെയ്ത് ഞാൻ ഏട്ടത്തിയമ്മയുടെ വീട്ടിലെത്തി. മെഴുകുതിരിവെട്ടത്തിൽ പുസ്തകം മുഴുവൻ വായിച്ചുതീർത്തു. പിറ്റേന്ന് അത്രയും ദൂരം നടന്നു ഞാൻ വീട്ടിലെത്തി." മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ എം ടി വാസുദേവൻനായരുടേതാണ് ഈ വാക്കുകൾ. ചങ്ങമ്പുഴ എന്നത് ഒരു വ്യക്തിയുടെ പേരല്ല; മറിച്ച്, ഒരു കാലഘട്ടത്തെ വലയം ചെയ്ത സർഗശേഷിയുടെ പേരാണ്. ഏതു സന്ദർഭത്തെയും അതിസുന്ദരമായ വാക്കുകളിൽ ചേർത്തുവച്ച് കവിതയാക്കാൻ ചങ്ങമ്പുഴയ്ക്കു നിഷ്പ്രയാസം കഴിഞ്ഞിരുന്നു. പ്രൗഢമായ വാക്കുകൾകൊണ്ട് ആലേഖനം ചെയ്യുന്ന വരികൾക്കു പിന്നാലെ ദുർബലമായ പദങ്ങൾ ഉപയോഗിച്ച് എഴുതാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. 'ബഹുഭാവവ്യഗ്രമായ തീവ്രകാല്പനികതയാണ് ചങ്ങമ്പുഴയുടെ കവിതകൾ' എന്ന് ഡോക്ടർ കെ. അയ്യപ്പപ്പണിക്കർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മനുഷ്യാവസ്ഥയുടെ വൈരുധ്യങ്ങളെ അദ്ദേഹം തന്റെ കവിതയിൽ അടയാളപ്പെടുത്തി. അനുഭവങ്ങളെ കവിതയാക്കുക എന്നതിനെക്കാൾ കവിതയെ അനുഭവമാക്കാനാണ് അദ്ദേഹം ശ്രമിച്ചത്. 'വാഴക്കുല' എന്ന കവിത നോക്കുക: ഒരു വ്യക്തിയുടെ, കുടുംബത്തിന്റെ, മോഹങ്ങളും സ്വപ്നങ്ങളും വെട്ടിനിരത്തിയ വ്യവസ്ഥാപിതസമൂഹത്തെയാണ് വാഴക്കുലയിൽ അദ്ദേഹം നേരിടുന്നത്. ജന്മി-കുടിയാൻ വ്യവസ്ഥിതിയിലെ കുടിയാന്റെ സഹനപർവങ്ങൾ ജന്മിത്തം അവസാനിച്ചിട്ടും മലയാളിയുടെ മനസ്സിൽ ഇപ്പോഴും ഒരു വിങ്ങലായി നിലകൊള്ളുന്നു. അത്രയധികം ശക്തിയുള്ളതായിരുന്നു ആ വരികൾ.

"മലയപ്പുലയനാ മാടത്തിൻ മുറ്റത്ത്
മഴവന്ന നാളൊരു വാഴ നട്ടു.
മനതാരിലാശകൾപോലതിലോരോരോ
മരതകക്കൂമ്പു പൊടിച്ചു വന്നു
അരുമക്കിടാങ്ങളിലൊന്നായതിനെയും-
മഴകിപ്പുലക്കള്ളിയോമനിച്ചു."

അവസാനഭാഗത്തെത്തുമ്പോൾ...

"അവശന്മാരാർത്തന്മാരാലംബഹീനന്മാ-
രവരുടെ സങ്കടമാരറിയാൻ?
പണമുള്ളോർ നിർമ്മിച്ച നീതിക്കിതിലൊന്നും
പറയുവാനില്ലേ? ഞാൻ പിൻവലിച്ചു"

എന്നു വികാരഭരിതനായി കവി രോഷംകൊള്ളുന്നു. ഒരാൾ എന്തായിരിക്കാനാഗ്രഹിക്കുന്നുവോ അതായി നിലകൊള്ളാൻ അനുവദിക്കാത്ത ഈ സമൂഹം, ഈ ലോകം തന്നെ വേട്ടയാടുന്നു എന്നാണ് ചങ്ങമ്പുഴ പറഞ്ഞിട്ടുള്ളത്. ഇന്ത്യൻ സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ടിരുന്ന തീപിടിച്ച ഒരുകാലത്ത് അദ്ദേഹം കാല്പനികനായി പ്രണയകാവ്യങ്ങൾ രചിച്ചു എന്നറിയുമ്പോൾ, അന്തഃസംഘർ



ഷങ്ങളുടെ കാർമേഘങ്ങൾ ഒരു മഴപ്പെയ്ത്തുപോലെ കേരളമണ്ണിൽ പതിച്ചതാവാം ആ കാവ്യങ്ങൾ എന്നുവേണം അനുമാനിക്കാൻ. വാഴക്കുലയിൽ നാടുവാഴിത്തത്തോടു കലഹിച്ച കവി പിന്നീട്, സ്പന്ദിക്കുന്ന അസ്ഥിമാടത്തിലും മനസ്വിനിയിലും ആധുനികമായ പ്രണയത്തെയാണ് ആവിഷ്കരിച്ചത്. "ഒരു പകുതി പ്രജ്ഞയിൽ നിഴലും നിലാവും/ ഒരുപകുതി പ്രജ്ഞയിൽ കരിപൂശിയ രാവും" ഈ വരികൾ വായിച്ചുപോകുമ്പോൾ ഒരു തത്ത്വജ്ഞാനിയെ നാം കണ്ടുമുട്ടുന്നുണ്ട്. ജീവിതത്തിന്റെ കറുത്തവാവുകൾക്കിടയിലും നിലാവു പെയ്യുന്ന അവസ്ഥയുണ്ട് എന്ന ഒരു പ്രതീക്ഷ ചങ്ങമ്പുഴ കവിതയിൽ ലോകത്തിനു നൽകുന്നു. അതുകൊണ്ട് ചങ്ങമ്പുഴ തീർത്തും ഒരു വിഷാദകവി എന്നു പറയാൻ കഴിയില്ല; മറിച്ച്, ജീവിതത്തെ ജീവിതംകൊണ്ടു നേരിടാനും ജീവിതത്തെ ജീവിച്ചു നേടിയെടുക്കാനുമാണ് അദ്ദേഹം ശ്രമിച്ചത്.

ചങ്ങമ്പുഴയുടെ കവിതകളിൽ ശോകം ഒരു പ്രധാനപ്പെട്ട വിഷയമാണ്. ആദികാവ്യമായ രാമായണത്തിന്റെ സൃഷ്ടിയും ശോകത്തിൽനിന്നായിരുന്നല്ലോ. ശോകഃ ശ്ലോകത്വമാഗതഃ എന്നാണ് ആനന്ദവർധനൻ ധ്വന്യാലോകത്തിൽ പറഞ്ഞുവയ്ക്കുന്നത്. മലയാളസാഹിത്യത്തിൽ ശോകത്തെ ഉപാസിച്ച രണ്ടു കവികളാണ് മഹാകവി കുമാരനാശാനും ചങ്ങമ്പുഴ കൃഷ്ണപിള്ളയും. ദുഃഖത്തിന്റെ കഥ പറയുന്ന കവിതകൾ കേരളീയമനസ്സുകളിൽ രോമാഞ്ചം അണിയിച്ചിരുന്നുവെന്നതാണ് സത്യം. ഉൾക്കനമുള്ള എല്ലാ കവിതകളുടെയും അന്തർധാര കണ്ണീരാണ്. ഹൃദയത്തിന്റെ അറിയപ്പെടാത്ത മേഖലകളിൽ എവിടെയോ ഉറങ്ങിക്കിടക്കുന്ന സർഗശക്തിയെ പെട്ടെന്നു തട്ടിയുണർത്തുന്ന വികാരം ദുഃഖമാണ്. "ദുഃഖം ചിന്തയുടെ മിത്രം/ സുഖം ചിന്തയുടെ ശത്രു" എന്നാണ് വിക്ടർ ഹ്യൂഗോ പറയുന്നത്. ആശാൻ 'ചിന്താവിഷ്ടയായ സീത'യിൽ പ്രതിപാദിക്കുന്നതും അതുതന്നെ. "വ്യഥപോലറിവോതിടുന്ന സൽഗുരുവും മർത്ത്യനു വേറെയില്ലതാൻ." സങ്കടങ്ങൾ മനുഷ്യനെ വിവേകിയും ജ്ഞാനിയും ആക്കുന്നുവെന്ന് ഈ കവികൾ ലോകത്തോടു പ്രഖ്യാപിക്കുകയാണ്.

ചങ്ങമ്പുഴ കവിതയെഴുത്തു നിർത്തണമെന്നു പറഞ്ഞവരുണ്ട്. ദുഃഖത്തെ ഉപാസിക്കുന്നതുകൊണ്ടാണ് പലരും അദ്ദേഹത്തെ തടഞ്ഞത്. എന്നാൽ, കരയുന്നതൊക്കെയും ഭീരുത്വമാണോ അലറുന്നതൊക്കെയും ധൈര്യമാണോ എന്ന മറുചോദ്യംകൊണ്ട് അദ്ദേഹം പുതിയ കവിത സൃഷ്ടിച്ച് അവരെ എതിരിടുകയാണു ചെയ്തത്. ഭാഷയുടെ മൊഴിച്ചന്തം അത്രയും പുറത്തെടുത്ത് രസാനുഭവത്തിന്റെ തലത്തിലേക്കു വായനക്കാരനെ ഉണർത്തുന്ന കവിതകളാണ് ചങ്ങമ്പുഴയുടേത്. ആത്മാവിന്റെ ഞരമ്പുകളിൽ കവിതയ്ക്കു മാത്രം നീരൊഴുക്കുള്ള അപൂർവം കലാകാരന്മാരിൽ ഒരാളാണ് ചങ്ങമ്പുഴ. മഹാസമുദ്രത്തിന്റെ ആത്മരഹസ്യങ്ങളെ ഒരു ജലകണം ആവാഹിച്ചതുപോലെ താരതമ്യേന ചെറിയൊരു ആയുസ്സിൽ ചങ്ങമ്പുഴ എഴുതിയ വരികൾ ആത്മാവ് പിഴിഞ്ഞുണ്ടാക്കിയ മുന്തിരിച്ചാറുതന്നെ. "കാനനച്ഛായയിൽ ആടുമേയ്ക്കാൻ ഞാനും വരട്ടെയോ നിന്റെകൂടെ" (രമണൻ). കേരളത്തിന്റെ പശ്ചാത്തലത്തിൽ ആടുമേയ്ക്കൽ ഇല്ലെങ്കിലും ഇതെന്തു കവിത എന്നു പറഞ്ഞ് ആരും അതിനെ നിരസിച്ചില്ല; മറിച്ച്, തങ്ങൾക്കു പരിചയമില്ലാത്ത ഒരു സാഹചര്യത്തെ തങ്ങളുടെതന്നെ അനുഭവവും അനുഭൂതിയുമാക്കി മാറ്റുകയാണ് മലയാളി ചെയ്തത്. അങ്ങനെ രമണൻ മലയാളിയുടെ നെഞ്ചിൽ ഇടംനേടി, ഒരു സമൂഹത്തിന്റെ കാവ്യമായി മാറുകയായിരുന്നു. രമണൻ ഒരു സമൂഹത്തിലെ കുപിതയൗവനങ്ങളുടെ, പ്രതീക്ഷകളുടെയും സ്വപ്നങ്ങളുടെയും പ്രേമത്തിന്റെയും പ്രേമഭംഗത്തിന്റെയും ഭീതിയുടെയും വൈകാരികാനുഭവങ്ങളുടെയും കാവ്യമായി മാറി. ഏതുകാലത്തും ദേശത്തുമുള്ള മനുഷ്യന്റെ പ്രേമാഭിലാഷങ്ങളുടെ നിത്യഭാസുരമായ പ്രതീകമായി രമണൻ പരാവർത്തനം ചെയ്തിരുന്നു. താൻ കാണുന്ന തന്നിൽനിന്ന് തന്റെ പ്രേമഭാജനം കാണുന്ന തന്നിലേക്കും തന്റെ സുഹൃത്തുക്കൾ കാണുന്ന തന്നിൽനിന്ന് വിദൂരഭാവിയിലെ വായനക്കാർ കാണുന്ന തന്നിലേക്കും ശ്രദ്ധതിരിയുമ്പോൾ കാണുന്ന സ്വത്വം അദ്ദേഹം കാണാനാഗ്രഹിച്ച സ്വത്വംതന്നെയാണ്. അതുകൊണ്ടാകാം തന്റെ നായികയുടെ മനസ്സിൽകൂടി അദ്ദേഹം തന്നെ വീണ്ടെടുത്തുകൊണ്ട് എഴുതുന്നത്. 'ഒന്നുമെനിക്കു വേണ്ട മൃദുചിത്തത്തിലെന്നെക്കുറിച്ചുള്ളോരോർമകൾ മാത്രംമതി' എന്ന്. അന്ത്യനാളുകളിൽ പ്രാണൻ മുറിയുന്ന നേരത്തും അദ്ദേഹം എഴുതി: "വേദന വേദന ലഹരി പിടിക്കും വേദന/ മുഴുകട്ടെ മമ ജീവനിൽനിന്നൊരു/ മുരളീമൃദുരവമൊഴുകട്ടെ." ആത്മദുഃഖത്തെ അസാധാരണമായ ചമത്കാരത്തോടെ ആവിഷ്കരിച്ച ചങ്ങമ്പുഴ കാവ്യാനുഭൂതിയിൽ മലയാളിയെ കുളിരണിയിച്ച ഗാനഗന്ധർവൻ കൂടിയാണ്.

■

## ദേവാങ്കണം

11-ാം പേജ് തുടർച്ച

"എന്റെ ആത്മാവ് സൗഖ്യം പ്രാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ഇതുതന്നെ." ദേവസഹായം പറഞ്ഞു. "എനിക്ക് അല്പനേരം പ്രാർത്ഥിക്കാനുള്ള അനുവാദം വേണം." ഭടന്മാർ സമ്മതിച്ചു.

ദേവസഹായം നിലത്തു മുട്ടുകുത്തി. കണ്ണുകളടച്ചു. ഒരു മിഴിനീർച്ചോലപോലെ ജനനം മുതൽ മരണംവരെയുള്ള യേശുനാഥന്റെ പുണ്യയാനം ദേവസഹായത്തിലൂടെ ഒഴുകിപ്പോയി.

പിന്നെയവർ ദേവസഹായത്തെ കാറ്റാടിമലയിലെ ഉയരമുള്ള ഒരു പാറപ്പുറത്ത് കയറ്റിനിറുത്തി. അപ്പോൾ ആറാം മണിക്കൂറായിരുന്നു.

പാറയ്ക്കു താഴെനിന്ന് മൂന്നു ഭടന്മാർ ദേവസഹായത്തെ ലക്ഷ്യമാക്കി നിറയൊഴിച്ചു. മൂന്നും ലക്ഷ്യം തെറ്റിയില്ല. ദേവസഹായം പാറമേൽനിന്ന് മറിഞ്ഞു താഴെ വീണു.

അദ്ദേഹത്തിന്റെ ജീവൻ നഷ്ടപ്പെട്ടില്ല എന്നു കണ്ട ഭടന്മാർ രണ്ടു തോക്കുകൾകൂടി നിറച്ച് അദ്ദേഹത്തിനു നേരേ പ്രയോഗിച്ചു. അതും ലക്ഷ്യം കണ്ടു.

മങ്ങിത്തുടങ്ങുന്ന കാഴ്ചയിലൂടെ ദേവസഹായം കണ്ടു. സന്ധ്യാകാശത്ത് അഞ്ചു നക്ഷത്രങ്ങൾ... ചോരച്ചുവപ്പുള്ള അഞ്ചു നക്ഷത്രങ്ങൾ...

പിന്നെ സാവധാനം രക്തച്ചുവപ്പുള്ള നക്ഷത്രങ്ങളും സന്ധ്യാംബരങ്ങളും ദേവസഹായത്തിന്റെ കണ്ണുകളിൽനിന്നു മാഞ്ഞുപോയി.

(അവസാനിച്ചു)



Deepanalam Weekly

RNI No : 16998/68
Vol. 55 No. 32 Date of Publication 13 Oct 2022
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ പാലാ കിഴതടിയൂർ പള്ളിയിൽ

**വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ**

**2022 ഒക്ടോബർ 19 ബുധൻ മുതൽ 28 വെള്ളി വരെ**



തിരുനാൾ ദിവസങ്ങളിൽ 5.30 am, 7 am, 10 am, 12 noon, 3 pm, 5 pm, 7 pm എന്നീ സമയങ്ങളിൽ വി. കുർബാന, നൊവേന

**പ്രധാന തിരുനാൾ 2022 ഒക്ടോബർ 28 വെള്ളി**

10.00 a.m. ആഘോഷമായ തിരുനാൾ കുർബാന
മാർ ജോസഫ് കല്ലറങ്ങാട്ട് [പാലാ രൂപത മെത്രാൻ]

12.00 noon ആഘോഷമായ തിരുനാൾ പ്രദക്ഷിണം
നൊവേന, തിരുശേഷിപ്പിന്റെ ആശീർവാദം

തിരുനാൾ ദിവസങ്ങളിൽ അരിസമർപ്പണനേർച്ച നടത്തുന്നതിനും വിശുദ്ധന്റെ തിരുശേഷിപ്പു വണങ്ങുന്നതിനും 25, 26, 27, 28 (ചൊവ്വാ, ബുധൻ, വ്യാഴം, വെള്ളി) ദിവസങ്ങളിൽ കഴുന്ന് എഴുന്നള്ളിക്കുന്നതിനും പ്രത്യേകം സൗകര്യമുണ്ടായിരിക്കും.

എല്ലാ ചൊവ്വാഴ്ചകളിലും 5.30 am, 7 am, 10 am, 12 noon, 3 pm, 5 pm, 7 pm എന്നീ സമയങ്ങളിൽ വി. കുർബാനയും നൊവേനയും ഉണ്ടായിരിക്കും.

പ്രാർത്ഥനാനിർഭരമായ തിരുനാൾ ആശംസകൾ

**വൈപ്പന ദന്താശുപത്രി, പാലാ**

PHONE : 04822-212015 (Off.), 205168, 205282 (Res.)
Working Time : 9.00 a.m. - 2.00 p.m.

Dr. Alex Abraham Bsc. B.D.S.
Dr. Mrs. Thresiamma Alex B.D.S.
Dr. Joseph Sebastian B.D.S., MDS (Ortho)

തിരുനാൾ ആശംസകൾ

**സന്ധ്യാ ബേക്കേഴ്സ്** — പാലാ – ഭരണങ്ങാനം, Mob: 9447210221

**സന്ധ്യാ കേറ്ററേഴ്സ്** — പാലാ – തൊടുപുഴ Ph: 04822- 210331, Mob:9495210331

**Edimannickal**
FASHION JEWELLERY

0% EXCHANGE OFFER
പഴയ 22ct സ്വർണ്ണാഭരണങ്ങൾ മാറ്റിവാങ്ങാം വിലയിലോ തൂക്കത്തിലോ കുറവ്വരാതെ

50% OFF
സ്വർണ്ണാഭരണങ്ങളുടെ പണിക്കൂലിയിൽ 50% വരെ കുറവ്

UP TO 10,000 OFF
ഒരു ലക്ഷം രൂപയുടെ ഡയമണ്ട് പർച്ചേസുകൾക്ക് 10000 രൂപ വരെ ഡിസ്കൗണ്ട്

ഈ ഓഫർ 2022 ഒക്ടോബർ 15 വരെ മാത്രം

Edimannickal Fashion Jewellery,
Edimannickal Building, Opp KSRTC Bus Stand,
Pala - Thodupuzha Road, Pala, Ph : 04822 214875,216875




PALA ▪ KANJIRAPPALLY ▪ MUNDAKAYAM ▪ MUKKOOTTUTHARA

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575. Editor - Fr. Kurian Thadathil *Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org